# അൽ മുഹദ്ദിസൂൻ:

## ആധുനിക ഹദീസ് പണ്ഡിതന്മാർ

അൽ മുഹദ്ദിസൂൻ

*al muhaddisun*

**Department of Hadith and Related sciences**
DHIC Kannadipparamba

**Language**
Malayalam

**First Edition**
January, 2023

Copy: 1000

**Cover&Layout**
Naseem Onapparamba

Printed at:
**Geethanjali Press**

© Rights Reserved with publishers

**Rs. 100/-**

**Hasanath Publishers**
Darul Hasanath Islamic College
Hasanath Nagar, Niduvat, Kannadipparamba, Kannur,
Kerala, India, 670601
hasanathhadith@gmail.com

# പ്രസാധകക്കുറിപ്പ്

കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോളേജിലെ ഹദീസ് ഡിപാർട്ട്മെന്റ് പുറത്തിറക്കുന്ന പ്രഥമ ഗ്രന്ഥമാണ് ' അൽ മുഹ ദ്ദിസൂൻ'.

വിശുദ്ധ ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നായ ഹദീസ് അഥവാ മുഹമ്മദ് നബി (സ)യുടെ വാക്ക്, പ്രവർത്തി, മൗനാനു വാദം എന്നിവ കൃത്യതയോടെ സംരക്ഷിക്കാൻ ജീവിതം ഉഴിഞ്ഞു വെച്ച അനേകായിരം പണ്ഡിത പ്രതിഭകൾ എക്കാലത്തുമുണ്ടായിരുന്നു. വെല്ലു വിളികളെ അതിജീവിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഹദീസ് വി ജ്ഞാനീയങ്ങളും ഹദീസും വ്യാപിപ്പിക്കാൻ അവർക്ക് സാധ്യമായി.

സ്വൽപ ശേഷിയായ മനുഷ്യൻ, അതിൽ തന്നെ അൽപജ്ഞാനി കളായ വിദ്യാർത്ഥികൾ, നമ്മുടെ പ്രസാധനത്തിന്റെ അവലംബം വിവിധ മാണ്, ബാധ്യത പലരോടുമാണ്. പക്ഷേ പറഞ്ഞു തീർക്കാൻ കഴിയില്ല, വരച്ചൊതുക്കിയാൽ തീരില്ല, ഉപചാര വാക്കുകളിലൊതുക്കുന്നില്ല. പ കരം ഇഹപര വിജയത്തിനായി പ്രാർത്ഥിക്കുന്നു. പ്രത്യേകിച്ച് പുസ്തക ത്തിനും പ്രസാധകർക്കും സർവ്വവിധ ആശംസകളും നേർന്ന ഉസ്താദു മാർ, ഇതിന് വേണ്ടി പ്രവർത്തിച്ച വിദ്യാർത്ഥികൾ. ഇവരോടുള്ള കടപ്പാ ടുകൾ പറഞ്ഞാൽ തീരില്ല.

അൽ മുഹദ്ദിസൂൻ എന്ന ഈ ഗ്രന്ഥം ആധുനിക യുഗത്തിലെ

ഏതാനും ഹദീസ് പണ്ഡിതരുടെ ജീവചരിത്രം ഹ്രസ്വമായി വിവരിക്കാനുള്ള എളിയ ശ്രമത്തിന്റെ ഭാഗമാണ്. സർവ്വ ശക്തനായ നാഥൻ ഈ സദുദ്യമം സ്വീകരിക്കട്ടെ.

**-പ്രസാധകർ**

വന്ദ്യഗുരു മർഹൂം ഖാളി സയ്യിദ്
ഹാശിം ബാഅലവി കുഞ്ഞി തങ്ങളുടെയും
പ്രിയ സുഹൃത്ത് മർഹൂം സ്വാലിഹിന്റെയും
പാവന സ്മരണയ്ക്ക് മുന്നിൽ
സമർപ്പിക്കുന്നു...

# ആമുഖം

വിശുദ്ധ ഖുർആനും പരിശുദ്ധ ഹദീസും മാനവരാശിയുടെ മാർ ഗദർശനത്തിനായി ദയാലുവായ അല്ലാഹു കനിഞ്ഞേകിയ രണ്ട് അനുഗ്ര ഹങ്ങളാണ്. പ്രവാചകത്വ (നുബുവ്വത്ത്) ലബ്ധിക്കു ശേഷം തനിക്ക് ലഭ്യ മായ 23 ഹിജ്റ വർഷങ്ങൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തിയ തിരു നബി (സ്വ), അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങൾക്ക് കൈമാറി.

പ്രവാചകാധ്യാപനങ്ങൾ കൃത്യമായി ശ്രദ്ധിച്ച സ്വഹാബ കാര്യ ഗൗരവത്തോടെയും പൂർണ്ണ ബഹുമാനത്തോടെയും അടുത്ത തലമുറക്ക് കൈമാറി. സ്വഹാബത്തിന്റെ കാലശേഷം താബിഉകളിൽ നിരവധിപേർ ഹദീസിന്റെ വാഹകരായി നിലകൊണ്ടു. ഇസ് ലാമിക സാമ്രജ്യത്തിന്റെ വിസ്തൃതി വർദ്ധിച്ചതോടെ വിവിധ നാടുകളിലേക്ക് സത്യസന്ദേശങ്ങ ളുമായി സ്വഹാബാക്കളും താബിഉകളും യാത്ര തിരിച്ചു. അവിടങ്ങളിൽ ഖുർആനും ഹദീസും പ്രസരണം ചെയ്തു. ഖുർആനും ഹദീസുകളും തനതായ രൂപത്തിൽ കൈമാറാൻ അവർ ബദ്ധശ്രദ്ധ പുലർത്തുകയും ചെയ്തു.

കാലം കഴിയുന്തോറും ഹദീസിന്റെ സംരക്ഷണത്തിനും പ്രാധാ ന്യമേറി വന്നു. അതിന്റെ തനിമയെ കളങ്കപ്പെടുത്തുന്നവയെ മാറ്റി നിർ ത്താൻ ഹദീസ് പണ്ഡിതന്മാർ നിർബന്ധിതരായി. രിജാൽ, മത്ന്, സനദ് തുടങ്ങിയ വിഷയങ്ങൾ സസൂക്ഷമം കൈകാര്യം ചെയ്യപ്പെട്ടു. ഹദീസു കൾ സ്വീകരിക്കുന്നതും കൈകാര്യം ചെയ്യുന്നതും തികഞ്ഞ ശ്രദ്ധയോ ടെയാവണമെന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് മുഹമ്മദ് ബിൻ സീ രീനി (റ)ന്റെ വാക്കുകൾ, അദ്ദേഹം പറഞ്ഞു: “ഈ വിജ്ഞാന മേഖല (ഹദീസ്) ദീനാണ്. നിങ്ങളുടെ ദീനിനെ ആരിൽ നിന്നൊക്കെയാണ് നിവേദനം ചെയ്യുന്നതെന്ന് നിങ്ങൾ ശ്രദ്ധിക്കുക”.

ഇമാം മുഹമ്മദ് ബിൻ ഇസ്മാഈൽ അൽ ബുഖാരി, ഇമാം മുസ്

ലിം ബിൻ ഹജ്ജാജ്, ഇമാം അഹ്മദ് ബിൻ ശുഐബ് അൽ നസാഈ, ഇമാം അബൂ ദാവൂദ് സുലൈമാൻ ബിൻ അശ്അസ്, ഇമാം മുഹമ്മദ് ബിൻ യസീദ് ബിൻ മാജ, ഇമാം മുഹമ്മദ് ബിൻ ഈസ അൽ തിർമുദി, ശുഅ്ബത്തു ബിൻ ഹജ്ജാജ്, സുഫ്യാനു സൗരി, വകീഅ് ബിൻ ജർ റാഹ്, അബ്ദുറഹ്മാൻ ബിൻ മഹ്ദി, യഹ്യ ബിൻ സഈദിൽ ഖത്താൻ, സുഫ്യാനു ബിൻ ഉയയ്ന തുടങ്ങിയ വിശ്വ പണ്ഡിത നിരകൾ ഹദീസ് ജ്ഞാന രംഗത്ത് ഉയർന്നു വന്നു. ഹിജ്റ രണ്ട്-മൂന്ന് നൂറ്റാണ്ടുകളായി ഹദീസ് ക്രോഡീകരണത്തിന് പണ്ഡിതന്മാർ മുന്നോട്ട് വന്നു. സ്വഹീഹുൽ ബുഖാരി, സ്വഹീഹു മുസ്ലിം തുടങ്ങിയ പ്രസിദ്ധ ഹദീസ് ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടു. കൃത്യമായ ഹദീസ് ക്രോഡീകരണങ്ങളും നിദാന ശാസ്ത്ര മേഖലകളും ഹദീസ് പ്രസരണത്തിനും പഠനങ്ങൾക്കും കൂടുതൽ ആയാസം സൃഷ്ടിച്ചു.

ഇസ്ലാമിക നഗരങ്ങളിൽ വ്യാപകമായി ഹദീസ് പഠനങ്ങൾ ആരംഭിച്ചു. അറബ് നാടുകൾക്കു പുറമെ യൂറോപ്പിലും ആഫ്രിക്കയിലും ഹദീസ് ഹൽഖകൾ സംഘടിപ്പിക്കപ്പെട്ടു. അറബികളുമായി കച്ചവട ബന്ധം നിലനിന്നിരുന്ന ഇന്ത്യയിലും ഹദീസിന്റെ പ്രകാശം എത്താൻ വൈകിയില്ല.

പലദേശങ്ങളിലും കാലത്തിനനുസൃതമായി ഹദീസ് പ്രതിഭകൾ ഉദയം ചെയ്തു. ഹിജ്റ 14-15 നൂറ്റാണ്ടുകളിൽ ജീവിച്ച ഹദീസ് പണ്ഡിതരെ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ കൃതി. ഈയൊരു സദുദ്യമത്തെയും ഇതിനായി പ്രയത്നിച്ചവരെയും സർവ്വ ശക്തനായ അല്ലാഹു സ്വീകരിക്കട്ടെ. ഈ മഹാന്മാരുടെ കൂടെ സ്വർഗീയ ലോകത്ത് നമ്മെ ഒരുമിപ്പിക്കട്ടെ-ആമീൻ

# ഉള്ളടക്കം


പ്രസാധകക്കുറിപ്പ് 3
ആമുഖം 6

**ഇന്ത്യ**

ശാഹ് വലിയുല്ലാഹ് അദ്ദഹ്‌ലവി 13
അൽ മുഹദ്ദിസ് അബുൽ ഫൈള് മുർതള സബീദി 16
അബ്ദുൽ ഹയ്യ് ബിൻ അബ്ദുൽ ഹലീം അൽ-ലക്നവി 19
ശൈഖ് അൻവർ ഷാ കശ്മീരീ 21
സയ്യിദ് ഹുസൈൻ അഹ്‌മദ് അൽ മദനി 23
മുഹമ്മദ് സകരിയ്യ ഖാന്ദഹ്‌ലവി 25
ശൈഖ് മുഹമ്മദ് ഹമീദുല്ലാഹ് ഹൈദരബാദി 28
മൗലാനാ ശൈഖ് ഹസൻ ഹള്റത്ത് 30
മുഹമ്മദ് മുസ്ത്വഫ അൽ അഅ്സമി 34
മുഹമ്മദ് തഖിയുദ്ധീൻ ഉസ്മാനി 37
ശൈഖ് ഡോ. ഹംസ അബ്ദുല്ല അൽ മലയ്ബാരി 39
മുഹമ്മദ് അക്റം നദ്‌വി 43

**ഈജിപ്ത്**

മുഹമ്മദ് ഫുആദ് അബ്ദുൽ ബാഖി 47
ശൈഖ് അഹ്‌മദ് മുഹമ്മദ് ശാക്കിർ 49
ശൈഖ് മുഹമ്മദ് ബിൻ മുഹമ്മദ് അബൂശഹ്ബ 52
ശൈഖ് ത്വാരിഖ് ബിൻ ഇവളില്ലാഹ് 55

**സിറിയ**

മുഹമ്മദ് ജമാലുദ്ധീൻ അൽ ഖാസിമി അൽ ദിമശ്ഖി 57
മുസ്ത്വഫ അസ്സിബാഇ 59
അബ്ദുൽ ഫത്താഹ് അബൂ ഗുദ്ദ 61
ഡോ. മുഹമ്മദ് അദീബ് അൽ സ്വാലിഹ് 63

ഷുഹൈബ് അൽ അർനാഊതി 65
മുഹമ്മദ് അജാജ് അൽ ഖത്വീബ് അൽ ദിമശ്ഖി 67
ശൈഖ് മുഹമ്മദ് നൂറുദ്ദീൻ ഇത്ർ 69

**മൊറോക്കൊ**

മുഹമ്മദ് ബിൻ ജഅ്ഫർ അൽ കത്താനി 73
അബ്ദുൽ ഹയ്യ് അൽ കത്താനി 75

**ഇറാഖ്**

ശൈഖ് സുബ്ഹ് സാമിറാഊ 79
അക്റം സിയാഉൽ ഉമരി 81

**സഊദി അറേബ്യ**

ശൈഖ് മുഹമ്മദ് ഈസ അൽ ഫാദാനി 84
ഡോ. ഹാതിം ബിൻ ആരിഫ് അൽ അവ്നി 86

**തുർക്കി**

ശൈഖ് മുഹമ്മദ് സാഹിദ് അൽ-കൗത്തരി 89

**കോസോവൊ**

അബ്ദുൽ ഖാദർ അൽ അർണാവൂത്ത് 92

# ഇന്ത്യ

ശാഹ് വലിയുല്ലാഹിദ്ദഹ്ലവി
(1703 - 1762)

അബുൽ ഫൈള് മുർതള സബീദി
(1732 - 1790)

അബ്ദുൽ ഹയ്യ് അൽ ലക്നവി
(1848 - 1886)



ശൈഖ് അൻവർ ശാഹ് കശ്മീരീ
(1875 - 1933)



ഹുസൈൻ അഹ്മദ് മദനി
(1879 - 1957)



മുഹമ്മദ് സകരിയ്യ ഖാന്ദലവി
(1898 - 1982)



ഹമീദുല്ലാഹ് ഹൈദരബാദി
(1908 - 2002)

ശൈഖ് ഹസൻ ഹസ്രത്ത്
(1915 - 1982)



മുസ്ത്വഫ അൽ അഅ്സമി
(1932 - 2017)



മുഹമ്മദ് തഖിയുദ്ധീൻ ഉസ്മാനി
(1943)



ഡോ. ഹംസ അൽ മലയ്ബാരി
(1952)



മുഹമ്മദ് അക്റം നദ്‌വി
(1964)

# ശാഹ് വലിയുല്ലാഹ് അദ്ദഹ്‌ലവി
## (1703 - 1762)

തയ്യാറാക്കിയത്:
**ജസീൽ കെ പള്ളിപ്രം**

മുസ്‌ലിം ഉമ്മത്ത് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാലത്ത് ആത്മീയ നേതാവും പണ്ഡിതനും മുഹദ്ദിസും മുഫസ്സിറും മുജദ്ദിദുമാണ് ശൈഖ് ശാഹ് വലിയുല്ലാഹ അദ്ദഹ്‌ലവി. സർവ്വ വിഷയങ്ങളിലും പാണ്ഡിത്യം നേടിയ മഹാൻ കാലത്തിന്റെ വെല്ലുവിളികളെ മനസ്സിലാക്കി ഉമ്മത്തിന്റെ വൈജ്ഞാനിക സേവനത്തിൽ നിരതനായി.

ഹി.1114 ശവ്വാൽ 4 (1703 ഫെബ്രുവരി 05) നാണ് വ്യാഴാഴ്ച രാവിലെ സുബ്ഹി സമയത്ത് മഹാനവറുകൾ ജനിക്കുന്നത്. വിവിധ വിജ്ഞാന മേഖലകളിൽ അഗ്രകണ്യനായിരുന്ന പിതാവ് ശൈഖ് അബ്ദുറഹീമും കുലീനയും സുശീലയുമായ മാതാവ് ഫഖ്‌റുന്നീസയും മകനെ ഇസ്‌ലാമിക ശരീഅത്തിനനുസൃതമായി വളർത്തി. ഖാജാ ഖൗരിദ് ബിൻ ഖാജാ ബാഖില്ലാ എന്നവരുടെ കീഴിൽ ഖാദിരിയ്യ, ചിശ്തിയ്യ, നഖ്ശബന്ദിയ്യ ത്വരീഖത്തുകളുടെ ആത്മീയ തർബിയ്യത് ലഭിച്ചു.

അഞ്ചാം വയസ്സിൽ പിതാവിൽ നിന്നായിരുന്നു മഹാനവറുകളുടെ പ്രാഥമിക വിദ്യാഭ്യാസം. രണ്ട് വർഷത്തിന് ശേഷം ഖുർആനും കിതാബുകളും പഠിക്കുകയും മനഃപാഠമാക്കുകയും ചെയ്തു. ഫാരിസി ഭാഷ പഠിക്കുന്നതിനോടൊപ്പം അറബി ഭാഷയിൽ സാമർത്ഥ്യം നേടാനും മഹാനവറുകൾ മറന്നില്ല.

പതിനാലാം വയസ്സിൽ അമ്മാവന്റെ മകളെ വിവാഹം ചെയ്തു. പിന്നീട് പഠന വിഷയങ്ങളിൽ നിന്ന് വിരമിക്കുകയും പതിനേഴാം വയസ്സിൽ “ദഹഅ്ല”യിൽ നിന്ന് അധ്യാപനത്തിനുള്ള ഇജാസത്ത് കരസ്ഥമാക്കുകയും ചെയ്തു. ശേഷം പിതാവിന്റെ വിദ്യാലയത്തിൽ അധ്യാപനം ആരംഭിച്ചു. പിതാവിന്റെ കാലശേഷം അവരുടെ സ്ഥാനത്ത് പ

ഠിപ്പിക്കാനും ഫത്‌വകൾ നൽകാനും തുടങ്ങി.

നാല് മദ്ഹബുകളെ കുറിച്ച് ആഴത്തിൽ പഠിക്കുകയും അവ കൾക്ക് ഉസൂലുകലുകളും ഹദീസ് അവലംബങ്ങളും കൊണ്ടുവരികയും ചെയ്തു. പാതി വഴിയിലുപേക്ഷിച്ച പഠനം തുടരാൻ വേണ്ടി മുപ്പതാം വയസ്സിൽ മക്കയിലേക്ക് യാത്ര തിരിച്ച ശൈഖവറുകൾ വൈജ്ഞാനിക മായി കൂടുതൽ സമ്പാദിക്കാനായി രണ്ട് വർഷം ഹിജാസിൽ താമസി ച്ചു. സർവ്വ വിഷയങ്ങളിലും അവിടെ പഠനം നടത്തി. വിശിഷ്യാ ശൈഖ് അബൂ ത്വാഹിറുൽ മദനീ എന്നവരുടെ കീഴിൽ ഹദീസ് വിജ്ഞാനത്തിൽ അഗാധ ജ്ഞാനം നേടി. ഹദീസിലെ ആധികാരിക ഗ്രന്ഥങ്ങളായ സ്വി ഹാഹു സിത്തക്കു പുറമെ മുവത്വ, മുസ്നദുദ്ദാരിമി, കിതാബുൽ ആസാർ, എന്നിവ ഓതിക്കൊടുക്കുകയും ഇജാസത്ത് ലഭിക്കുകയും ചെയ്തു. ശേ ഷം മക്ക മുഫ്തിയായ ശൈഖ് താജുദ്ദീൻ അൽ ഖൽഇ എന്നവരിൽ നിന്നും ഹദീസ് രിവായത്തിനുള്ള ഇജാസത്ത് നേടി.

ഹിജാസിലെ ശോഭന ദിവസങ്ങൾക്ക് ശേഷം മഹാനവറുകൾ തിരിച്ച് പിതാവിന്റെ മദ്റസയായ മദ്റസതു റഹീമിയ്യയിൽ അധ്യാപനം തുടർന്നു. ശേഷിച്ച കാലമത്രയും ഹദീസ് അധ്യാപനത്തിനല്ലാതെ മറ്റൊ രു കാര്യത്തിനും മഹാനവറുകൾ സമയം നീക്കി വെച്ചില്ല. കാലക്രമേണ മഹാനവറുകളുടെ ശിഷ്യഗണങ്ങൾ അധികരിച്ച് വന്നു. ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും വിദ്യാർത്ഥികൾ തിരുസന്നിധിയിലേക്ക് ഒഴുകി. മുപ്പത് വർഷത്തോളം അധ്യാപനവുമായി വിദ്യാർത്ഥികൾക്ക് ആത്മീയ നേതൃത്വം നൽകിക്കൊണ്ടിരുന്നു.

മഹാനവറുകളുടെ ഗ്രന്ഥ സംഭാവനകൾ അമൂല്യമാണ്. പ്രത്യേ കിച്ച് ഹദീസ് മേഖലയിൽ രചിച്ച കിതാബുകൾ ഇന്നും അതിന്റെ മാ ഹാത്മ്യത്തിൽ പഠിപ്പിക്കപ്പെടുന്നു. അവയിൽ പ്രധാനപ്പെട്ടവയാണ് *'ഹുജ്ജത്തുല്ലാഹിൽ ബാലിഗ', 'അൽ മുസവ്വീ ശർഹു മുവത്വ', 'ഉഖ്ദത്തുൽ ജയ്യിദ് ഫീ അഹ്കാമിൽ ഇജ്തിഹാദ് വ തഖ്‌ലീദ്'.*

ആദ്യത്തെ പത്നി മരണപ്പെട്ടപ്പോൾ രണ്ടാം വിവാഹം കഴിച്ചു. ആദ്യത്തെ ഭാര്യയിൽ നിന്നും ഒരു കുട്ടിയും രണ്ടാം ഭാര്യയിൽ നിന്ന് നാല് മക്കളും ഉണ്ടായി. മഹാനവറുകളുടെ വഫാത്തിനെ കുറിച്ച് മകൻ അബ്ദുൽ അസീസ് അദ്ദഹ്‌ലവി പറയുന്നു "പിതാവിന് രോഗം അപൂർ വ്വമായിരുന്നു. എന്നാൽ ഹി.1175 ദുൽഹിജ്ജ (1762) ആദ്യത്തിൽ രോഗം പിടിപെടുകയും മൂർഛരിക്കുകയും ചെയ്തു. ആദ്യം മുളഫർപൂരിലായിരു ന്നു താമസം, പിന്നീട് പിതാവിനെ ഡൽഹിയിലേക്ക് കൊണ്ടുവന്നു. അങ്ങനെ അദ്ദേഹം മുരീദായ ബാബാ ഫള്ലുല്ലാഹിൽ കശ്മീരിയുടെ

വീട്ടിൽ താമസിക്കുകയും മുഹററം 29 (1762 ആഗസ്റ്റ് 20)ന് വഫാത്താവുകയും ചെയ്തു".

ശൈഖ് ശാഹ് വലിയുല്ലാഹി അദ്ദഹ്‌ലവിയുടെ വിയോഗം ഹദീസ് ലോകത്ത് സൃഷ്ടിച്ചത് നികത്താനാവാത്ത വിടവാണ്. ഇന്ത്യയിൽ ഹദീസ് വൈജ്ഞാനിക വിപ്ലവത്തിന് തിരികൊളുത്തിയ മഹാനവറുകൾ ഇന്നും പണ്ഡിത മനസ്സുകളിൽ പ്രകാശിച്ചു കൊണ്ടിരിക്കുന്നു.

**അവലംബം**


1. *ദ ലാസ്റ്റ് മുഗൾ*, വില്യം ഡാൽരിംപൽ, പെൻഗ്വിൻ ഇന്ത്യ, വ. 2006
2 *ഹുജ്ജത്തുല്ലാഹിൽ ബാലിഗ*, ശാഹ് വലിയുല്ലാഹ് അദ്ദഹ്‌ലവി, ദാറുൽ ജീൽ, വ. 2005
3 *രിജാലുൽ ഫിക്‌രി വ ദഅ്‌വ*, അബുൽ ഹസൻ അലി ഹസൻ നദ്‌വി, ദാറു ഇബ്നു കസീർ, വ.2007

# അൽ മുഹദ്ദിസ് അബുൽ ഫൈള് മുർതള സബീദി
## (1732 - 1790)

തയ്യാറാക്കിയത്:
**ഇബ്റാഹീം പുല്ലൂപ്പി**

ഹിജ്റ പതിമൂന്നാം നൂറ്റാണ്ടിലെ ഹദീസ് വിജ്ഞാനശാഖയിലെ അഗ്രഗണ്യനും ഭാഷാ പണ്ഡിതനുമാണ് ശൈഖ് അല്ലാമാ മുഹദ്ദിസ് അബ്ദുൽ ഫൈള് മുർതള സബീദി. ഹിജ്റ 1145ൽ ഉത്തർപ്രദേശിലെ ബിൽഗ്രാം എന്ന പ്രദേശത്താണ് മഹാനവറുകൾ ഭൂജതനാവുന്നത്. വൈജ്ഞാനിക ബദ്ധമായ കുടുംബ സരണിയിലായിരുന്നു അവിടുത്തെ ജനനം. പൂർവ്വിക പിതാക്കൾ ഇറാഖിൽ നിന്നും നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ ഇന്ത്യയിൽ എത്തിയവരായിരുന്നു. തദ്ദേശീയ തലത്തിൽ തന്നെ പണ്ഡിതരും നേതാക്കളുമായ പ്രപിതാക്കൾ ഇന്ത്യയിൽ എത്തിയതിന് ശേഷവും ബിൽഗ്രാമിലെ ഉന്നത കുടുംബമായി നിലനിന്നു വന്നു. ബാല്യകാലം മുതൽ തന്നെ വിജ്ഞാന കുതുകിയായി വളർന്നു വന്ന മഹാനവറുകൾ ഹദീസ് മേഖലയിൽ അണയാ വിളക്കായി മാറുകയായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസം മാതാപിതാക്കളിൽ നിന്ന് തന്നെ കരസ്ഥമാക്കി, പതിനഞ്ചാം വയസ്സിൽ പുറം നാടുകളിലേക്ക് പഠിക്കാനായി പുറപ്പെട്ടു. ചെറുപ്രായത്തിൽ തന്നെ വിജ്ഞാനത്തിൽ മുഴുകിയിരുന്ന ശൈഖവറുകളുടെ പ്രധാന ഗുരു ശൈഖ് ഷാഹ് വലിയുല്ലാഹിദ്ദഹ്ലവി, അഹ്മദ് ഖാൻ, അബ്ദുറഹീം തുടങ്ങിയവരായിരുന്നു. 1163ൽ മക്കയിലേക്ക് പുറപ്പെടുകയും അടുത്ത വർഷം ഹജ്ജ് ചെയ്ത് മക്കയിലെ പ്രധാന പണ്ഡിതരുമായി വൈജ്ഞാനിക ബന്ധം സ്ഥാപിക്കുകയും ചെയ്തു. മുസ്ലിം പണ്ഡിതരുടെ കേന്ദ്രമായി മാറിയ മക്കയിൽ കൂടുതൽ കാലം മഹാനവറുകൾ താമസമുറപ്പിച്ചു. അവിടെ വെച്ച് നാല് മദ്ഹബിലും നിപുണരായ പണ്ഡിതരുടെ ശിഷ്യത്വം സ്വീകരിച്ചു. അതിനു പുറമെ

സ്വഹീഹ് ബുഖാരി, മുസ്‌ലിം, നസാഈ, ഉലൂമുൽ ബലാഗ തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങളുടെ ഇജാസത്ത് അബ്ദുറഹ്മാൻ ബിൻ മുസ്ത്വഫ ഹൈദ്രോസ്, ശൈഖ് അബ്ദുൽ ഖാലിഖ് ബിൻ അബീബക്കർ എന്നിവരിൽ നിന്നും നേടി.

മക്കയിൽ നിന്നും ദീർഘകാല താമസശേഷം മിസ്‌റിലേക്ക് (ഈജിപ്ത്) നീങ്ങി. ശൈഖ് അബ്ദുറഹ്മാൻ ബിൻ മുസ്ത്വഫ ഐദ്രോസ് നേരത്തെ തന്നെ അവിടേക്ക് പോകാൻ മഹാനവറുകളെ തുടർച്ചയായി നിർബന്ധിച്ചിരുന്നു. ഈജിപ്തിലെത്തിയതിന് ശേഷം വിശുദ്ധ ബൈത്തുൽ മുഖദ്ദിസ് സന്ദർശിക്കുകയും അവിടുത്തെ സബീദ് എന്ന പ്രദേശത്ത് താമസമാക്കുകയും ചെയ്തു.

മിസ്‌റിലെ ജീവിതം സബീദിയുടെ വൈജ്ഞാനിക കാലത്തിന്റെ മറ്റൊരദ്ധ്യായമായിരുന്നു. അന്ന് ലോകം കണ്ട പ്രഗത്ഭരായ അനേകായിരം പണ്ഡിതന്മാർ ഈജിപ്തിൽ വരികയും താമസിക്കുകയും ചെയ്തു. പ്രമുഖ പണ്ഡിതരായ ശൈഖ് അഹ്മദ് അൽ മുജൈരി, ശൈഖ് അദവി സഈദി മാലികി എന്നിവരുടെ വൈജ്ഞാനിക ചർച്ചകളിൽ തുടർച്ചയായി പങ്കെടുത്തു. അറബി ഗ്രന്ഥങ്ങളിലെ അഗാധ ജ്ഞാനം കൊണ്ടും ഹദീസ് വിജ്ഞാന മേഖലയിൽ മഹാനവറുകളുടെ വൈദിഗ്ധ്യം കൊണ്ടും മിസ്‌രി പണ്ഡിതർക്കിടയിൽ പ്രസിദ്ധനായ ശൈഖ് അബുൽ ഫൈള് സബീദിയെ തേടി അൽ അസ്ഹറിൽ നിന്നും പണ്ഡിതർ വരികയും യൂനിവേഴ്സിറ്റിയിൽ ഹദീസ് ഗ്രന്ഥങ്ങൾ അധ്യാപനം നടത്താൻ നിർബന്ധിക്കുകയും ചെയ്തു. അൽ അസ്ഹറിലെ വിദ്യാർത്ഥികൾക്ക് ഇടവിട്ട ക്ലാസുകളായി മഹാനവറുകൾ അധ്യാപനം നടത്തി. ഇതേ സമയം ലോകത്തിന്റെ നാനാ ഭാഗത്ത് നിന്നും മഹാനവറുകളുടെ ഇജാസത്തുകൾ കരസ്ഥമാക്കാൻ പണ്ഡിതന്മാർ നിരന്തരം അവിടുത്തെ സന്നിധിയിലേക്ക് ഒഴുകിക്കൊണ്ടിരുന്നു.

രചന രംഗത്തും ശൈഖ് അബുൽ ഫൈള് സബീദി പൂർണ്ണ സാന്നിധ്യം ഉറപ്പിച്ചിരുന്നു. ഹദീസ്, ഹദീസ് നിദാനശാസ്ത്രം, ഫിഖ്ഹ്, ഭാഷ ശാസ്ത്രം തുടങ്ങി വിവിധ മേഖലകളിൽ അമൂല്യ ഗ്രന്ഥങ്ങൾ മഹാനവറുകൾ സംഭാവന ചെയ്തു. ഏതൊരാൾക്കും എളുപ്പത്തിൽ മനസ്സിലാവുന്ന ഭാഷയായിരുന്നു ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരുന്നത്. പൊതു ജനങ്ങൾക്കെന്നതിലുപരി വിദ്യാർത്ഥികൾക്ക് വഴി വിളക്കായി ഈ ഗ്രന്ഥങ്ങൾ നിലകൊള്ളുന്നു. *'താജുൽ അറൂസ് മിൻ ജവാഹിരിൽ ഖാമൂസ്'*, *'ഇത്തിഹാഫുസ്സാദ അൽ മുത്തഖീൻ ഫീ ശർഹി ഇഹ്‌യാഉ ഉലൂമിദ്ദീൻ'*, *'അസാനീദു കുതുബിസ്സിത്ത'*, *'ഉഖൂദുൽ ജവാഹിരിൽ മുനീഫ*

*ഫീ അദില്ലത്തി മദ്ഹബിൽ ഇമാമി അബീ ഹനീഫ'* എന്നിവ നൂറോളം വരുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ വളരെ പ്രധാനപ്പെട്ടവയാണ്.

ഹിജ്റ പതിമൂന്നാം നൂറ്റാണ്ടിൽ ഹദീസ് വിജ്ഞാന ശാഖയുടെ വാഹകനായി മുസ്ലിം ലോകത്തിന് അമൂല്യ സംഭാവനകളർപ്പിച്ച് ഹി.1205 ശഅ്ബാൻ 06ന് കെയ്റോയിൽ വെച്ച് മഹാനവറുകൾ ഐഹിക ജീവിതം വെടിഞ്ഞു.

**അവലംബം**

1. *താരീഖുൽ ഇത്വിലാഅ്*, അൽ മക്തബത്തുൽ വത്വനിയ്യ, വ.2015
2. *അസ്സബീദി (മുഹമ്മദ് മുർതള)*, ഉമർ അദ്ദിഖാഖ്, ഹൈഅതുൽ മൗസൂഅതുൽ അറബിയ്യ, വ.2016
3. *അൽ അഅ്ലാം*, ശൈഖ് സർക്കലി, ദാറുൽ ഇൽമ്, വ.2020

# അബ്ദുൽ ഹയ്യ് ബിൻ അബ്ദുൽ ഹലീം അൽ ലക്നവി
## (1848 - 1886)

തയ്യാറാക്കിയത്:
**മുർഷിദ് കുടുക്കിമൊട്ട**

ഇന്ത്യയിലെ ഹദീസ് മേഖലയിൽ വലിയ സ്വാധീനം ചെലുത്തിയ മഹാപണ്ഡിതനായിരുന്നു അബ്ദുൽ ഹയ്യ് ബിൻ അബ്ദുൽ ഹലീം അൽ ലക്നവി. ഹിജ്റ പതിമൂന്നാം നൂറ്റാണ്ടിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ജീവിച്ച അദ്ദേഹം ഹദീസ് വൈജ്ഞാനിക ലോകത്തിന് അദ്ദേഹം അത്യധികം സംഭാവനകളർപ്പിച്ചു.

1848 ഉത്തർപ്രദേശിലെ ബാന്ദ പട്ടണത്തിൽ ഒരു മതപണ്ഡിത കുടുംബത്തിലാണ് അദ്ദേഹത്തിന്റെ ജനനം. ഉമ്മയുടെ വംശപരമ്പര ശൈഖ് ഖുത്വുബുദ്ധീനിൽ അവസാനിക്കുന്നു. അദ്ദേഹം അഞ്ചാം വയസ്സിൽ പ്രമുഖ പണ്ഡിതൻ ഖാസിം അലി അൽ ലക്നവിയോടൊപ്പം ഖുർആൻ പഠനം ആരംഭിച്ചു. അങ്ങനെ പത്താം വയസ്സിൽ ഖുർആൻ മുഴുവൻ മനഃപാഠമാക്കിയ അദ്ദേഹം പതിനൊന്നാം വയസ്സിൽ മത പഠനം ആരംഭിച്ചു.

പതിനേഴാം വയസ്സ് വരെ കർമ്മശാസ്ത്രം, ഹദീസ്, തത്വശാസ്ത്രം, വ്യാഖ്യാനം, സാഹിത്യം എന്നിങ്ങനെ തുടങ്ങിയ ധാരാളം ശാസ്ത്രശാഖകൾ അദ്ദേഹം പഠിച്ചു. ഉസ്താദുമാരോടൊപ്പം സഹവസിച്ച് വൈദ്യശാസ്ത്രം, ഗണിതശാസ്ത്രം എന്നിവയിലും അദ്ദേഹം വൈദിഗ്ദ്ധ്യം നേടി. ചെറുപ്രായത്തിൽ തന്നെ പഠിക്കാനും എഴുതാനും വളരെയധികം താത്പര്യമുണ്ടാണ്ടയിരുന്ന അദ്ദേഹത്തിന് വിജ്ഞാന ശാഖകളിൽ ഏറ്റവും പ്രിയങ്കരമായത് പരിശുദ്ധമായ ഹദീസായിരുന്നു. കൂടാതെ മാനസിക ശാസ്ത്രത്തിലും അദ്ദേഹം മികവ് നേടി.

മുഹമ്മദ് ബിൻ അബ്ദുല്ല അൽ ഹൻബലി അദ്ദേഹത്തെ കുറിച്ച് എഴുതിയത് ഇപ്രകാരമാണ് മനുഷ്യഹൃദയം അദ്ദേഹത്തിന്റെ കൂട്ടായ്

മയിൽ സന്തോഷിക്കുന്നു, പ്രവാചകന്റെ ഹദീസുകളിലും വിവിധയിനം ശാസ്ത്രങ്ങളിലും വൈദഗ്ദ്ധ്യം നേടിയ പണ്ഡിതനാണ് അബ്ദുൽ ഹയ്യ് ബ്ൻ ലക്നവി.

അൽ ഖുതാരി പറയുന്നു: അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഹദീസുകളിൽ ഏറ്റവും അറിവുള്ളയാളായിരുന്നു ലക്നവി. അബുൽ ഹസൻ നദ്‌വി (റ) പറയുന്നു: അൽ ലക്നവി ഇന്ത്യയുടെ അടയാളവും പിൽക്കാലക്കാരുടെ അഭിമാനവുമായിരുന്നു.

അൽ ലക്നാവി രൂപശാസ്ത്രം, വ്യാകരണം, യുക്തി, ജ്ഞാനം, സാമ്യം, ചരിത്രം, നിയമശാസ്ത്രം, ജീവചരിത്രം, ഹദീസ് തുടങ്ങിയ വിശയങ്ങളിൽ നൂറോളം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. *'അൽ ആസാറുൽ മർഫൂഅ ഫിൽ ഇഖ്ബാരി അൽ മഅ്‌ളൂഅ'*, *'അൽ അജ്‌വിബത്തുൽ ഫാളിലത്തി ലിൽ അസ്ഇലത്തിൽ ആശിറത്തിൽ കാമില'*, *'അത്തഅ്‌ലീഖുൽ മുമജ്ജദി അലാ മുവത്വൽ ഇമാം മുഹമ്മദ്'*, *'ഉഫ്‌റുൽ അമാനീ ഫീ മുഖ്തസ്വറുൽ ജുർജാനി'* എന്നിവ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ചിലതാണ്.

ഇന്ത്യ ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയപ്പോൾ ലക്നവി അവർക്കെതിരെ നിലകൊണ്ടു. "മുസ്‌ലിംകളും ബ്രിട്ടീഷുകാരും തമ്മിൽ ഇടപെടുന്നത് അനുവദനീയമല്ലെന്ന് വരെ അദ്ദേഹം ഫത്‌വ പുറപ്പെടുവിച്ചു. അദ്ദേഹത്തിന്റെ ചില പുസ്തകങ്ങളിൽ, ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ അദ്ദേഹം ഏതിർപ്പ് പ്രകടിപ്പിക്കുന്നതായി കാണാം.

ഹിജ്റ 1304-ൽ (1886) തന്റെ 34ാം വയസ്സിൽ അൽ ലക്നവി ലക്നൗവിൽ വെച്ച് ഇഹലോക ജീവിതം വെടിഞ്ഞു.

**അവലംബം**

1. *അൽ ഇമാം അബ്ദുൽ ഹയ്യ് ലഖ്നവി*, ഡോ. വലിയുദ്ദീൻ നദ്‌വി, ദാറുൽ ഖലാം, വ.1995
2. *താരീഖു തദ്‌വീനി സുന്നത്തുന്നബവി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ദാറു ഇബ്നു കസീർ, വ.2018

# ശൈഖ് അൻവർ ഷാ കശ്മീരി
## (1875 - 1933)

**തയ്യാറാക്കിയത്:**
**റാഫി വയനാട്**

ഹദീസ് മേഖലയിൽ നിരവധി സംഭാവനകൾ അർപ്പിച്ച് കടന്നുപോയ ഹദീസ് പണ്ഡിതനാണ് സയ്യിദ് മുഹമ്മദ് അൻവർ ഷാ ബിൻ മുഅളം ശാഹ് അൽ കശ്മീരി എന്ന ശൈഖ് അൻവർ ഷാ കശ്മീരി.

1875 നവംബർ 16 (ഹിജ്റ 1292 ശവ്വാൽ 27) ന് കശ്മീരിലെ ദൂദ്വാൻ ഗ്രാമത്തിലെ ഒരു സയ്യിദ് കുടുംബത്തിലാണ് ഇദ്ദേഹത്തിന്റെ ജനനം. നാല് വയസ്സു മുതൽ ഏഴ് വയസ്സു വരെ പിതാവിന്റെ കീഴിൽ ഖുർആൻ പാരായണം, പേർഷ്യൻ ഭാഷ, അറബി വ്യാകരണം എന്നിവയിലൊക്കെ വിജ്ഞാനം കരസ്ഥമാക്കിയ അദ്ദേഹം പതിമൂന്നാം വയസ്സിൽ പാകിസ്താനിലെ വടക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ഒരു ഹസ്റത്തിന്റെ അടുക്കൽ പോവുകയും അവിടെ  പഠിക്കുകയും ചെയ്തു. 1889 മുതൽ അദ്ദേഹം മൂന്നു വർഷത്തോളം ദയൂബന്ദിലെ ദാറുൽ ഉലൂമിൽ വിദ്യ നുകർന്നു. ശേഷം 1892ൽ ഹദീസ് പണ്ഡിനായ ശൈഖ് മഹ്മൂദ് ഹസൻ ദയൂബന്ദിയുടെയും മറ്റു പണ്ഡിതരുടെയും കീഴിൽ പഠിക്കുകയും ചെയ്തു. പിന്നീട് 1896ൽ അദ്ദേഹം ശൈഖ് റാഷിദ് അഹ്മദ് ഗംഗോഹിയുടെ അടുക്കലേക്ക് നീങ്ങുകയും അവിടത്തെ പഠനകാലത്തിനു ശേഷം രണ്ട് വർഷം പഠിപ്പിക്കുകയും ചെയ്തിരുന്നു.

ദാറുൽ ഉലൂമിൽ നിന്നും ബിരുദം കരസ്ഥമാക്കിയ അദ്ദേഹം അമീനിയ്യ മദ്രസയിലേക്ക് തന്നെ മടങ്ങുകയും അവിടുത്തെ ആദ്യ പ്രിൻസിപ്പളായി സേവനമനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് 1903ൽ ജന്മദേശമായ കശ്മീരിലേക്ക് നീങ്ങുകയും അവിടെ അഅ്ളം മദ്രസയ്ക്ക് തുടക്കമിടുകയും ചെയ്തു. പിന്നീട് 1905ൽ ഹജ്ജ് നിർവ്വഹണത്തിനായി മക്കയിലേക്ക് പോവുകയും ഹജ്ജ് നിർവ്വഹിക്കുകയും ചെയ്തു.

നാലു വർഷത്തിനു ശേഷം അദ്ദേഹം ദയൂബന്ദിലേക്ക് തിരിക്കുകയും 1933 വരെ അവിടെ ശമ്പളം കൈപറ്റാതെ ഹദീസ് ഗ്രന്ഥങ്ങൾ പഠിപ്പിക്കുകയും ചെയ്തു. അങ്ങനെ ഏകദേശം ഇരുപത് വർഷം അവിടുത്തെ മുഖ്യ രക്ഷാധികാരിയാവുകയും ചെയ്തു. ഇതിനിടയ്ക്ക് അദ്ദേഹം പശ്ചിമേന്ത്യയിലെ ദാബേൽ എന്ന ഗ്രാമത്തിലെ ഒരു മദ്രസയിൽ മൂന്നു വർഷത്തോളം അധ്യാപനവും നടത്തിയിരുന്നു. ഹദീസ് പഠനത്തിലും അധ്യാപനത്തിലും മുഴുകിയത് കാരണത്താൽ 1887 മുതൽ തന്നെ അദ്ദേഹത്തിന് തന്റെ കുടുംബത്തിൽ നിന്നും വിട്ടു നിൽക്കേണ്ടി വന്നു.

1933 മേയ് മാസത്തിലാണ് ശൈഖ് അൻവർ ഷാ കശ്മീരിയുടെ വിയോഗം. ദയൂബന്ദിലാണ് അദ്ദേഹഅദ്ദേഹത്തിന്റെ മഖ്ബറ സ്ഥിതി ചെയ്യുന്നത്.

**അവലംബം**

1. *മൗലാനാ അൻവർ ഷാ കശ്മീരി കി*, ഇർഫാൻ, വ. 2021
2. *അൻവർ ഷാ കാ നസ്രിയ്യ നസ്ഖ് ഔർ ഹദീസ് കി തഅ്ബീർ*, റഷീദ്, വ. 2020
3. *ദ എസ്റ്റീമ്ഡ് സ്റ്റാറ്റസ് ആൻഡ് പൊസിഷൻ ഓഫ് ശൈഖ് അൻവർ ഷാ കശ്മീരി*, ഡോ. മുഹമ്മദ് അജ്മൽ, വ. 2016

# സയ്യിദ് ഹുസൈൻ അഹ്മദ് അൽ മദനി
## (1879 - 1957)

**തയ്യാറാക്കിയത്:**
**മുഹമ്മദ് ശബ്നാസ് മട്ടന്നൂർ**

1879 ഒക്ടോബർ 6 (ഹിജ്റ 1295 ശവ്വാൽ 19) ഉത്തർപ്രദേശിലെ അന്നാവോ ജില്ലയിലെ ബംഗർമൗ എന്ന ചെറു പട്ടണത്തിൽ സയ്യിദ് ഹബീബുല്ലാ ഹുസൈൻ എന്നവരുടെ മകനായി ഹുസൈൻ അഹ്മദ് അൽ മദനി ജനിച്ചു. ഫൈസാബാദ് ജില്ലയിലെ ടാൺഡയിൽ നിന്നുള്ളതാണ് അദ്ദേഹത്തിന്റെ കുടുംബം. അദ്ദേഹത്തിന്റെ പിതാവ് സയ്യിദ് ഹബീബുല്ലാ ഹുസൈൻ ഇബ്നു അലി മുപ്പത്തിയഞ്ച് തലമുറകളിലൂടെ പ്രവാചകനായ മുഹമ്മദ് നബി (സ)യുടെ പിൻഗാമിയാണ്.

1920കളിൽ കോൺഗ്രസ് ഖിലാഫത്ത് ഉടമ്പടി ഉറപ്പിക്കുന്നതിൽ മദനി ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 1920കളിലും മുപ്പതുകളിലും നിരവധി പ്രഭാഷണങ്ങളിലൂടെയും ലഘുലേഖകളിലൂടെയും ശൈഖ് ഹസൻ മദനി ഇന്ത്യൻ നാഷണൽ കോൺഗ്രസുമായുള്ള ഇന്ത്യൻ ഉലമയുടെ സഹകരണത്തിന് കളമൊരുക്കി. തന്റെ കൃതിയായ *'മുത്തഹിദാ ഖൗമിയത്ത് ഔർ ഇസ്ലാം'* 1938 ൽ പ്രസിദ്ധീകരിക്കുകയും ഇന്ത്യയുടെ വിഭജനത്തെ എതിർത്ത് ഒരു ഐക്യ രാജ്യത്തിന് വേണ്ടി അദ്ദേഹം വാദിക്കുകയും ചെയ്തു. 1954ൽ പത്മഭൂഷൺ അവാർഡിനായി തെരഞ്ഞെടുക്കപ്പെടുകയും പക്ഷേ, മഹാനവർകൾ അത് തിരസ്ക്കരിക്കുകയും ചെയ്തു.

ദാറുൽ ഉലൂം ദിയോബന്ദിൽ നിന്ന് ബിരുദം നേടിയ ശേഷം കുടുംബത്തോടൊപ്പം അദ്ദേഹം മദീനയിലേക്ക് കുടിയേറി. അറബി വ്യാകരണം, ഉസൂലുൽ ഫിഖ്ഹ്, ഉസൂലുൽ ഹദീസ്, ഖുർആൻ വ്യാഖ്യാനം എന്നിവ പഠിപ്പിക്കാൻ തുടങ്ങി. പതിനെട്ട് വർഷം അദ്ദേഹം മദീനയിൽ ഇൽമുൽ ഹദീസുൾപ്പെടെ വിവിധ ഇസ്ലാമിക ശാസ്ത്രങ്ങളും പഠിപ്പി

ച്ചിട്ടുണ്ട്. തുടർന്ന് ദാറുൽ ഉലൂം ദിയോബന്ദിന്റെ പ്രധാന അധ്യാപക നായും ശൈഖുൽ ഹദീസ് ആയും നിയമിതനായി ഏകദേശം ഇരുപ ത്തിയെട്ട് വർഷത്തോളം അദ്ദേഹം ഈ സ്ഥാനത്ത് സേവനമനുഷ്ഠിച്ചു.

*'തസവ്വുറെ ശൈഖ്', 'സഫർ നാമ ശൈഖുൽ ഹിന്ദ്', 'നഖ്ശെ ഹയാത്ത്'* തുടങ്ങിയവ അദ്ദേഹം രചിച്ച കൃതികളാണ്.

1957 ഡിസംബർ 5 (ഹിജ്റ 1377 ജമാദുൽ ഊലാ 12) ഉത്തർപ്രദേ ശിലെ ദയൂബന്ദിൽ വെച്ച് അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു.

**അവലംബം**


1. *തഹ്‌രീക് ആസാദി ഹിന്ദ് മേം മുസ്ലിം ഉലമ ഔർ അവാം കി കിദർ*, സൽമാൻ, വ. 2014
2. *എ ഷോർട്ട് ബയോഗ്രഫി ഓഫ് ഹുസൈൻ അഹ്മദ് മദനി*, എൽവാബിയ, വ. 2017

# മുഹമ്മദ് സകരിയ്യ ഖാന്ദഹ്‌ലവി
## (1898 - 1982)

**തയ്യാറാക്കിയത്:**
**ഫായിസ് വാരം**

മുഹമ്മദ് ബിൻ മുഹമ്മദ് യഹ്‌യ സിദ്ദീഖി ഖാന്ദഹ്‌ലവി സഹാറൻ പൂരി മുഹാജിർ മദനി എന്നായിരുന്നു മുഹമ്മദ് സകരിയ്യ യുടെ മുഴുവൻ പേര്. 1898 ഫെബ്രുവരി 2നായിരുന്നു അദ്ദേഹത്തിന്റെ ജനനം. ഹനഫി ഹദീസ് പണ്ഡിതനായ അദ്ദേഹം ഹസ്രത്ത് “ശൈഖുൽ ഹദീസ്” എന്ന സ്ഥാനപ്പേരിൽ അറിയപ്പെടുന്നു. വിശുദ്ധ നഗരമായ മദീനയിലേക്ക് കുടിയേറിയത് നിമിത്തം അദ്ദേഹം മുഹാജിർ മദനി എന്ന് വിളിക്കപ്പെട്ടു. മാത്രമല്ല, അദ്ദേഹം അബൂബക്കർ സിദ്ദീഖ് (റ)ന്റെ പരമ്പരയിൽപ്പെട്ട കണ്ണിയായതിനാൽ സിദ്ദീഖി എന്ന് കൂടി അദ്ദേഹത്തിന്റെ നാമത്തിലേക്ക് ചേർക്കപ്പെടുന്നു. ഉത്തർപ്രദേശിലെ ഖാന്ദല എന്ന പ്രദേശത്ത് ഇസ്‌ലാമിക പാരമ്പര്യമുള്ള കുടുംബത്തിലാണ് മുഹമ്മദ് സകരിയ്യ ജനിക്കുന്നത്.

സകരിയ്യയുടെ പിതാവായ മുഹമ്മദ് യഹ്‌യ ഖാന്ദഹ്‌ലവി എന്നവർ റഷീദ് അഹ്‌മദ് ഗംഗോഹി എന്ന പണ്ഡിതന്റെ അടുത്ത ശിഷ്യനായിരുന്നു. അതുകൊണ്ട് തന്നെ സകരിയ്യ അൽ ഖാന്ദഹ്‌ലവി അദ്ദേഹത്തിന്റെ പിതാവിൽ നിന്നും ധാരാളം പഠിച്ചുവെന്നു മാത്രമല്ല അതിനു ശേഷം മൗലാനാ ഗംഗോഹി, ഖലീൽ അഹ്‌മദ് സഹാറൻപൂരി എന്നിവരിൽ നിന്നുമൊക്കെ ഹദീസ് വിജ്ഞാനം കരസ്ഥമാക്കുകയും ചെയ്തു. മൗലാനാ ഗംഗോഹിയിൽ നിന്നും ഹദീസ് വിജ്ഞാനം കരസ്ഥമാക്കിയതിന് ശേഷം അദ്ദേഹം ഹൃദ്യസ്ഥമാക്കാനുള്ള ശ്രമങ്ങളാരംഭിച്ച് ഇതിനായി അദ്ദേഹം എല്ലാ ദിവസവും ഖുർആൻ മുഴുവൻ പാരായണം ചെയ്യാറുണ്ടായിരുന്നുശേഷം തന്റെ പിന്നീട് അദ്ദേഹത്തിന്റെ പിതാവിന്റെ കീഴിൽ ഖുർആൻ മനഃപാഠമാക്കുകയും ചെയ്തു. മാത്രമല്ല അമ്മാവനായ മു

ഹമ്മദ് ഇല്യാസ് എന്നവരിൽ നിന്ന് അദ്ദേഹം പേർഷ്യൻ സാഹിത്യം പഠിച്ചിരുന്നു. എന്നാൽ അറബി ഭാഷാ വ്യാകരണങ്ങളായ സ്വർഫ്, നഹ്വ് പോലുള്ള വിജ്ഞാന ശാഖകളിൽ സ്വന്തം പിതാവ് തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഗുരു. മുഹമ്മദ് സകരിയ്യയുടെ പിതാവ് യഹ്‌യയുടെ ഗുരുവായിരുന്ന റഷീദ് അഹ്മദ് ഗംഗോഹിയുമായി അഭേദ്യമായ ആത്മബന്ധമുണ്ടായിരുന്നു. അദ്ദേഹം പിതാവിന്റെ മരണശേഷവും ഗുരുവിൽ നിന്ന് ധാരാളം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്തു. സകരിയ്യ ഖാന്ദലഹ്‌വിയുടെ 7ാം വയസ്സിലാണ് അദ്ദേഹത്തിന്റെ പിതാവ് മരണപ്പെടുന്നത്.

പിതാവിന്റെ മരണ ശേഷം 1910 ൽ തന്റെ 12ാം വയസ്സിൽ പിതാവ് പഠിപ്പിച്ചിരുന്ന സഹാറൻപൂരിലെ മസാഹിർ ഉലൂം എന്ന സ്ഥാപനത്തിലേക്ക് ചേക്കേറി. അവിടെ നിന്ന് അറബിക് വ്യാകരണം, മോർഫോളജി, ലിറ്ററേച്ചർ, ലോജിക് എന്നിവയിൽ അഗ്രഗണ്യനായി.

പഠനം പൂർത്തിയാക്കിയതിന് ശേഷം വെറും 18 വയസ്സുള്ളപ്പോൾ തന്നെ താൻ പഠിച്ച മസാഹിർ ഉലൂമിൽ തന്നെ അധ്യാപകനായി നിയമിക്കപ്പെട്ടു. അറബി, മോർഫോളജി, ലിറ്ററേച്ചർ, ഇസ്‌ലാമിക കർമ്മശാസ്ത്രം എന്നിവയിലൊക്കെ വളരെയധികം കഴിവുണ്ടായിരുന്നത് കൊണ്ട് തന്നെ തുടക്ക കാലങ്ങളിൽ ഈ വിഷയങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ അധ്യാപനം. പിന്നീട് സ്വഹീഹുൽ ബുഖാരി, മിശ്കാത്തുൽ മസ്വാബീഹ് തുടങ്ങിയ ശാസ്ത്രത്തിൽ പ്രസിദ്ധമായ ധാരാളം ഗ്രന്ഥങ്ങളിൽ അധ്യാപനം നടത്തി. 1926 ൽ ഹിജാസിലേക്ക് പോയ മുഹമ്മദ് സകരിയ്യ അൽ ഖാന്ദഹ്‌ലവി ഒരു വർഷം അവിടെ താമസിക്കുകയും ഹജ്ജ് നിർവ്വഹിച്ചതിന് ശേഷം മദീനയിലേക്ക് പോവുകയും അവിടെയുള്ള മദ്റസതുൽ ഉലൂം അശ്അരിയ്യ സ്ഥാപനത്തിൽ സുനനു അബീ ദാവൂദ് പഠിപ്പിച്ചു. പിന്നീട് 1927 ൽ സഹാരൻപൂരിലേക്ക് തിരിച്ചുവരികയും സുനനു നസാഈ, മുവത്വ, സുനനു തിർമുദി, സ്വഹീഹ് മുസ്‌ലിം എന്നിങ്ങനെയുള്ള ഗ്രന്ഥങ്ങളിലൊക്കെയും അദ്ദേഹം തന്റെ അധ്യാപനം തുടർന്നു.

വളരെയധികം മൂല്യമേറിയ സംഭാവനകളാണ് അദ്ദേഹം ഹദീസ് ലോകത്തിന് സമർപ്പിച്ചത്. സിറിയൻ പണ്ഡിതനായ അബ്ദുൽ ഫത്താഹ് അബു ഗുദ്ദ, സകരിയ്യ ഖാന്ദലവിക്ക് എഴുതിയ ഒരു കത്തിൽ അദ്ദേഹത്തെപ്പറ്റി 'ഹദീസ് മാസ്റ്റർ' എന്ന് പരാമർശിച്ചതായി കാണാം.

1982 മെയ് 16 നാണ് അദ്ദേഹം രോഗബാധിതനാവുന്നത്. ആ സമയത്ത് അദ്ദേഹം മദീനയിലായിരുന്നു. പിന്നീട് രോഗം മൂർഛരിക്കുകയും അദ്ദേഹത്തിന് ശ്വസതടസ്സം അനുഭവപ്പെടുകയും 1982 മെയ് 24

തിങ്കളാഴ്ച അദ്ദേഹം ഈ ലോകത്തോട് വിട പറയുകയും ചെയ്തു.

**അവലംബം**


1. *മൗലാനാ മുഹമ്മദ് സകരിയ്യ ഹയാത്തുഹു*, മാലിഖ് എസ് അബ്ദുൽ, ഡിപാർട്മെന്റ് അറബിക് മദ്രാസ്, വ.2015
2. *കോൺട്രിബ്യൂഷൻ ഓഫ് മസാഹിറേ ഉലൂം ഓഫ് സഹാറൻപൂർ*, ജാവേദ് മസൂദ്, ജാമിഅ മില്ലിയ, വ.2012
3. *ആപ് ബേതി*, മുഹമ്മദ് സകരിയ്യ ഖാന്ദലവി, മക്തബ് ഉമർ ഫാറൂഖ്

# ശൈഖ് മുഹമ്മദ് ഹമീദുല്ലാഹ് ഹൈദരബാദി
## (1908 - 2002)

**തയ്യാറാക്കിയത്:**
**മുഹമ്മദ് മുസ്തഫ കാക്കയങ്ങാട്**

1908ൽ ഹൈദരബാദിൽ അബൂ മുഹമ്മദ് ഖലീലുല്ലാഹ് എന്ന മഹാപണ്ഡിതന്റെ മകനായി ജനിച്ച മഹാപണ്ഡിതനാണ് ശൈഖ് മുഹമ്മദ് ഹമീദുല്ലാഹ് ഹൈദരബാദി. ഹദീസ് മേഖലയിൽ തന്റെ പ്രതിഭ തെളിയിക്കുകയും മുസ്ലിം ലോകത്തിന് അമൂല്യ ഗ്രന്ഥങ്ങൾ സമ്മാനിക്കുകയും ചെയ്തു.

പ്രാഥമിക പഠനം ദാറുൽ ഉലൂമിൽ നിന്ന് നേടിയ അദ്ദേഹം പിന്നീട് ഉപരിപഠനാവിശ്യാർത്ഥം നിസാമിയ്യ കോളേജിൽ ചേർന്നു. അതിനു ശേഷം ഉഥ്മാനിയ്യ സർവ്വകലാശാലയിൽ നിന്ന് ദൈവശാസ്ത്രത്തിലും നിയമത്തിലും ബിരുദങ്ങൾ നേടിയ അദ്ദേഹം ജർമ്മനിയിലും ഫ്രാൻസിലും പോയി പഠിച്ചു. അവിടെ അന്താരാഷ്ട്ര നിയമത്തിൽ പി എച്ച് ഡി നേടിയെടുത്തു. അദ്ദേഹം ഒന്നിലധികം പി എച്ച് ഡി നേടിയെടുത്തിട്ടുണ്ട്. കുറച്ചുകാലം ഫ്രാൻസിൽ താമസമാക്കിയിരുന്നെങ്കിലും പിന്നീട് 1996ൽ അദ്ദേഹം അമേരിക്കയിലേക്ക് മാറി. മനാസിർ അഹ്സൻ ജീലാനി, അബുൽ വഫാ അൽ അഫ്ഗാനി എന്നിവരാണ് പ്രധാന അധ്യാപകർ. ഇറാനിലെ ഇസ്ലാം റിപബ്ലിക്കിന്റെ ആദ്യ പ്രസിഡന്റ് ആയിരുന്ന ബാനി സദ്ർ, സുഡാൻ മുസ്ലിം മേധാവി ഹസൻ തൂറാബി എന്നിവരാണ് പ്രധാന ശിഷ്യന്മാർ. ബഹുഭാഷ പണ്ഡിതൻ കൂടിയാണ് അദ്ദേഹം. ഉറുദു, ഫാരിസി, അറബി, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ടർക്കിഷ്, ഇറ്റാലിയൻ തുടങ്ങി എട്ടോളം ഭാഷകളിൽ അദ്ദേഹത്തിന്റെ സംഭാവനകളുണ്ട്. ദീർഘകാലം ഫ്രഞ്ച് മാസികയായ ഫ്രാൻസ് ഇസ്ലാമിന്റെ ഡയറക്ടറായിരുന്നു.

കൂടുതൽ സമയവും വിജ്ഞാനവുമായി ബന്ധപ്പെട്ട കാര്യങ്ങ

ളിൽ മുഴുകിയിരുന്ന മഹാനവറുകൾ അവിവാഹിതനായിരുന്നു. സഹോദരന്റെ ചെറു മകളായിരുന്നു പരിചരിച്ചിരുന്നത്. ഹദീസ് വിജ്ഞാന ശാഖക്ക് ധാരാളം ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുണ്ട്. 2002 ഡിസംബർ 17ൽ അദ്ദേഹത്തിന്റെ 94ാം വയസ്സിൽ ലോകത്തോട് വിട പറഞ്ഞു. അമേരിക്കയിലെ ജാക്സൻ വില്ലയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

**അവലംബം**


1. *അഅ്ലാമുൽ ഇസ്ലാമിയ്യ*, ഖാലിദ് സാലിം അസ്സദ്ദാനി, അൽ മക്തബത്തുൽ ആമിരിയ്യ, 4309
2. *മുഹമ്മദ് ഹമീദുല്ലാ വ അമീനു തുറാസിൽ ഇസ്‌ലാമി*, അബ്ദുൽ അസീം ഇസ്‌ലാഹി
3. *മുഹമ്മദ് ഹമീദുല്ലാ അൻഡ് ഹിസ് വർക്ക്സ്*, കിംഗ് അബ്ദുൽ അസീസ് യൂനിവേഴ്സിറ്റി പ്രസ്സ്, വ.2015, പേ.13

# മൗലാനാ ശൈഖ് ഹസൻ ഹള്റത്ത്
## (1915 - 1982)

തയ്യാറാക്കിയത്:
**സയ്യിദ് അലി ബാഅലവി നദ്‌വി**

ലോക പ്രശസ്ത മഹാപണ്ഡിതൻ, ഖാദിരി, നഖ്ശബന്തി, ചിശ്തി, സുഹ്റവർദി ത്വരീഖതുകളിൽ മുറബ്ബിയായ ശൈഖ്, ദക്ഷിണേന്ത്യയിലെ ജാമിഅതുൽ അസ്ഹറായ വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിലെ പ്രഥമ മലയാളി പ്രിൻസിപ്പാൾ, ആധികാരിക മുഫ്തി, ശൈഖുൽ ഹദീസ്, പരസഹസ്രം പണ്ഡിത ശ്രേഷ്ഠരുടെ സമാദരണിയരായ ഗുരുനാഥൻ, വിജ്ഞാന ഗോപുരങ്ങളുടെ രാജശില്പി, ആത്മീയ പ്രഭ പരത്തിയ സൂഫി വര്യൻ.

കണ്ണൂർ ജില്ലയിലെ മൊറാഴ ദേശത്ത് പണ്ഡിതയായ ആയിഷയുടെയും ദീനീ സേവകനായ മുഹ്‌യുദ്ദീൻ എന്നവരുടെയും ഇളയ സന്തതിയായി 1915 ൽ ഭൂജാതരായി.

ഓത്ത് പള്ളിയും വിജ്ഞാന കേന്ദ്രവുമായിരുന്ന മാതൃഭവനത്തിൽ സ്വന്തം മാതാവിൽ നിന്നും അടിസ്ഥാന വിജ്ഞാനങ്ങൾ പഠിച്ച ശേഷം ഹള്റത്ത് കേരളത്തിലെ പ്രശസ്ത പള്ളി ദർസുകളിൽ പഠനം തുടർന്നു. പുതിയാപ്ല അബ്ദുറഹ്മാൻ മുസ്ല്യാർ, ആയഞ്ചേരി അബ്ദുറഹ്മാൻ മുസ്ലിയാർ, കാപ്പാട് കുഞ്ഞഹമ്മദ് മുസ്ലിയാർ , അബ്ദുൽ ഖാദിർ ഫള്ഫരി തുടങ്ങിയ മഹാ പണ്ഡിതരാണ് ഹള്റത്തിന്റെ കേരളത്തിലെ പ്രധാന ഗുരുനാഥൻമാർ.

തുടർന്ന് തമിഴ്നാട്ടിലെ അതിരാം പട്ടണത്തിനടുത്തുള്ള റഹ്മാനിയ്യ കോളേജിലേക്ക് യാത്ര തിരിച്ചു. പരിശുദ്ധ മക്കയിലെ മുഫ്തിയായിരുന്ന ശൈഖ് സൈനീ ദഹ്‌ലാൻറെ ശിഷ്യനായ ശൈഖ് അഹ്മദ് മുത്തു പേട്ടയിൽ നിന്ന് ഇജാസത് സ്വീകരിച്ചു അവിടെ ഒരു വർഷത്തോളം അധ്യാപനം നടത്തി.

1944 മുതൽ 1948 വരെ ദയൂബന്ദിലെ ദാറുൽ ഉലൂമിൽ ഉപരി പഠനം നടത്തി. മദീന മുനവ്വറയിൽ ദർസ് നടത്തിയിരുന്ന ശൈഖുൽ ഇസ്ലാം സയ്യിദ് ഹുസൈൻ അഹ്മദ് മദനിയുടെ ഖലീഫയായി ദയൂബന്ദിൽ നിന്നും പഠനം പൂർത്തിയാക്കി.

വെല്ലൂർ ബാഖിയാതു സ്വാലിഹാത്തിൽ നിന്നുള്ള ക്ഷണം സ്വീകരിച്ചു 1949 മുതൽ 1975 വരെ കാൽ നൂറ്റാണ്ട് കാലം ബാഖിയാത്തിൽ സേവനമനുഷ്ഠിച്ചു. ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ആ കാലഘട്ടത്തിൽ അവിടെ പഠിച്ചിരുന്നുവെന്നത് ശ്രദ്ധേയമാണ്.

ഹള്റത്തിന്റെ പരസഹസ്രം ശിഷ്യ ഗണങ്ങളിൽ കേരളത്തിലെ ഭൂരിപക്ഷം സുന്നി പണ്ഡിതരുമുൾപെടുമെന്നത് സ്മരണീയമാണ്. വലിയുല്ലാഹി സി.എം മടവൂർ ശൈഖ് (റ) ബാഖിയാത്തിലെ പ്രിൻസിപാൾമാരായിരുന്ന അല്ലാമ അബ്ദുൽ ജബ്ബാർ ഹള്റത്ത്, ശൈഖുൽ ഹിന്ദ് കമാലുദീൻ ഹള്റത്ത്, സമസ്ത മുൻ പ്രസിഡന്റ് സയ്യിദ് അബ്ദുറഹ്മാൻ അസ്ഹരി തങ്ങൾ, സയ്യിദ് അബ്ദുറഹ്മാൻ കുഞ്ഞി കോയ തങ്ങൾ ഉള്ളാൾ, കെ.കെ അബൂബകർ ഹള്റത്ത്, കാളമ്പാടി മുഹമ്മദ് മുസ്ലിയാർ, ആനക്കര കോയക്കുട്ടി മുസ്ലിയാർ, സി.എച്ച് ഐയ്ദറൂസ് മുസ്ലിയാർ, എം.എം ബഷീർ മുസ്ലിയാർ, തിരൂരങ്ങാടി ബാപ്പു മുസ്ലിയാർ, ചെറുശ്ശോല കുഞ്ഞഹമ്മദ് മുസ്ലിയാർ, അണ്ടോണ അബ്ദുല്ല മുസ്ലിയാർ, കുറ്റിപ്പുറം അബ്ദുല്ല മുസ്ലിയാർ, പാറന്നൂർ പി.പി ഇബ്രാഹിം മുസ്ലിയാർ, മൂര്യാട് ഹംസ മുസ്ലിയാർ, പാനായിക്കുളം അബ്ദുറഹ്മാൻ മുസ്ലിയാർ, സംസ്ഥാന കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് എൻ.കെ മുഹമ്മദ് മുസ്ലിയാർ, കാന്തപുരം എ.പി അബുബകർ മുസ്ലിയാർ, കെ.ടി മാനു മുസ്ലിയാർ, ചെമ്പരിക്ക സി.എം അബ്ദുല്ല മുസ്ലിയാർ, ഇ.കെ ഹസൻ മുസ്ലിയാർ, ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റുമാരായിരുന്ന റഈസുൽ ഉലമ ശിഹാബുദീൻ മുസ്ലിയാർ, വി.എം മൂസ മുസ്ലിയാർ വടുതല, കെ.എം ഫരീദുദ്ദീൻ മുസ്ലിയാർ, അബുൽ ബുഷ്റ കെ.എം മുഹമ്മദ് മൗലവി ചേലക്കുളം, കോയ മൗലവി, ഡോ. മുഹ്യുദ്ദീൻ ആലുവായി, ഡോ.ഹംസ അബ്ദുല്ല മലയ്ബാരി, ഡോ. ബഷീർ മുഹ്യുദ്ദീൻ, കെ.സി ജമാലുദ്ദീൻ മുസ്ലിയാർ, ടി.കെ.എം ബാവ മുസ്ലിയാർ, പി.കെ.പി അബ്ദുസ്സലാം മുസ്ലിയാർ, മൂസക്കുട്ടി ഹള്റത്ത്, ആദൃശ്ശേരി ഹംസ കുട്ടി മുസ്ലിയാർ, ചാലിയം അബ്ദുറഹ്മാൻ മുസ്ലിയാർ, പടിഞ്ഞാറങ്ങാടി മമ്മി കുട്ടി മുസ്ലിയാർ, സയ്യിദ് യു.കെ

ആറ്റക്കോയ തങ്ങൾ, കരുവാരക്കുണ്ട് അബ്ദുല്ല മുസ്ലിയാർ, കാപ്പിൽ ഉമർ മുസ്‌ലിയാർ, സൈദ് മുഹമ്മദ് നിസാമി, ഡോ. സയ്യിദ് ഖുദ്റതുള്ള ബാഖവി, സൈനുൽ ആബിദീൻ ഹള്റത്ത്, കുഞ്ഞാണി മുസ്‌ലിയാർ മേലാറ്റൂർ, കോഴിക്കോട് ഖാസി ആയിരുന്ന നാലക്കത്ത് മുഹമ്മദ് കോയ ബാഖവി, സഊദലി ഹള്റത്ത് തുടങ്ങിയവർ ഹള്റത്തിന്റെ ശിഷ്യരിൽ ചിലരാണ്.

മഹാ പണ്ഡിതനായ പാനൂർ സയ്യിദ് ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ ഹള്റത്തിനോട് ത്വരീഖതിൽ ബൈഅത് ചെയ്ത മുരീദുമാരിൽ പ്രമുഖനാണ്.

ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയ ഹാഫിള്, പരസഹസ്രം ഹദീസുകൾ മനപാഠമുള്ള മുഹദ്ദിസ്, അസംഖ്യം ആധികാരിക ഫത്‌വകൾ നൽകിയ മുഫ്തി, ബഹുഭാഷ പണ്ഡിതൻ, യുനാനി ഡോക്ടർ, ഗോള ശാസ്ത്രം, വാന നിരീക്ഷണ ശാസ്ത്രം, തുടങ്ങിയ വിജ്ഞാന ശാഖകളിൽ അഗാധ പാണ്ഡിത്യം. അനവധി വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ ദീർഘ ദൃഷ്ടിയോടെ പ്രവർത്തിച്ച വിദ്യാഭ്യാസ വിചക്ഷണൻ എല്ലാമായിരുന്നു ഹള്റത്ത്.

സർവ്വോപരി പ്രവാചക ചര്യ പൂർണ രൂപത്തിൽ ജീവിത ചര്യയാക്കിയ മുത്തബിഉസ്സുന്ന ആയിരുന്നു മഹാനവർകൾ. സൗദി അറേബിയ, സിങ്കപ്പൂർ, മലേഷ്യ, തായ്‌ലാന്റ്, വിയറ്റ്നാം, ഹോങ്കോങ്, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തിയിരുന്നു.

ബാഖിയാത്തിലെ ദാറുൽ ഹദീസ്, പാപ്പിനിശ്ശേരി ഹുസൈനിയ്യ യതീംഖാന, ആലുവ ജാമിയ ഹസനിയ്യ തുടങ്ങിയവയുടെ രാജശിൽപി ഹള്റത്താണ്. ജാമിയ നൂരിയ്യ പട്ടിക്കാട് സ്ഥാപിക്കുന്നതിൽ പ്രാരംഭത്തിൽ ഹള്റത്തിന്റെ ദീർഘ വീക്ഷണത്തോടെയുള്ള പങ്ക് നിർണായകമായിരുന്നു.

തഖ്‌രീറു സ്വഹീഹിൽ ബുഖാരി, അൽ ഫതാവ, മജ്മൂഅത്തുൽ അശ്ആർ, ജംഉൽ ഫവാഇദ്, മറ്റു പ്രാമാണിക ഗ്രന്ഥങ്ങൾക്ക് എഴുതിയ തഅ്‌ലീഖാത്തുകൾ എന്നിവ ഹള്റത്തിന്റെ സാഹിത്യ സംഭാവനകളാണ്.

1982 ഒക്ടോബർ 17ന് 1402 ദുൽഹിജ്ജ 29ന് ഞായറാഴ്ച ഹള്റത്ത് വഫാതായി. തിങ്കളാഴ്ച പ്രഭാതത്തിൽ പാപ്പിനിശ്ശേരി കാട്ടിലെ പള്ളി ബിലാൽ മസ്ജിദിന്റെ മുൻ വശം ഖബറടക്കി.

1991 ൽ മൗലാനാ ശൈഖ് ഹസൻ ഹള്റത്തിന്റെ നിത്യ സ്മാരക മായി സ്ഥാപിതമായ ദാറുൽ ഹസനാത്ത്  ഇസ്ലാമിക് കോംപ്ലക്സിന്റെ ബാനീ കണ്ണൂർ ഖാളി ആയിരുന്ന സയ്യിദ് ഹാഷിം ബാഅലവി കുഞ്ഞി തങ്ങൾ മൗലാനാ ഹള്റത്തിന്റെ ശിഷ്യനും ജാമാതാവുമാണ്.

**അവലംബം**

1. ഹള്റത്ത് *സ്മരണിക*, ഹസനിയ്യ ട്രസ്റ്റ്, വ.1985

# മുഹമ്മദ് മുസ്ത്വഫ അൽ അഅ്സമി
## (1932 - 2017)

തയ്യാറാക്കിയത്:
സഅദ് തന്നട

ഇന്ത്യയിലെ ഹദീസ് മേഖലയിൽ ഉന്നത സ്വാധീനം ചെലുത്തിയ മഹാ പണ്ഡിതനായിരുന്നു മുഹമ്മദ് മുസ്ത്വഫ അഅ്സമി. ഹിജ്റ പതി മൂന്നാം നൂറ്റാണ്ടിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഹദീസ് വൈജ്ഞാനിക ലോകത്തിന് അത്യധികം സംഭാവനകളർപ്പിച്ചു. ഹിജ്റ 1352 (1930) ഉത്തർപ്രദേശത്തിലെ മൗവിൽ മഹാനവറുകൾ ഭൂജാതനായി.

പ്രൈമറി, ഹയർസെക്കണ്ടറി, സ്കൂൾ വിദ്യാഭ്യാസം നാട്ടിൽ നിന്ന് കരസ്ഥമാക്കി. ചെറുപ്പ കാലത്ത് തന്നെ കൂർമ്മ ബുദ്ധിയുള്ള ശൈഖ് അഅ്സമി മതപഠനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. ഹൈസ്കൂൾ വിദ്യാഭ്യാസം ഉന്നത സ്ഥാനത്തോടെ കരസ്ഥ മാക്കിയ മഹാനവറുകളെ പ്രസിദ്ധ ഇസ്ലാമിക് സർവ്വകലാശാലയായ ദാറുൽ ഉലൂം ദയൂബന്ദിലേക്ക് അയച്ചു. തുടർന്ങ്ങോട്ട് നിരന്തര വായന കളും ഗവേഷണങ്ങളുമായി ജീവിതം മുന്നോട്ട് പോയി. 1952ൽ ദാറുൽ ഉലൂമിൽ നിന്ന് ബി.എ ബിരുദവും ശേഷം ഈജിപ്തിലെ അൽ അസ് ഹർ യൂണിവേഴ്സിറ്റിയിൽ നിന്നും എം. എ ബിരുദവും കൂടി മഹാനവ റുകൾ സ്വായത്തമാക്കി.

1964ൽ, മഹാനവറുകൾ യു.കെയിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ പി.എച്ച്.ഡിക്ക് ചേർന്നു. 'ആദ്യ കാല ഹദീസ് സാഹിത്യത്തിലെ പഠനം' എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. പബ്ലിക് ഡോക്ടറേറ്റിന് ശേഷം ഖത്തറിലേക്ക് മടങ്ങിയ അദ്ദേഹം രണ്ട് വർഷം നാഷണൽ ലൈബ്രറിയുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു.

1968ൽ മക്കയിലെ ഉമ്മുൽ ഖുറ സർവകലാശാലയിൽ അസോ സിയേറ്റ് പ്രൊഫസർ, 1973ൽ കിംഗ് സൗദ് യൂണിവേഴ്സിറ്റിയിൽ

ഹദീസ് സയൻസ് പ്രൊഫസർ, ഉമ്മുൽ ഖുറയിലെയും കിംഗ് സൗദ് സർവകലാശാലകളിലെയും വിദ്യാർത്ഥികൾ നടത്തിയ ഹദീസിന്റെ വിവിധ വിഷയങ്ങളിൽ നിരവധി ഗവേഷണങ്ങളുടെ മെന്റർ എന്നിങ്ങനെ വൈവിധ്യ മേഖലകളിൽ നിറസാന്നിധ്യമായി നിന്നു. സൗദി അറേബ്യയിലെ വിവിധ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളിൽ അംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ഹദീസ് പണ്ഡിതരിൽ ഒരാളായി കണക്കാക്കപ്പെടുന്ന ശൈഖ് മുഹമ്മദ് മുസ്ത്വഫ അൽ അഅ്സമി, ഈ അനുഗ്രഹീത മേഖലയെ സേവിക്കുന്നതിൽ മുൻനിര പങ്ക് വഹിക്കുന്നു. പ്രവാചകന്റെ സുന്നത്തിനെയും അതിൽ നിന്നുള്ള വ്യതിചലനത്തെയും പ്രതിരോധിച്ചു കൊണ്ട് വിലപ്പെട്ട ഗ്രന്ഥങ്ങൾ രചിച്ച ആദ്യത്തെ പ്രമുഖ പണ്ഡിതന്മാരിൽ ഒരാളാണ് അദ്ദേഹം. അതുപോലെ, പ്രവാചകന്റെ ഹദീസ് സേവിക്കുന്നതിനായി ഓട്ടോമാറ്റിക് കമ്പ്യൂട്ടർ ആദ്യമായി പൊരുത്തപ്പെടുത്തുന്നത് അദ്ദേഹമാണ്.

ദീനി സേവനങ്ങൾക്കുപരി മഹാനവറുകളുടെ രചനകൾ ഹദീസ് പഠനങ്ങൾക്ക് വെളിച്ചമേകി. അതിൽ പ്രധാനപ്പെട്ടവയാണ്:

1. ആദ്യകാല ഹദീസ് സാഹിത്യത്തിലെ പഠനം.
2. ഹദീസ് രീതിശാസ്ത്രവും സാഹിത്യവും.
3. വെളിപാട് മുതൽ സമാഹാരം വരെയുള്ള ഖുർആൻ പാഠത്തിന്റെ ചരിത്രം.
4. പ്രമുഖ ഒറിയന്റലിസ്റ്റ് ശാഖ്ത്തിന്റെ മുഹമ്മദൻ നിയമശാസ്ത്രം എന്ന ഗ്രന്ഥത്തിന് വിമർശന പഠനം.
5. ദിറാസത്ത് ഫീ അൽ-ഹദീസ് അൻ-നബവി.
6. കുത്താബ് അൻ-നബി.
7. മൻഹജ് അൻ-നഖ്ദ് ഇന്ദ് അൽ-മുഹദ്ദിതിൻ.
8. അൽ-മുഹദ്ദിഥുൻ മിൻ അൽ-യമാമ.

1980-ൽ ഇസ്ലാമിക പഠനത്തിനുള്ള കിംഗ് ഫൈസൽ ഇന്റർനാഷണൽ അവാർഡ് അദ്ദേഹത്തിന് ലഭിച്ചു. ഹദീസ് സാഹിത്യത്തിലെ പാശ്ചാത്യ പാണ്ഡിത്യത്തെ വെല്ലുവിളിക്കുന്നതിലാണ് അഅ്സമിയുടെ മിക്ക കൃതികളും ശ്രദ്ധ കേന്ദ്രീകരിച്ചത്, പ്രത്യേകിച്ചും പ്രവാചകൻ മുഹമ്മദ് (സ്വ)ന്റെ ജീവിതകാലത്ത് ഹദീസുകളെക്കുറിച്ചുള്ള

തീവ്രമായ സാഹിത്യപ്രവർത്തനം അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിൽ ഉണ്ടായിരുന്നു എന്ന വസ്തുത എടുത്തു കാണിക്കുന്നു. 2017 ഡിസംബർ 20ന് മഹാനവറുകൾ വഫാത്തായി.

**അവലംബം**


1. *ഡോ. മുഹമ്മദ് മുസ്തഫ അഅ്സമി ആൻഡ് ഹിസ് കോൺട്രിബ്യൂഷൻ*, മുഹമ്മദ് നജീബ് ഖാസിമി, ദിയൂബന്ദ് നെറ്റ്, വ. 2019
2. *ശൈഖ് മുഹമ്മദ് മുസ്തഫ അഅ്സമി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ഐ.എൻ.എച്ച്.എ.ഡി, വ.2014, പു.13
3. *മുഹമ്മദ് മുസ്തഫ അഅ്സമി*, താരിസ് അഹ്മദ്, ഹിക്മ പ്രസ്സ്, വ.2018, വാള്യം 03

# മുഹമ്മദ് തഖിയുദ്ധീൻ ഉസ്മാനി
## (1943)

**തയ്യാറാക്കിയത്:**
**നാസിം ഉദുമ**

ബ്രിട്ടീഷ് ഇന്ത്യയിലെ സഹാറൻപൂർ ജില്ലയിലെ ദേവ്ബന്ദ് നഗരത്തിൽ 1943 ഒക്ടോബർ 3 (ഹിജ്റ 1362 5 ശവ്വാൽ)നായിരുന്നു പ്രമുഖ ഹദീസ് പണ്ഡിതനായ ശൈഖ് മുഹമ്മദ് തഖിയുദ്ധീൻ ഉസ്മാനിയുടെ ജനനം. മുഫ്തി മുഹമ്മദ് ഷാഫിയുടെ ( 1976) അഞ്ചാമത്തെയും ഇളയ പുത്രനുമാണ് തഖിയ്യുദ്ദീൻ ഉസ്മാനി. പൂർണ്ണ നാമം മുഹമ്മദ് തഖിയ്യുദ്ദീൻ ഇബ്നു മുഹമ്മദ് ഷാഫി ഇബ്നു മുഹമ്മദ് യാസിൻ ഇബ്നു ഖലീഫ തഹ്സിൻ അലി ഇബ്നു ഇമാം അലി ഇബ്നു കരീമുല്ലാ ഇബ്നു ഖൈറുല്ലാ ബ്നു ശുക്റുല്ലാ എന്നാണ്. തലമുറകളായി വൈജ്ഞാനിക ബന്ധം നിലനിർത്തി വരുന്ന കുടുംബത്തിലാണ് മഹാനവറുകൾ ജനിച്ചത്. അവരുടെ പിതാവും പ്രപിതാവും ദാറുൽ ഉലൂം സർവകലാശാലയിലെ മികച്ച അധ്യാപകരായിരുന്നു.

1948–ൽ അദ്ദേഹത്തിന്റെ പിതാവ് കുടുംബത്തോടൊപ്പം ദേവ്ബന്ദിൽ നിന്ന് പാകിസ്ഥാനിലെ കറാച്ചിയിലേക്ക് കുടിയേറി. കറാച്ചിയിലെ ദാറുൽ ഉലൂമിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം, 1953–ൽ ദർസേ നിസാമി പാഠ്യപദ്ധതിയിൽ മത പരിശീലനം ആരംഭിച്ചു. 1958–ൽ ഫാസിലേ അറബി (പഞ്ചാബ് ബോർഡ്) ഡിസ്റ്റിംഗ്ഷനോടെ പാസായ ശൈഖ് തഖിയുദ്ദീൻ ദാറുൽ ഉലൂമിൽ നിന്ന് ഡിസ്റ്റിംഗ്ഷനോടെ അലീമിയ്യ ബിരുദം നേടി. പിന്നീട് 1961–ൽ ദാറുൽ ഉലൂമിൽവെച്ച് തന്നെ ഫിഖ്ഹിലും ഇഫ്തയിലും (ഫത്വകൾ വിതരണം ചെയ്യൽ) ബിരുദം നേടുകയും മുഫ്തി എന്ന പദവി കരസ്ഥമാക്കുകയും ചെയ്തു. പിന്നീട് പഞ്ചാബ് സർവകലാശാലയിൽ നിന്ന് ഭാഷാ സാഹിത്യത്തിലും ബിരുദം നേടി.

ഹദീസ് പഠനങ്ങളോട് പ്രത്യേക താൽപര്യമുണ്ടായിരുന്ന മഹാനവറുകൾ പല അഗ്രകണ്യ പണ്ഡിതരുമായി ബന്ധം സ്ഥാപിച്ചു. അന്ന് ലഭ്യമായ പ്രസിദ്ധ ഹദീസ് പണ്ഡിതരെ പോയി കാണുകയും സഹവസിക്കുകയും ചെയ്തിരുന്നു. മുഹമ്മദ് ഷാഫി, മുഹമ്മദ് ഇദ്‌രീസ് ഖാന്ദഹ്‌ലവി, ഖാരി മുഹമ്മദ് ത്വയ്യിബ്, സലീമുല്ല ഖാൻ, റാഷിദ് അഹമ്മദ് ലുധിയാൻവി, സഹ്ബാൻ മഹ്മൂദ്, സഫർ അഹമ്മദ് ഉസ്മാനി തുടങ്ങിയ പണ്ഡിതന്മാരിൽ നിന്ന് ഹദീസ് പഠിപ്പിക്കാൻ ഉസ്മാനിക്ക് ഇജാസത്ത് ലഭിച്ചു.

മുൻ പാകിസ്ഥാനി ജഡ്ജിയായും വിഫാഖ് ഉൽ മദാരിസ് അൽ-അറബിയയുടെ അധ്യക്ഷനായും ദാറുൽഉലൂം കറാച്ചി സർവ്വകശാല വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിരുന്നു. മീസാൻ ബേങ്ക് സ്ഥാപിച്ച് പാക്കിസ്ഥാനിൽ ഇസ്ലാമിക് ബേങ്കിംഗ് എന്ന ആശയത്തിന് തുടക്കമിട്ടത് ഇദ്ദേഹമാണ്. ഇസ്ലാമിക വിഷയങ്ങളിൽ അറബി, ഉറുദു, ഇംഗ്ലീഷ് ഭാഷകളിൽ ഇദ്ദേഹം ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. *'തൗസീഹ് അൽ ഖുർആൻ'*, *'ഇസ്ലാമിക് ഫിനാൻസിന് ഒരു ആമുഖം'*, *'സമകാലിക ഫതാവ'*, *'സുന്നത്തിന്റെ അധികാരം'*, *'ഉലൂമുൽ ഖുർആൻ'* തുടങ്ങി 145 ഓളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ ദാറുൽ ഉലൂം കറാച്ചിയിൽ സഹീഹ് അൽ-ബുഖാരി, ഫിഖ്ഹ്, ഇസ്ലാമിക് ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ അദ്ധ്യാപനം നടത്തിക്കൊണ്ടിരിക്കുന്നു.

**അവലംബം**

1. *താരീഖു തദ്‌വീനി സുന്നത്തുന്നബവി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ദാറു ഇബ്നു കസീർ, വ.2018

# ഡോ. ഹംസ അബ്ദുല്ല അൽ മലയ്ബാരി
## (1952)

**തയ്യാറാക്കിയത്:**
**അബ്ദുൽ ഫർഹാദ് കാഞ്ഞിരോട്**

ലോക പ്രശസ്ത ഹദീസ് പണ്ഡിതനും സമകാലീന അറബ് ലോകത്ത് ഹദീസ് വിജ്ഞാനങ്ങളുടെ ആഴങ്ങളിൽ ഗവേഷണ പര്യടനം നടത്തിക്കൊിരിക്കുന്ന അപൂർവ്വ പ്രതിഭകളിൽ ഒരാളാണ് കേരളീയനായ ഡോ. ഹംസ അബ്ദുല്ല മലയ്ബാരി.

**ജീവിതവും പഠനവും**

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിനടുത്ത് പട്ടുവം ഗ്രാമത്തിൽ അബ്ദുല്ലയുടെയും മർയമിന്റെയും മകനായി 1952ൽ ജനിച്ചു. പട്ടുവം സ്കൂളിലെ പ്രാഥമിക പഠനത്തിനു ശേഷം ചെറുകുന്ന് പള്ളി ദർസിൽ ചേർന്നതോടെ ആത്മീയ സരണിയിലേക്ക് കാലെടുത്തു വെച്ചു. പടിഞ്ഞാറങ്ങാടി മമ്മിക്കുട്ടി മുസ്‌ലിയാരുടെ ശിക്ഷണത്തിൽ 9 വർഷത്തെ പഠനത്തിനു ശേഷം ദക്ഷിണേന്ത്യയിലെ പ്രശസ്ത ഇസ്‌ലാമിക് സ്ഥാപനമായ വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്തിൽ തുടർ പഠനത്തിനായി പോവുകയും 1974ൽ അവിടെ നിന്നും ബാഖവി ബിരുദം കരസ്ഥമാക്കി.

പിന്നീട് 1978ൽ ലോകത്തിലെ സുപ്രസിദ്ധ ഇസ്‌ലാമിക കലാലയമായ ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലേക്ക് യാത്ര തിരിച്ചു. അവിടെ നിന്നും 1981ൽ ഹദീസ് ആൻഡ് റിലേറ്റഡ് സയൻസിൽ ഉന്നത സ്ഥാനത്തോടെ ഡിഗ്രി പൂർത്തിയാക്കി. വിജ്ഞാനപ്രിയനായ മലയ്ബാരി പിന്നീട് മക്കയിലെ ഉമ്മുൽ ഖുറ യൂണിവേഴ്സിറ്റിയിൽ പോവുകയും 6 വർഷത്തെ ആഴമേറിയ ഗവേഷണ പഠനത്തിനൊടുവിൽ 1987ൽ ഹദീസ് മേഖലയിൽ ഡിസ്റ്റിംഗ്ഷനോടെ ഡോക്ടറേറ്റ് നേടുകയും ചെയ്തു. പഠനം പൂർത്തിയാക്കിയതിന് ശേഷം 1987ൽ ഉമ്മുൽ ഖുറ യൂണി

വേഴ്സിറ്റിയിൽ തന്നെ പാർട്ട് ടൈം ലക്ച്ചററായി സേവനമനുഷ്ഠിച്ചു. പിന്നീട് 1988 മുതൽ 1996 വരെ അൾജീരിയയിലെ അമീർ അബ്ദുൽ ഖാദിർ യൂണിവേഴ്സിറ്റിയിൽ അസ്സിസ്റ്റന്റ് പ്രൊഫസറായും, അസ്സോസ്സിയേറ്റ് പ്രൊഫസറായും, ശേഷം ജോർദാനിലെ ഹയർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇസ്‌ലാമിക് സയൻസിൽ അസ്സോസിയേറ്റ് പ്രൊഫസറായും സേവനം അനുഷ്ഠിച്ചു. പിന്നീട് 1996 മുതൽ 2000 വരെ ജോർഡാൻ യൂണിവേഴ്സിറ്റിയിൽ ഫുൾ ടൈം ലക്ചററായി സേവനം അനുഷ്ഠിച്ചു. 2000 മുതൽ ദുബായിലെ കോളേജ് ഓഫ് ഇസ്‌ലാമിക് ആൻഡ് അറബിക് സ്റ്റഡീസിൽ പ്രൊഫസ്സറായി സേവനം ചെയ്തു കൊണ്ടിരിക്കുന്നു.

ഇതിനൊക്കെ പുറമെ, 10 വർഷത്തോളമായി അക്കാദമിക് ഫീൽഡിൽ പ്രവർത്തിച്ചു വരുന്നു. ദുബായിലെ കോളേജ് ഓഫ് ഇസ്‌ലാമിക് ആൻഡ് അറബിക് സ്റ്റഡീസ് ജനറൽ സെക്രട്ടറിയും ചെയർമാൻ ഓഫ് പ്രൊമോഷൺ കമ്മിറ്റിയും ഫൺഡമെന്റൽ ഓഫ് റിലീജ്യസ് ഡിപാർട്മെന്റ് ഹെഡുമാണ് അദ്ദേഹം. അതുകൂടാതെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഹദീസ് സംബന്ധിച്ചുള്ള ക്ലാസുകൾ സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നു. ധാരാളം ഹദീസ് കോൺഫറൻസുകളിലും അതിന്റെ ശാസ്ത്രീയ വശങ്ങളെ കുറിച്ച് പ്രതിപാതിക്കുന്ന മേഖലയിലും അദ്ദേഹം പങ്കെടുത്തിരുന്നു.

**പ്രധാന അധ്യാപകർ**

1. മുഹമ്മദ് കുട്ടി മുസ്‌ലിയാർ
2. ശൈഖുൽ മുഹദ്ദിസ് മൗലാനാ ശൈഖ് ഹസൻ ഹസ്രത്ത്
3. ഡോ. ഇസ്മാഈൽ അൽ ദഫ്താർ
4. ഡോ. അഹ്മദ് നൂർ സൈഫ്

**സ്വാധീനിച്ച മഹാ വ്യക്തിത്വങ്ങൾ**

ശൈഖ് ഹംസ മലയ്ബാരിയെ പഠനകാലത്തു തന്നെ ധാരാളം പണ്ഡിതന്മാർ സ്വാധീനിച്ചിരുന്നു. അദ്ദേഹം അവർ നടന്ന വൈജ്ഞാനിക പാന്ഥാവിലൂടെ നടക്കാൻ നിരന്തരം പരിശ്രമിക്കുകയും ചെയ്തിരുന്നു.

1. അൽ ഹാഫിള് ഇബ്ൻ ഹജർ അൽ അസ്ഖലാനി
2. ശൈഖ് ശംസുദ്ധീൻ അൽ ദഹബി
3. ശൈഖ് അബ്ദുറഹ്മാൻ അൽ മുഅ്ലിമി

## ഹദീസ് വിജ്ഞാനത്തിലെ മലയ്ബാരിയുടെ സംഭാവന

1. പതിനഞ്ച് വർഷം നീണ്ടുനിന്ന ഗവേഷണ പര്യടനത്തിന്റെ തൽഫല മായി രചിച്ച *'അൽ മുവാസനതു ബൈനൽ മുതഖദ്ദിമീന വൽ മുതഅ ഖിരീന ഫീ തസ്ഹീഹിൽ അഹാദീസി വ തഅ്ലീലിഹാ'* എന്ന ഗ്രന്ഥ മാണ് ശൈഖ് മലയ്ബാരിയുടെ മാസ്റ്റർപീസ്.

2. മദീന യൂണിവേഴ്സിറ്റിയിലെ ഹദീസ് മേഖല തലവൻ ഡോ. റബീഉ ബ്നു ഹാദിഅ് അൽമദ്ഖലിയുമായി നടത്തിയ സംവാദത്തിന്റെ ഉള്ളട ക്കം ചേർത്തെഴുതിയ *'അബ്ഖരിയ്യത്തു ഇമാം മുസ്ലിം ഫി തർതീബി അഹാദീസി മുസ്നദിഹി സ്വഹീഹ്'*.

3. ഹദീസ് വിജ്ഞാനങ്ങളിലെ പുതിയ ചിന്തകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ *'നള്റത്തുൻ ജദീദത്തുൻ ഫീ ഉലൂമിൽ ഹദീസ്'*.

4. ഹദീസ് അപഗ്രഥന ശാസ്ത്ര പഠന രീതിയെ സംബന്ധിച്ച് പ്രതിപാ തിക്കുന്ന *'കൈഫ നദ്റുസു ഫീ തഖ്രീജിൽ ഹദീസ്'*.

5. ഡോ. റബീഉ ബ്നു ഹദീഅ് അൽ മദ്ഖലിയുടെ *'അത്തൻഖീലു ലിമ ഫീ തൗളീഹിൽ മലയ്ബാരി മിനൽ അബാത്തീൽ'* എന്ന കൃതിയുടെ പ്രതികരണമെന്നോണം 1989ൽ ഡോ. റബീഇലേക്ക് എഴുതിയ *'മാ ഹാ കദ തൂരിദു യാ സഅ്ദൽ ഇബ്ൽ'* (പതിനേഴ് വർഷം ശേഷമാണ് ഈ കൃതി ഒരു പുസ്തക രൂപേണ പ്രകാശിതമായത്).

6. ഹദീസ് മേഖലയിലെ ഒരു സുപ്രധാന ശാഖയായ 'ഹദീസുൽ മഅ് മൂൽ' എന്താണെന്നും അതിന്റെ മാനദണ്ഡങ്ങളെയും വളരെ വിശദമായി പ്രതിപാതിക്കുന്ന ഗ്രന്ഥമായ *'അൽ ഹദീസുൽ മഅ്ലൂൽ;ഖവാഇദുൻ വ ളവാബിത്വുൻ'*.

7. ഹദീസ് നിരൂപകരെ പ്രതിപാതിക്കാനായി രചിച്ച *'കിതാബു ഉലൂമുൽ ഹദീസ് ഫീ ളൗഇ തത്ബീഖാത്തിൽ മുഹദ്ദിസീന അന്നഖാദ്'*.

8. ആധുനിക കാലത്ത് ഹദീസ് വിജ്ഞാനത്തിതിനെതിരെ ഉയർന്നു വരുന്ന ചോദ്യങ്ങൾക്കു മറുപടിയായി രചിച്ച *'സുആലാത്തുൻ ഹദീസി യ്യത്തുൻ'*.

9. ഹദീസ് വിമർശകർക്ക് വശ്യസുന്ദരമായ രീതിയിൽ മറുപടി നൽകു ന്ന തരത്തിലുള്ള ഗ്രന്ഥരചന അവസാനിപ്പിച്ച് എഴുതിയ ഹദീസിലെ ഗരീബായ (അപരിചിതമായ) പദങ്ങളെ വ്യക്തമാക്കി തരുന്ന വി ഷയാധിഷ്ഠിത ഗ്രന്ഥമാണ് *'ദിറാസത്തു തത്ബീഖിയ്യ ഫിൽ ഹദീസിൽ മഅ്ളുഇ'*.

**അവലംബം**

1. *അറബ് ലോകത്ത് ശ്രദ്ധേയനാകുന്ന മലയ്ബാരി പ്രതിഭ*, സയ്യിദ് അലി ഹാശിം ബാഅലവി നദ്‌വി, ചന്ദ്രിക മാഗസിൻ 2012, പേ:12
2. *ശൈഖ് ഡോ. ഹംസ അബ്ദുള്ള അൽ മലയ്ബാരി ആന്റ് ഹിസ് കോൺട്രിബ്യൂഷൻ ടു ഹദീസ്*, ഹസ്നവി സുലൈം ഹുദവി, പി.ജി തിസീസ്, ദാറുൽ ഹുദാ ഇസ്‌ലാമിക് യൂനിവേർസിറ്റി, 2019

# മുഹമ്മദ് അക്റം നദ്‌വി
## (1964)

തയ്യാറാക്കിയത്:
**അബ്ദുൽ ഫത്താഹ് പാവന്നൂർ**

സ്വതന്ത്ര ഇന്ത്യയിലെ ഇസ്‌ലാമിക പണ്ഡിതനും ഹദീസ് വിജ്ഞാന ശാഖയിലെ പ്രസിദ്ധനുമാണ് ശൈഖ് മുഹമ്മദ് അക്റം നദ്‌വി. ഇന്ത്യൻ നഗരമായ ജൗൻപൂരിൽ 1964ലാണ് ജനനം. ഹദീസ്‌വിജ്ഞാന ശാഖയിൽ വിശിഷ്യാ ഇൽമുൽ രിജാലിൽ അമൂല്യ രത്നമാണ് ശൈഖ് മുഹമ്മദ് അക്റം നദ്‌വി.

ജന്മനാട്ടിൽ തന്നെ ബാലപാഠങ്ങൾ പഠിക്കുകയും തുടർ പഠനങ്ങൾ നടത്തുകയും ചെയ്തു. ചെറുപ്പത്തിൽ തന്നെ വിശേഷ ബുദ്ധിയും വൈഭവുമുള്ള മഹാനവറുകൾ ഹദീസ് മേഖലയിൽ പ്രത്യേക ശ്രദ്ധ കാണിച്ചിരുന്നു. അതുകൊണ്ട് തന്നെ ഇന്ത്യയിലെ പ്രസിദ്ധ യൂനിവേഴ്സിറ്റിയായ നദ്‌വത്തുൽ ഉലമയിൽ (ലഖ്നൗ) പരമ്പരാഗത ഇസ്‌ലാമിക വിഷയങ്ങളിൽ ആഴത്തിലുള്ള പരിശീലനം നേടി. തുടർന്ന് ലഖ്നൗ സർവകലാശാലയിൽ നിന്നും അറബിക് സാഹിത്യത്തിൽ പി.എച്ച്.ഡിയും ഡോക്റ്ററേറ്റും കരസ്ഥമാക്കി.

ഹദീസ് മേഖലയിലെ ശ്രദ്ധേയ വിഷയമായ ഇൽമുൽ രിജാലിൽ വൈദിഗ്ദ്ധ്യം നേടിയ ഏറ്റവും ഉയർന്ന തലത്തിലുള്ള മുഹദ്ദിസാണ് ശൈഖ് അക്റം നദ്‌വി. വൈജ്ഞാനിക ജീവിത യാത്രിക്കിടയിലത്രയും ലോകത്തിന്റെ നാനാ ഭാഗത്തുമുള്ള വിശ്വപ്രതിഭകളുമായി കണ്ടുമുട്ടുകയും ബന്ധം സ്ഥാപിക്കുകയും ചെയ്തു. 60 ലധികം പണ്ഡിതന്മാരിൽ നിന്നും വിവിധ ഇജാസത്തുകൾ ശൈഖവറുകൾ സ്വീകരിച്ചു. വിശ്വപ്രസിദ്ധ പണ്ഡിതനായ അബു ഹസൻ അലി ഹസൻ നദ്‌വിയുടെ പ്രധാന ശിഷ്യനായിരുന്നു. സ്വാഭാവികമായും മറ്റുള്ളവരിൽ നിന്നും ഉയർന്നു നിൽക്കുന്ന പണ്ഡിതനെന്ന നിലയിൽ അല്ലാമാ അബുൽ ഹസൻ അലി

ഹസൻ നദ്‌വിയുടെ പ്രതിനിധിയായി ഇംഗ്ലണ്ടിലേക്ക് അയച്ചു. 30 വർഷത്തോളം പിന്നീട് ഇംഗ്ലണ്ടിൽ താമസിച്ചു.

വൈജ്ഞാനിക പരിശീലനങ്ങൾക്ക് പുറമെ വ്യത്യസ്ത മേഖലയിൽ മഹാനവറുകളുടെ സേവനങ്ങൾ സുലഭമായിരുന്നു. ഓക്സ്ഫോർഡ് സെന്ററിന്റെ ഗവേഷകനായും കാംബ്രിഡ്ജ് ഇസ്‌ലാമിക് കോളേജിന്റെ ഡീനും അക്കാഡമിക് ഡയറക്ടറായും സേവനമനുഷ്ഠിച്ചു. ഇതിനു പുറമെ അൽ സലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹസ്ഥാപകനെന്ന നിലയിൽ, ഇസ്‌ലാമിക് സ്കോളർഷിപ്പ് പ്രോഗ്രാമിലെ അധ്യാപകനായിനിന്നു.

രചനാ രംഗത്തും അക്റം നദ്‌വിയുടെ സംഭാവനകൾ വിശാലമാണ്. രണ്ട് പതിറ്റാണ്ടുകളായി അദ്ദേഹം മറ്റ് പണ്ഡിത വിഷയങ്ങൾക്കൊപ്പം ഇന്ത്യയിലെ ഹദീസ്, സൂഫി ക്രമങ്ങൾ എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തി. ഹദീസ്, ഫിഖ്ഹ്, ജീവചരിത്രം, അറബി വ്യാകരണം, വാക്യഘടന തുടങ്ങിയ മേഖലകളിലായി അറബി, ഇംഗ്ലീഷ്, ഉറുദു ഭാഷകളിലായി 60-ലധികം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഷാഹ് വലിയുല്ലാഹിയെക്കുറിച്ചുള്ള വിവർത്തന കൃതികൾ അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടുന്നു. അബു ഹനീഫ, സയ്യിദ് അബുൽ ഹസൻ അലി നദ്‌വി തുടങ്ങിയ വ്യക്തിത്വങ്ങളെക്കുറിച്ചുള്ള യഥാർത്ഥ മോണോഗ്രാഫുകളും മഹാനവറുകളുടെ രചനകളിൽപ്പെടുന്നു.

2010 മെയ് മാസത്തിൽ ഇസ്‌ലാമിക ചരിത്രത്തിലെ ഹദീസ് പണ്ഡിതരുടെ ജീവിതത്തെക്കുറിച്ചുള്ള ധാരാളം വാള്യങ്ങളുള്ള ഒരു സ്മാരക കൃതി അദ്ദേഹം പൂർത്തിയാക്കി. 2021 ൽ ഹദീസ് മേഖലയിൽ തന്നെ കഴിഞ്ഞ 1400 വർഷങ്ങളായി ഹദീസ് ക്രോഡീകരണത്തിലെ സ്ത്രീ സാന്നിധ്യം പ്രതിപാതിക്കുന്ന 43 വാള്യങ്ങളുള്ള ഒരു സ്മാരക നിഘണ്ടു *'അൽ മുഹദ്ദിസാത്ത്'* എന്ന ഗ്രന്ഥംകൂടി എഴുതി പൂർത്തിയാക്കി. ഇസ്‌ലാമിക ലോകത്ത് ഉയർന്നു നിൽക്കുന്ന പല ചോദ്യങ്ങൾക്കും ഉത്തരം നൽകിക്കൊണ്ടായിരുന്നു ഈ ഗ്രന്ഥം രചിക്കപ്പെട്ടത്.

ഇന്നും ഹദീസ് വിജ്ഞാന മേഖലയിൽ തെളിഞ്ഞു നിൽക്കുന്ന വിളക്കുമാടമായി, സേവന നിരതനായി ശൈഖ് മുഹമ്മദ് അക്റം നദ്‌വി ജീവിച്ചുകൊണ്ടിരിക്കുന്നു.

**അവലംബം**

1. *ഈഫ് ദ ഒശിയൻസ് വേർ ഇങ്ക്*, കാർല, വ.2021
2. *എ സീക്രട്ട് ഹിസ്റ്ററി*, ന്യൂയോർക്ക് മാഗസിൻ, വ.2018

# ഈജിപ്ത്


ഫുആദ് അബ്ദുൽ ബാഖി
(1882 - 1968)


അഹ്മദ് മുഹമ്മദ് ശാക്കിർ
(1892 - 1958)


മുഹമ്മദ് അബൂശഹ്ബ
(1914 - 1983)


ത്വാരിഖ് ബ്ന് ഇവളില്ലാഹ്
(1963)

# മുഹമ്മദ് ഫുആദ് അബ്ദുൽ ബാഖി
## (1882 - 1967)

**തയ്യാറാക്കിയത്:**
**മുഹമ്മദ് സഹൽ കതിരൂർ**

മുഹമ്മദ് ഫുആദ് അബ്ദുൽ ബാഖി സ്വാലിഹ് മുഹമ്മദ് എന്നാണിദ്ദേഹത്തിന്റെ പൂർണ്ണ നാമം. 1882 മാർച്ച് മാസത്തിലാണ് ഖൽയൂബി ഗ്രാമത്തിൽ ഈജിപ്ത്യൻ ദമ്പതിമാർക്ക് ഇദ്ദേഹം ജനിക്കുന്നത്. കെയ്റോയിലും സൗദാനിലുമൊക്കെ ദേശാടനം ചെയ്യേണ്ടി വന്നെങ്കിലും പിന്നീട് ഇജിപ്തിലേക്ക് തന്നെ തിരിച്ചെത്തി പ്രാഥമിക പഠനം പൂർത്തിയാക്കി. ചെറുപ്പത്തിൽ തന്നെ തന്റെ മാതാവ് മരണപ്പെട്ടു. അക്കാലത്തെ 'സയ്യിദുൽ മുഹഖിഖീൻ' എന്ന വിളിപ്പേര് ലഭിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളില്ലാത്ത ലൈബ്രറികൾ അക്കാലത്തുണ്ടായിരുന്നില്ല. പ്രവാചകൻ മുഹമ്മദ് നബി (സ) യുടെ ഹദീസിലേക്ക് വായനക്കാർക്ക് പ്രവേശനം നൽകുന്ന സൂചകങ്ങൾ ഉൾപ്പെടെ ഖുർആനും സുന്നത്തുമായി ബന്ധപ്പെട്ട നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയും സമാഹരിക്കുകയും ചെയ്തു.

1897ൽ, 15ാം വയസ്സിൽ അമേരിക്കയിലെ സ്കൂളിൽ പഠിച്ചു. 1900 കളിൽ ഗവർണ്മെന്റ്, പ്രൈവറ്റ് മദ്റസകളിലും പഠിപ്പിച്ചു കൊണ്ട് അദ്ധ്യാപന മേഖലയിലേക്ക് കടന്ന മഹാനവർകൾ 1933 വരെ മാത്രമായിരുന്നു അദ്ധ്യാപനത്തിൽ തുടർന്നത്. സൽഗുണ സമ്പന്നത വ്യക്തിത്വത്തെ പണ്ഡിതർക്കും ജനങ്ങൾക്കും സമക്ഷം ഉയർത്തിക്കാട്ടി. 23ാം വയസ്സിൽ ഭാഷ പരിഭാഷപ്പെടുത്തുന്ന ജോലിയിലേക്ക് പ്രവേശിച്ചു. 1910 ൽ വിവാഹിതനായ ഇദ്ദേഹത്തിന് 3 ആൺ മക്കളും 2 പെൺ മക്കളുമാണുള്ളത്. അദ്ദേഹത്തിന്റെ പിതാവ് അവസാന കാലത്ത് വിവാഹം കഴിക്കുകയും ഒരു സഹോദരി കൂടി ഇദ്ദേഹത്തിന് ഉണ്ടായി. പിതാവിന്റെ വഫാത്തിന് ശേഷം ഇദ്ദേഹമാണ് 2 വയസ്സ് മാത്രം പ്രായമുള്ള സഹോ

ദരിയെ വളർത്തിയത്.

സുന്നത്തിനും ഹദീസിനും അർപ്പിച്ച സംഭാവനകൾ അതുല്യമാണ്. അഗാധവും സൂക്ഷ്മവുമായ പാണ്ഡിത്യം കാരണത്താൽ തന്നെ ജനങ്ങൾ ഇദ്ദേഹത്തെ ശൈഖ് മുഹമ്മദ് അബ്ദു എന്ന് വിളിച്ചു. അദ്ദേഹത്തിന്റെ വിനയം കാരണത്താൽ ഈ വിളി നിരസിച്ചു. ഭാഷയിലും സാഹിത്യത്തിലും പ്രഗത്ഭനായിരുന്നു. അതിനാൽ, ഒരുപാട് ഗ്രന്ഥങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ രചനയിലെ അദ്ധ്യായങ്ങളും ഉള്ളടക്കങ്ങളും ക്രമീകരണങ്ങളും വ്യത്യസ്തമായിരുന്നു. സുനനു ഇബ്നി മാജ, സ്വഹീഹ് മുസ്ലിം, മുവത്വാ ലി ഇമാമി മാലിക് എന്നീ ഗ്രന്ഥങ്ങൾക്ക് പ്രത്യേക ഉള്ളടക്കങ്ങളടങ്ങുന്ന ശറഹുകൾ രചിച്ചു. പരിഭാഷയിലെ മികവ് അവിസ്മരണീയമാണ്. *'അൽ മിഫ്താഹു കുനൂസു സ്സുന്ന'* ഇംഗ്ലീഷിൽ നിന്നും *'തഫ്സീലുൽ ഖുർആൻ'* പേർഷ്യയിൽ നിന്നും പരിഭാഷപ്പെടുത്തിയതിദ്ദേഹമാണ്. *'തയ്സീറുൽ മൻഫഅ: ബികിതാബിൽ മിഫ്താഹ് കുനൂസുസ്സുന്ന:'*, *'മുഅ്ജമു ഗരീബുൽ ഖുർആൻ'*, *'അല്ലുഅ്ലുഉ വൽ മർജാൻ ഫീമാ ഇത്തഫഖ അലൈഹി ശ്ശൈഖാൻ'* തുടങ്ങിയവ അദ്ദേഹം ഈ മേഖലയിൽ രചിച്ച ചിലതാണ്.

പ്രമുഖ പണ്ഡിതനും വിജ്ഞാന തേജസ്വിയുമായിരുന്ന ശൈഖ് മുഹമ്മദ് ഫുആദ് അബ്ദുൽ ബാഖി (റ) 1968ലാണ് വഫാത്താവുന്നത്. മഹ്മൂദ് സഖ്സൂഖ്(റ) ഇദ്ദേഹത്തിന്റെ വിജ്ഞാന സരണിയിലെ പ്രയത്നത്തെയും പ്രചരണ വീചിയിലെ ത്യാഗത്തെയും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലൂടെ ചൂണ്ടി കാട്ടി. ബുദ്ധികൂർമതയും അഗാധ പാണ്ഡിത്യവും അദ്ദേഹത്തെയും മറ്റു പണ്ഡിതന്മാരെയും അത്ഭുതപ്പെടുത്തിയുട്ടുണ്ടെന്ന് പലരും അവരുടെ ഗ്രന്ഥങ്ങളിലൂടെ പ്രതിപാതിച്ചിരുന്നു. നുഅ്മത്ത് അഹ്മദ് എന്ന ശൈഖ് മുഹമ്മദ് ഫുആദ് അബ്ദുൽ ബാഖി (റ) യുടെ മകൾ കുവൈത്തിലെ അറബി മാഗസിനിൽ പിതാവിന്റെ അനുസ്മരണം അറിയിച്ചിരുന്നു. ഡോ അഹ്മദ് ശർബാസ്വി ലബ്നാനിലെ മാഗസിലും അനുശോചിച്ചിരുന്നു.

**അവലംബം**

1. *ഖുർആൻ ആൻഡ് ഹദീസ്*, എൻസൈക്ലോപീഡിയ, ബ്രിൽ
2. *അഅ്ലാമുൻ ഇസ്ലാമിയ്യ*, ഖാലിദ് സാലിം അ്സ്സദ്ദാനി, മക്തബത്തു ആമിരിയ്യ, വ.2014

# ശൈഖ് അഹ്മദ് മുഹമ്മദ് ശാക്കിർ
## (1892 - 1958)

**തയ്യാറാക്കിയത്:**
**മുഹമ്മദ് സിനാൻ ചപ്പാരപ്പടവ്**

ശൈഖ് അഹ്മദ് മുഹമ്മദ് ശാക്കിർ ഹി. 1309 ജുമാദൽ ആഖിർ 27 (എഡി 1892 ജനുവരി 29)ന് ഈജിപ്തിലെ പ്രസിദ്ധ പട്ടണമായ കെയ്റോയിൽ ജനിച്ചു. ശൈഖ് മഹമൂദ് അബു ദഖീഖയുടെ കീഴിൽ നിയമശാസ്ത്രത്തിന്റെ അടിസ്ഥാനകാര്യങ്ങൾ അഭ്യസിച്ച അദ്ദേഹം തന്റെ പിതാവായ ശൈഖ് മുഹമ്മദ് ഷാക്കിറിന്റെ കീഴിൽ, അദ്ദേഹം തഫ്സീർ അൽ-ബഗവി, സ്വഹീഹ് മുസ്‌ലിം, സുനൻ അൽ-തിർമിദി, ശമാഇൗൽ അൽ റസൂൽ, സ്വഹീഹ് അൽ ബുഖാരി എന്നിവ പഠിച്ചു. അബ്ദുല്ല ബിൻ ഇദ്‌രീസ് അൽ-സനൂസ്സി, ശൈഖ് ശാക്കിർ അൽ ഇറാഖി എന്നിവർ മഹാനവർകളുടെ പ്രധാന ഗുരുവര്യന്മാരിൽ പെട്ടവരാണ്.

എ.ഡി 1917ൽ ഇന്റർനാഷണൽ സർട്ടിഫിക്കറ്റ് നേടിയ ശേഷം നാല് മാസത്തേക്ക് ഉസ്മാൻ മഹർ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിതനായി, തുടർന്ന് അദ്ദേഹം ശരീഅ ജുഡീഷ്യറിയിലേക്ക് മാറി, ശരീഅ കോടതികളിൽ ജഡ്ജിയാകുന്നതുവരെ തന്റെ സ്ഥാനങ്ങളിൽ പുരോഗതി പ്രാപിച്ചു. 1952ൽ ജുഡീഷ്യറി മേഖലയിൽ നിന്നും വിരമിക്കുകയും തുടർന്നുള്ള ജീവിതം വൈജ്ഞാനിക സേവനങ്ങളിൽ ചെലവഴിക്കുകയും ചെയ്തു.

തെളിവുകൾ നോക്കി ഫത്‌വ പുറപ്പെടുവിച്ച അദ്ദേഹത്തിനെതിരെ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ഒട്ടും പിന്നോട്ട് പോകാതെ വാദവും തെളിവും ഉപയോഗിച്ച് തന്റെ അഭിപ്രായത്തെ പ്രതിരോധിച്ചു. പൂർവ്വികരും സമകാലികരും അദ്ദേഹം ഫത്‌വകൾ രചിക്കുന്ന കാര്യങ്ങളിൽ ധാരാളം വാദങ്ങളും പ്രതികരണങ്ങളും കൊണ്ടുവന്നു. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ പ്രശസ്തമായ *'അഹ്കാം അൽ-തലാഖ'* എന്ന പുസ്തകത്തിൽ, ഇബ്

നു തൈമിയയുടെ അഭിപ്രായങ്ങൾ അദ്ദേഹം സ്വീകരിച്ചു. മുഴുവൻ ഈജിപ്ഷ്യൻ, ഇസ്ലാമിക ജുഡീഷ്യറി വിവാഹമോചനത്തിൽ ഫത്‌വ പുറപ്പെടുവിക്കുമ്പോൾ ഇതുവരെ *'ദാർ അൽ-ഇഫ്താ അൽ-മസ്രിയ'* ഈ മഹത്തായ ഗ്രന്ഥത്തെയാണ് കുടുംബ, വിവാഹമോചന കാര്യങ്ങളിൽ ഫത്‌വ പുറപ്പെടുവിക്കുന്നത്, ഇത് ഈ പ്രശ്നങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനുള്ള ഉൾക്കാഴ്ചയുള്ളതും ശ്രദ്ധാപൂർവ്വവുമായ വീക്ഷണത്തെ സൂചിപ്പിക്കുന്നു.

ശൈഖ് അഹ്മദ് മുഹമ്മദ് ശാക്കിർ ഹദീസ് മേഖലയിൽ തന്റേതായ ശൈലിയിൽ പല സംഭാവനകളും നൽകിയിട്ടുണ്ട്. മഹാനായ ഇമാം സുയൂഥിയുടെ *'അൽഫിയ ഫി ഇൽമിൽ ഹദീസ്'* എന്ന കിതാബിന് അദ്ദേഹം ശർഹ് നൽകിയിട്ടുണ്ട്. അതോടൊപ്പം സൈനുദ്ദീൻ അൽ ഇറാഖിയുടെ അൽഫിയ ഫി മുസ്ത്വഹിൽ ഹദീസ് എന്ന കിതാബിനും അദ്ദേഹം ശർഹ് രചിച്ചിട്ടുണ്ട്. കർമ്മശാസ്ത്രത്തിലും അദ്ദേഹം മികവ് പുലർത്തിയിരുന്നു. *'ഖവാഇദുൽ ഉസൂൽ വമആഖിദുൽ ഫുസൂൽ'* എന്ന കിതാബ് രചിച്ചതോടൊപ്പം പല കിതാബുകൾക്കും അദ്ദേഹം ശർഹ് നൽകിയിട്ടുണ്ട്.

ഹിജ്റ 1377 ദുൽഖഅദ 26 ശനിയാഴ്ച (എ.ഡി. 1958 ജൂൺ 14) അദ്ദേഹം ലോകത്തോട് വിട പറഞ്ഞു.

**അവലംബം**

1. *അൽ ഉസ്താദ് അഹ്മദ് മുഹമ്മദ് ശാക്കിർ*, അബ്ദുറഹ്മാൻ, ദാറു രിയാദ്
2. *ശൈഖ് അഹ്മദ് ശാക്കിർ ആൻഡ് ദ എഡോപ്ഷൻ*, മൂസ, ഇസ്ലാമിക് ആൻഡ് ലോ, വ.1998

# ശൈഖ് മുഹമ്മദ് ബിൻ മുഹമ്മദ് അബൂശഹ്ബ
## (1914 - 1983)

തയ്യാറാക്കിയത്:
**മുഹമ്മദ് നസീം ഓണപ്പറമ്പ**

ഈ നൂറ്റാണ്ടിലെ പ്രമുഖ ഹദീസ് പണ്ഡിതനാണ് ശൈഖ് മുഹമ്മദ് ബിൻ മുഹമ്മദ് അബൂ ശഹ്ബ. പ്രശസ്തിയോ മറ്റോ ആഗ്രഹിക്കാതെ തന്റെ മഹത്തായ ജീവിതം കഴിച്ചുകൂട്ടിയ ശൈഖ് ഖുർആനിനെയും സുന്നത്തിനെയും സേവിക്കുന്നതിനായി തന്റെ ജീവിതം മാറ്റിവെച്ചു. ആധുനിക പണ്ഡിതരിൽ പ്രധാനിയായ അദ്ദേഹം ധാരാളം ശിഷ്യഗണങ്ങളുള്ള വ്യക്തിത്വം കൂടിയാണ്.

ഹിജ്റ 1332 ശവ്വാൽ 25 ന് (ക്രി. 1914 സെപ്തംബർ 15) ഈജിപ്തിലെ നൈൽ നദി തീരത്ത് സ്ഥിതി ചെയ്യുന്ന ദസൂഖ് സെന്ററിലെ ഗ്രാമപ്രദേശങ്ങളിലൊന്നായ മിൻയ ജനാജ് എന്ന ഗ്രാമത്തിൽ നാട്ടിലെ ഒരു പ്രമുഖ പണ്ഡിതന്റെ മകനായി ശൈഖ് മുഹമ്മദ് അബൂ ശഹ്ബ എന്നവർ ജനിക്കുന്നത്.

പിതാവിന്റെ മേൽനോട്ടത്തിൽ പ്രാഥമിക വിദ്യാഭ്യാസം കരഗതമാക്കമാൻ സ്വന്തം ഗ്രാമത്തിലെ പ്രമുഖ പണ്ഡിതന്മാരിലേക്ക് നാലാം വയസ്സിൽ തന്നെ പോയിത്തുടങ്ങിയ അദ്ദേഹം സർവ്വശക്തനായ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തന്റെ ഒമ്പതാം വയസ്സിൽ പരിശുദ്ധ ഖുർആൻ മനപാഠമാക്കി. ജനന സമയത്ത് തന്നെ ഖുർആൻ പഠിപ്പിക്കാനും അൽ അസ്ഹറിലെ വിജ്ഞാന സദസ്സുകളിൽ മകനെ പങ്കെടുപ്പിക്കാനും പിതാവ് നേർച്ച നേർന്നിരുന്നു.

നാട്ടിലെ പണ്ഡിതന്മാരിൽ നിന്നും പഠനം പൂർത്തിയാക്കിയതിന് ശേഷം അടുത്തുള്ള പ്രൈമറി സ്കൂളിൽ ചേർന്നു. അവിടെ വെച്ച് തന്നെ പരിശുദ്ധ ഖുർആനിന്റെ ബാക്കിയുള്ള പകുതിയും അദ്ദേഹം മനഃപാഠമാക്കി. സൗദിയിലും ബഗ്ദാദിലുമുള്ള തന്റെ മതപഠനത്തിന് ശേഷം

ഹിജ്റ 1344 ൽ ദസൂഖ് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം ലഭിക്കുകയും പിന്നീട് 1348 ൽ സെക്കൻഡറി ഇൻസ്റ്റിറ്റ്യൂട്ടിൽ ചേരുകയും ചെയ്തു. പിന്നീട് അദ്ദേഹം ഹിജ്റ 1357 ൽ ആദ്യകാല വിദ്യാർത്ഥികളിൽ ഒരാളായി ഉന്നത വിദ്യഭ്യാസ സർട്ടിഫിക്കറ്റ് നേടി. തുടർന്ന് തഫ്സീർ, ഹദീസ് ഡിപ്പാർട്ട്മെന്റിൽ ഉപരിപഠനം നടത്തി. പിന്നീട് ഹിജ്റ 1365 ൽ ഹദീസിൽ തന്റെ ഡോക്ടറേറ്റ് നേടിയെടുത്തു.

ഹിജ്റ 1384 ൽ അൽ അസ്ഹർ സർവകലാശാലയിൽ അധ്യാപകനായി നിയമിതനായ അദ്ദേഹത്തിന് തുടർന്ന് അസിസ്റ്റന്റ് പ്രൊഫസറായും പിന്നീട് പ്രൊഫസറായും ഡീൻ ആയും സ്ഥാനക്കയറ്റം ലഭിച്ചു. ഹിജ്റ 1385 ൽ സുഡാനിലെ ഉമ്മു ദർമാൻ സർവകലാശാലയിൽ മൂന്ന് വർഷം സേവനമനുഷ്ഠിക്കുകയും അതിനിടയിൽ പടിഞ്ഞാറൻ സുഡാനിൽ പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. സൗദി അറേബ്യയിലെ വിശുദ്ധ ഖുർആൻ റേഡിയോയിൽ സഹീഹ് അൽ-ബുഖാരിയിൽ നിന്നുള്ള ഹദീസുകൾ അതിന്റെ വിശദീകരണത്തോടൊപ്പം ഒരു ദൈനംദിന പാഠം ഓഡിയോ-വിഷ്വൽ റേഡിയോ സ്റ്റേഷനുകളിൽ അദ്ദേഹം പ്രക്ഷേപണം ചെയ്തിരുന്നു. അദ്ദേഹം സൗദി അറേബ്യ, ഈജിപ്ത്, ഇറാഖ്, സുഡാൻ എന്നിവിടങ്ങളിലെ വിശുദ്ധ ഖുർആൻ റേഡിയോ പ്രക്ഷേപണം ചെയ്യുകയും, ഈജിപ്തിലെയും മറ്റ് ഇസ്ലാമിക രാജ്യങ്ങളിലെയും പ്രധാന മത, ശാസ്ത്ര, സാഹിത്യ മാസികകളിൽ എഴുതുകയും നിരവധി പ്രഭാഷണങ്ങൾ നടത്തുകയും നിരവധി സെമിനാറുകളിൽ പങ്കെടുക്കുകയും ചെയ്തു.

ഖുർആൻ, ഹദീസ്, കർമ്മശാസ്ത്ര വിഷയങ്ങളിൽ ഒട്ടനവധി ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. *'അഅ്ലാമുൽ മുഹദ്ദിസീൻ', 'അൽ-സീറത്തുന്നബി ഫീ ദൗഇൽ ഖുർആനി വസ്സുന്ന:', 'ശറഹുൽ മുഖ്താർ മിൻ സഹീഹിൽ മുസ്ലിം', 'അൽ വസ്വീത് ഫീ ഉലൂമിൽ ഹദീസ്'* എന്നിങ്ങനെ നിരവധി ഹദീസ് പഠന ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

ഇസ്ലാമിക വിജ്ഞാനത്തിന്റെ പ്രസരണത്തിനായി തന്റെ ജീവിതം ഉഴിഞ്ഞ് വെച്ച ശൈഖ് മുഹമ്മദ് അബൂ ശഹ്ബ ഹിജ്റ 1403 ശവ്വാൽ 5 വെള്ളിയാഴ്ച്ച പ്രഭാത നമസ്കാരസമയത്ത് ഇഹലോകവാസം വെടിഞ്ഞു.

## അവലംബം

1. *തർജുമതു ശൈഖ് മുഹമ്മദ് അബൂ ശുഹ്ബ*, ഉദബാഉ ശാം, വ. 2020
2. *താരീഖു തദ്‌വീനി സുന്നതുന്നബവി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ദാറു ഇബ്നു കസീർ, വ. 2018, പു. 319
3. *ഇത്മാമുൽ അഅ്ലാം*, ഡോ. നിസാം ഇബാള, പു. 266,267

# ശൈഖ് ത്വാരിഖ് ബിൻ ഇവളില്ലാഹ്
## (1963)

**തയ്യാറാക്കിയത്:**
**സയ്യിദ് സാലിമുദ്ധീൻ അൽ രിഫാഇൗ**

ശൈഖ് ത്വാരിഖ് ബിൻ ഇവളില്ലാഹ് എന്നാണ് പൂർണ്ണനാമം. കെയ്റോയിലെ സൈത്തൂനിലാണ് ജനനം. 1963ലാണ് ശൈഖ് ത്വാരിഖിന്റെ ജനനം. പഠന പൂർത്തീകരണം കെയ്റോ യൂനിവേഴ്സിറ്റിയിൽ വച്ചായിരുന്നു. കെയ്റോയിൽ അറബിക് ഭാഷ, ഇസ്ലാമിക് സ്റ്റഡീസ് എന്നീ മേഖലകളിലായിരുന്നു പഠനം. അദ്ദേഹത്തിന്റെ പഠന പുരോഗമനങ്ങളിൽ വലിയ പങ്ക് വഹിച്ച ഗുരുനാഥന്മാർ കൂടുതലും അറബി ഭാഷയിലും ഫിഖ്ഹിലും ഹദീസിലും അഗാത ജ്ഞാനം നേടിയവരായിരുന്നു.

ശൈഖ് മുഹമ്മദ് ജമീൽ ഖാസി, ഡോ.മുഹമ്മദ് ബൽതാജി, ഡോ. മുസ്തഫ ഹലമി, ശൈഖ് അബൂ ഇസ്ഹാഖ് അൽ ഹുവൈനി, ശൈഖ് മുഹമ്മദ് അംറ് അബ്ദുൽ ലത്തീഫ് എന്നിവർ അവരിൽ ചിലരാണ്. ഇദ്ദേഹം പഠന ശേഷം കെയ്റോ മസ്ജിദിൽ ഹദീസ് ദർസ് നടത്തി, ഒപ്പം ആ കിതാബുകളിലൊക്കെ ശറഹുകൾ തയ്യാറാക്കുകയും ചെയ്തു.

ചെറുപ്രായത്തിൽ തന്നെ മതപരമായ ഇൽമുകളിൽ നല്ല തൽപരനായിരുന്നു, മാത്രമല്ല ആ സമയത്ത് തന്നെ ഖുർആൻ പൂർണ്ണമായി മനപാഠമാക്കുകയും ചെയ്തു. കിതാബുകളിൽ ശ്രദ്ധ കൊടുത്ത് തുടങ്ങുമ്പോൾ തന്നെ മഹാനായ ഇമാം സുയൂത്വിയുടെ പ്രസിദ്ധമായ ഗ്രന്ഥം *'അൽഫിയ'* മനപാഠമാക്കിയിരുന്നു.

പരിശുദ്ധമായ ഹദീസ് മേഖലകളിൽ ഒരുപാട് ഗ്രന്ഥങ്ങൾ സംഭാവന ചെയ്ത മഹാ പണ്ഡിതനാണ് ശൈഖ് ത്വാരിഖ്. *'അന്നഖ്ദുൽ ബിനാഉ ലി ഹദീസി അസ്മാഇൻ ഫീ കശ്ഫിൽ വജ്ഹി വൽ കഫയ്നി ലി നിസാഅ്'*, *'അൽ ഇർശാദാത്തു ഫീ തഖ്വിയത്തിൽ അഹാദീസ്'*,

*'ഹിസ്മു നിസാഇ ഫീ മസ്അലത്തി സമാഅ്'* എന്നിവ ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടതാണ്.

**അവലംബം**

1. *താരീഖു തദ്‌വീനി സുന്നതുന്നബവി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ദാറു ഇബ്നു കസീർ, വ.2018
2. *അഅ്ലാമുൻ ഇസ്‌ലാമിയ്യ*, ഖാലിദ് സാലിം അസ്സദ്ദാനി, മക്തബത്തു ആമിരിയ്യ, വ.2014

# സിറിയ


ജമാലുദ്ധീൻ അൽ ദിമശ്ഖി
(1866 - 1914)


മുസ്ത്വഫ അസ്സിബാഇ
(1915 -1964)


അബ്ദുൽ ഫത്താഹ് അബൂ ഗുദ്ദ
(1917 - 1997)


മുഹമ്മദ് അദീബ് അൽ സ്വാലിഹ്
(1926 - 2017)


ഷുഹൈബ് അൽ അർനാഊതി
(1928 - 2016)


മുഹമ്മദ് അജാജ് അൽ ദിമഷ്ഖി
(1932 - 2021)


ശൈഖ് മുഹമ്മദ് നൂറുദ്ദീൻ ഇത്ർ
(1937 - 2020)

# മുഹമ്മദ് ജമാലുദ്ധീൻ അൽ ഖാസിമി അൽ ദിമശ്ഖി

## (1866 - 1914)

തയ്യാറാക്കിയത്:
**മുഹമ്മദ് മുഹ്സിൻ അരിയിൽ**

പ്രമുഖ ഹദീസ് പണ്ഡിതനും, ഗൗസുൽ അഅ്സം ശൈഖ് മുഹയുദ്ധീൻ അബ്ദുൽ ഖാദർ ജീലാനി (റ)വിന്റെ പേരമക്കളിൽ പ്രമുഖനും ശാമിലെ ഇമാമുമായിരുന്നു മുഹമ്മദ് ജമാലുദ്ധീൻ അൽ ഖാസിമി അൽ ദിമശ്ഖി (റ).

ഹിജ്റ 1283ൽ ഡമസ്ക്കസിൽ ജനനം. ഹിജ്റ 1308 മുതൽ 1312 വരെയുള്ള നാല് വർഷക്കാലം സിറിയൻ നഗരങ്ങളിലും ഗ്രാമങ്ങളിലുമായി പൊതു പഠനങ്ങൾ സ്വായത്തമാക്കി. ശേഷം ജറൂസലമിലേയും ഈജിപ്തിലേയും നിരവധി പട്ടണങ്ങളും തുടർന്ന് ഒരുപാട് സിറിയൻ പള്ളികൾ സന്ദർശിക്കുകയും അവിടെ നിന്നൊക്കെ ഒരുപാട് വിജ്ഞാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. ശേഷം അദ്ദേഹം ഡമസ്ക്കസിലേക്ക് തന്നെ മടങ്ങി വരികയും അവിടെ നിന്ന് അദ്ദേഹവും അദ്ദേഹത്തിന്റെ കൂട്ടുകാരും സൗന്ദര്യ സിദ്ധാന്തം (മദ്ഹബുൽ ജമാൽ) എന്ന പുതിയ മദ്ഹബ് കൊണ്ട് വന്നു എന്ന ആരോപണത്തിന് വിധേയനാവുകയും ഹി. 1313ൽ അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. പിന്നീട് നിരപരാധിത്വം തെളിഞ്ഞ് മോചിപ്പിക്കുകപ്പെടുകയുണ്ടായി.

ഹദീസ്, അഖീദ, ഫിഖ്ഹ് തുടങ്ങിയ മേഖലകളിൽ ഇദ്ദേഹം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. കൂടാതെ, നിരവധി മാസികകളിലും പത്രങ്ങളിലുമായി എണ്ണമറ്റ ലേഖനങ്ങളും, ഗവേഷണങ്ങളും ഇദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

കൈറോയിലെ ഹൗസ് ഓഫ് റിവൈവൽ ഓഫ് അറബിക് ബുക്സ് പ്രസിദ്ധീകരിച്ച ഖുർആൻ വ്യാഖ്യാനമായ *'മഹാസിൻ അൽ തഅ്വീൽ'* എന്ന പതിനേഴ് വാല്യങ്ങളുള്ള കൃതി, ഹദീസ് സംബന്ധമായ

വിഷയത്തിൽ അദ്ദേഹം രചിച്ച *'ഖവാഇദു തഹ്ദീസ് മിൻ ഫുനൂനി മുസ്ത്വലഹിൽ ഹദീസ്'* എന്ന കൃതി, ബുഖാരി ഇമാമിന്റെ കർമ്മശാസ്ത്രവും ജീവിതവും പരിചയപ്പെടുത്തുന്ന *'ഹയാത്തുൽ ബുഖാരി'*, *'അൽ ജർഹു വത്തഅ്അദീൽ'* എന്നീ വിഷയങ്ങളിലെ ജേർണലുകളും അദ്ദേഹത്തിന്റെ വിജ്ഞാന രംഗത്തെ വിലപ്പെട്ട ശേഷിപ്പുകളാണ്.

നാൽപ്പത്തിയൊമ്പത് വർഷത്തെ ജീവിതത്തിന് ശേഷം ഹിജ്റ 1332ൽ ഡമസ്ക്കസിൽ വെച്ച് മരണപ്പെടുകയും അവിടെ തന്നെ ഖബറടക്കുകയും ചെയ്തു.

**അവലംബം**


1. *ശൈഖു ശാം ജമാലുദ്ദീൻ അൽ ഖാസിമി*, മഹ്മൂദ് മഹ്ദി, അൽ മക്തബുൽ ഇസ്ലാമി, വ.1985
2. *ജമാലുദ്ദീൻ അൽ ഖാസിമി വ അസ്വിരിഹി*, ഡമസ്കസ്, വ.1965
3. *ജുഹൂദ് വ മൻഹജു ശൈഖ് ജമാലുദ്ദീൻ അൽ ഖാസിമി*, മുഹമ്മദ് ബ്ൻ സാമി, വ.2011

# മുസ്ത്വഫ അസ്സിബാഇ
## (1915 -1964)

**തയ്യാറാക്കിയത്:**
**മുഹമ്മദ് സിജാസ് അരിയിൽ**

മുസ്ത്വഫ ബിൻ ഹസനു അസ്സിബാഇ എന്നാണ് പൂർണ നാമം. 1915 സിറിയയിലെ ഹിംസിൽ ഓട്ടൊമൻ സമ്രാജ്യത്തിന്റെ കാലത്ത് ജനിച്ചു. ശാസ്ത്രത്തിനും പണ്ഡിതർക്കും പേരുകേട്ട ഒരു പുരാതന ശാസത്ര കുടുബത്തിലാണ് ഇദ്ദേഹം വളർന്നത്. കെയ്റോയിലെ അൽ അസ്ഹർ സർവകലാശാലയിൽ നിന്ന് ഇസ്ലാമിക ദൈവശാസ്ത്രം അഭ്യസിച്ചു. പിന്നീട് സിറിയയിലെ ഇസ്ലാമിക പണ്ഡിതനും രാഷട്രീയ പ്രവർത്തകനുമായി. ഡമസ്കസ് സർകലാശാലയിലെ ഇസ്ലാമിക നിയമ വിഭാഗം ഡീൻ ആയ ഇദ്ദേഹം സിറിയയിലെ മുസ്ലിംകളുടെ ഇടയിൽ ഐക്യം നിലനിർത്തുന്നതിൽ വളരെയധികം പങ്കുവഹിച്ചിരുന്നു. താഹിർ അൽറയീസ്, സയ്യിദ് അൽ മലൂഹി, ശൈഖ് അൽ അതാസ് തുടങ്ങിയ ഹിംസിലെ പ്രമുഖ പണ്ഡിതന്മാർ പങ്കെടുത്ത സയൻസ് കൗൺസിലുകളിൽ മുസ്ത്വഫ തന്റെ പിതാവിനെ അനുഗമിക്കുമായിരുന്നു. ഉപ്പയായ ശൈഖ് അൽ ഹസൻ നല്ല പ്രഭാഷകനായതിനാൽ ജനങ്ങളുടെ ഇടയിൽ വലിയ സ്വീകാര്യതയുായിരുന്നു. ആ പാത പിന്തുടരുകയും ജനങ്ങളുടെ ഇടയിൽ ദീനീ പ്രബോധനം നടത്തുകയും ഹദീസിന്റെ മേഖലയിൽ ധാരാളം വിജ്ഞാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

ഈജിപ്തിൽ ആയിരിക്കുമ്പോൾ ബ്രദർഹുഡ് സ്ഥാപകനായ ഹസനുൽ ബന്നയുടെ കീഴിൽ സജീവമായി പ്രവർത്തിച്ചു. 1930ൽ അവിടെ നിന്ന് മടങ്ങിയത്തിയ ഇദ്ദേഹം, ഡമസ്കസ്സ് സർവ്വകലാശായിൽ അധ്യാപകനായി ചേർന്നു.1941ൽ ഫ്രഞ്ച് മാൻഡേറ്റിനെതിരായി പ്രവർത്തിക്കാൻ രൂപീകരിച്ച 'ശബാബ് മുഹമ്മദ്' എന്ന സംഘടന നാഷണൽ ബ്ലോക്കിൽ സഖ്യം ചേർന്ന് സഹകരിച്ചു വന്നു. 1946ലാണ് ഇദ്ദേഹം സി

റിയയിൽ ബ്രദർഹുഡിന്റ ശാഖ ആരംഭിക്കുന്നത്. 1948ൽ ഫലസ്തീൻ യുദ്ധത്തിൽ ഇസ്രാഈലിനെതിരെ മുസ്ലിം ബ്രദർഹുഡ് സഹായം നൽകി. പക്ഷെ യുദ്ധത്തിൽ തോൽവി നേരിടുകയും അതിനെ തുടർന്ന് ചില മുസ്ലിം നേതാക്കളെ ജയിലിലടക്കപെട്ടു. പിന്നീട് പിരിച്ച് വിട്ടതിന് ശേഷം ഇദ്ദേഹം ഏതാനും വർഷങ്ങൾ ഡമസ്കസിൽ താമസിച്ചു. പിന്നീട് ഒരു മികച്ച ജനകീയ്യ പാർമെന്റേറിയൻ എന്ന നിലയിൽ പ്രശസ്തിയിലേക്ക് ഉയർന്നു. 1950ൽ സിറിയൻ യൂണിവേഴ്സിറ്റിയിലെ നിയമ ഫാക്കൽറ്റിയിൽ പ്രൊഫസറായി. എന്നാൽ 1958ൽ യുണൈറ്റഡ് അറബ് റിപ്പബ്ലിക് രൂപീകരണത്തോടെ അധികാരത്തിലുണ്ടായിരുന്ന കമാൽ നാസർ സംഘടനയെ നിയമവിരുദ്ധമാക്കി പ്രഖ്യാപിച്ചു. തുടർന്ന് നടന്ന വിപ്ലവത്തെ ബ്രദർഹുഡ് പിന്തുണച്ചെങ്കിലും പിന്നീട് വന്ന ഭരണകൂടവും നിരോധനം തുടരുകയായിരുന്നു. ഇത് മുഖേന മുസ്തഫ സിബാഈയുടെ പല കൃതികളും അവർ നിരോധിച്ചു. തൊഴിലാളികൾക്കും കർഷകർക്കും എതിരായ പരാതികൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിലുള്ള പ്രശ്നങ്ങൾ ഇങ്ങനെയുള്ള പൊതു പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇദ്ദേഹം വളരെയധികം ഉത്സാഹം കാണിച്ചിരുന്നു.

ഹദീസിന് ധരാളം സംഭാവനകൾ നൽകിയ ഇദ്ദേഹത്തിന്റെ കൃതികളിൽ പ്രസിദ്ധിയാർജിച്ചത് *'ശറഹുൽ ഖാനൂൻ'*, *'ഇശ്തിറാകതുൽ ഇസ്ലാം'*, *'അഹ്കാമു സിയാം വഫൽസഫ'*, *'ഹുവൽ ഇസ്ലാം'*, *'ഇസ്തിശ്റാക്കു സുന്ന'* തുടങ്ങിയവയാണ്. 1964 ജാമദുൽ ഊലാ മാസത്തിലായിരുന്നു അദ്ദേഹത്തിന്റെ വിയോഗം.

**അവലംബം**

1. *മുസ്തഫ അസ്സിബാഈ*, ഓക്സ്ഫോർഡ് എൻസൈക്ലോപീഡിയ, വ.1964
2. *മെൻ ആൻഡ് വുമെൻ ഹൂ ശൈപ്ഡ് സിറിയ 1900-2000*, മൗബായിദ്-സാമി, ക്യൂ പ്രസ്സ്, വ.2006, പേ. 129

# അബ്ദുൽ ഫത്താഹ് അബൂ ഗുദ്ദ
## (1917 - 1997)

**തയ്യാറാക്കിയത്:**
**മിദ്‌ലാജ് എൻ പി ചാല**

അബ്ദുൽ ഫത്താഹ് ബിൻ മുഹമ്മദ് ബിൻ ബഷീർ ബിൻ ഹസൻ അബൂ ഗുദ അൽ ഹലബി. വടക്കൻ സിറിയയിലെ അലപ്പൊ നഗരത്തിൽ ഹി.1336 റജബ് 17 (1917 മെയ് 9) ന് ജനിച്ചു.

അറബ് ഇസ്ലാമിക സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കി, ശേഷം അലപ്പോയിലെ ശൈഖ് മുഹമ്മദലിയുടെ സ്കൂളിൽ നിന്ന് ഖുർആൻ മന:പാഠമാക്കുകയും ചെയ്തു. പിന്നീട് 19ാം വയസ്സ് വരെ (1936-1942) ശരീഅ സ്കൂളിൽ പഠിച്ചു. 1948ൽ അൽ അസ്ഹറിൽ ചേരുകയും പഠനം തുടരുകയും അവിടെ നിന്ന് ബിരുദം നേടുകയും ചെയ്തു.

ഈജിപ്തിലെ പഠനത്തിന് ശേഷം തന്റെ ജന്മനാടായ അലപ്പോയിലേക്ക് മടങ്ങി. പിന്നീട് 11 വർഷക്കാലം അലപ്പോയിലെ സെക്കന്ററി സ്കൂളിലും, ശേഷം ശരീഅ കോളേജിലും അദ്ധ്യാപക വൃത്തി അനുഷ്ഠിച്ചു. ഡമസ്കസ് യൂണിവേഴ്സിറ്റി കർമ്മശാസ്ത്ര വിഭാഗത്തിൽ ലെക്ച്ചററായി 3 വർഷം സേവനമനുഷ്ഠിച്ച ഇദ്ദേഹം പിന്നീട് റിയാദ് സർവ്വകലാശാലയിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു.

ഈജിപ്ത് ഉൾപ്പടെ ധാരാളം രാഷ്ട്രങ്ങൾ സന്ദർശിക്കുകയും ധാരാളം പണ്ഡിതരുമായി കൂടികാഴ്ച്ച നടത്തുകയും ചെയ്തിരുന്നു. ശൈഖ്മുസ്തഫ സബ്രി, ശൈഖ് മുഹമ്മദ് സാഹിദ് അൽ കൗത്തരി, അൽ സുന്ന പ്രസ്ഥാനത്തിന്റെ സ്ഥാപകരിലൊരാളായ ശൈഖ് അഹ്മദ് മുഹമ്മദ് ശാക്കിർ എന്നിവർ കണ്ട് മുട്ടിയവരിൽ പ്രധാനികളാണ്. മുസ്ലിം ബദർ ഹുഡിൽ അംഗത്വമെടുത്ത ആദ്യ സിറിയൻ പണ്ഡിതനാണിദ്ദേഹം. മുസ്തഫ അൽ സിബായിയുടെ മരണത്തിന് ശേഷം ശൈഖ്

അബ്ദുൽ ഫത്താഹിനെ സിറിയയിലെ മുസ്ലിം ബ്രദർ ഹുഡ് പ്രസ്ഥാന ത്തിന്റെ നായകനായി തെരഞ്ഞെടുത്തു.

എഴുപതിലധികം കിതാബുകളുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥ ശേ ഖരത്തിലെ ഭൂരിഭാഗം കിതാബുകളും ഹദീസ് ശാസ്ത്രത്തിൽ രചിക്ക പ്പെട്ടവയാണ്. *'ഹാശിയ അഅ്ലാ'*, *'തഹ്ഖീഖ് ഇസ്മി സ്വഹീഹൈനി വസ്മി ജാമിഉ തിർമുദി'*, *'അർറസൂൽ അൽ മുഅല്ലിം ഫി തഅ്ലീം'* , *'അംറാഉൽ മുഅ്മിനീൻ ഫിൽ ഹദീസ്'* എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ.

1966ൽ സിറിയയിലെ ഒരുകൂട്ടം പണ്ഡിതന്മാരുടെ കൂടെ തടവിലാ ക്കപ്പെടുകയും 11 മാസം പാൽമിറ ഡെസേർട്ട് ജയിലിൽ വസിക്കുകയും ശേഷം 1967ൽ മോചിപ്പിക്കപ്പെടുകയും ചെയ്തു. 1997 ഫെബ്രുവരി 16 (ഹി.1417 ശവ്വാൽ 9)ന് തന്റെ 80ാം വയസ്സിൽ അദ്ദേഹം ലോകത്തോട് വിട പറഞ്ഞു.

**അവലംബം**

1. *അന്നഈമുൽ മുഖീം ലിൽ മുദീരി ഫീ ദിക്റാ മദാരിസിൽ ഇൽമ്*, പേ.297
2. *ദ റോൾ ഓഫ് ഉലമ ഇൻ തോട്സ് ഓഫ് അബ്ദുൽ ഫത്താഹ് അബൂ ഗുദ്ദ*, ഹംദേ, മുസ്ലിം വേൾഡ്, വ.2017, പേ. 359

# ഡോ. മുഹമ്മദ് അദീബ് അൽ സ്വാലിഹ്
## (1926 - 2017)

തയ്യാറാക്കിയത്:
**തഫ്സീർ മുഹമ്മദ് മൂര്യാട്**

ആധുനിക ഹദീസ് പണ്ഡിതരിൽ ഒഴിച്ച് കൂടാൻ പറ്റാത്ത വ്യക്തിത്വമാണ് ഡോ. മുഹമ്മദ് അദീബ് അൽ സ്വാലിഹ്. 1926 സിറിയയിലെ ഡമസ്കസിന്റെ തെക്കു പടിഞ്ഞാറുള്ള ഖത്താനയിലാണ് അദ്ദേഹം ജനിക്കുന്നത്. ആറു മാസം പ്രായമുള്ളപ്പോൾ തന്നെ പിതാവ് മരണപ്പെട്ട അദ്ദേഹത്തെ, ശേഷം മാതാവാണ് പരിപാലിക്കുന്നത്. ഇക്കാര്യവുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്; മാതാവ് ഉമ്മു അദീബ് നസ്മിയ ബിൻത് അഹ്മദ് പിതാവിന്റെ മരണ സമയത്ത് അവരുടെ പ്രായം കേവലം 20 വയസ്സും ആറു മാസവുമാണ്. എന്നാൽ എന്റെ പരിപാലനം പ്രഥമമായി കണ്ട് രണ്ടാമതൊരു വിവാഹം അവർ നിഷേധിക്കുകയായിരുന്നു.

ഖത്താനയിലെ പ്രൈമറി സ്കൂളിലാണ് തന്റെ പ്രാഥമിക പഠനങ്ങൾ അദ്ദേഹം പൂർത്തിയാക്കുന്നത്. ശേഷം അദ്ദേഹം ഡമസ്കസിലേക്ക് മാറി, അവിടെ നിന്ന് പൊതു യോഗ്യത സർട്ടിഫിക്കറ്റ് നേടിയതിന് ശേഷം ഉന്നത വിദ്യഭ്യാസത്തിന് ഡമസ്കസ് സർവകലാശാലയിലെ നിയമ ഫാക്കൽറ്റിയിൽ ചേർന്നു. പക്ഷെ അത് പൂർത്തിയാക്കും മുമ്പ് 1947ൽ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ശരീഅ ഫാക്കൽറ്റിയിൽ ചേരുകയും ചെയ്ത അദ്ദേഹം ശരീഅത്തിലും നിയമത്തിലും ബിരുദം നേടി പുറത്തിറങ്ങി.

പഠന ശേഷം അധ്യാപനത്തിലേക്കിറങ്ങുകയും 1949–1956 വരെ അലപ്പോയിലെയും ഡമസ്കസിലെയും സെക്കന്ററി സ്കൂളുകളിലും അധ്യാപകരുടെ വീടുകളിലും ജോലി ചെയ്യുകയുണ്ടായി. 1956 ൽ ഡമസ്കസ് സർവകലാശാലയിലെ ശരീയ ഫാക്കൽറ്റിയിൽ ഒരു ടീച്ചിംഗ്

അസിസ്റ്റന്റായി ചുമതലയേൽക്കുകയും ശേഷം നിയമ ഫാക്കൽറ്റിയിലെ ഉന്നത ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കാൻ കെയ്റൊ യൂണിവേഴ്സിറ്റിയിൽ ചേർന്നു. അദ്ദേഹത്തിന്റെ തിസീസ് വിഷയം 'ഇസ്ലാമിക നിയമശാസ്ത്രത്തിലെ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം ഒരു താരതമ്യ പഠനം' എന്നതായിരുന്നു.

പിന്നീട് ഡമസ്കസിലേക്ക് മടങ്ങി തന്റെ ജോലി പുനരാരംഭിക്കുകയും 1974 വരെ പല തസ്തികകളിലായി അദ്ദേഹം സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഈ കാലയളവിൽ ഖുർആൻ, ഡിപ്പാർട്ട്മെന്റ് ഓഫ് സുന്ന ഏന്റ് റിലേറ്റഡ് സയൻസ് എന്നീ ഡിപ്പാർട്ട്മെന്റുകളുടെ ഡീനാവുകയും ചെയ്തിട്ടുണ്ട്. റിയാദിലെ റേഡിയോ പ്രോഗ്രാമുകളിലും അദ്ദേഹം സജീവ സാന്നിദ്ധ്യമായിരുന്നു. തന്റെ വിജ്ഞാന യാത്രയിൽ പ്രമുഖ പണ്ഡിതരിൽ നിന്ന് ശിഷ്യത്വം സ്വീകരിച്ചിട്ടുണ്ട്. ശൈഖ് അലി അൽ ഖാഫിഫ്, ശൈഖ് ഫറജ് അൽ സൻഹൂരി, ശൈഖ് മുഹമ്മദ് ഹാശിം അൽ ഖാത്തിബ്, ശൈഖ് മുഹമ്മദ് ബഹ്ജുൽ ബിതാർ, ഹസൻ ഹബജ എന്നിവരാണ് അദ്ദേഹത്തിന്റെ ഗുരുനാഥരിൽ ചിലർ.

അദ്ദേഹത്തിന്റെ പഠന അധ്യാപന കാലങ്ങൾക്കിടയിൽ ഒരുപാട് ശ്രദ്ധേയമായ രചനകൾ നടത്തിയതായി കാണാം. *'അൽ ഇൻസാൻ വൽ ഹയാത്'*, *'അൽ ഖിയാമതു മുഷാഹിദുഹാ വ ഇസാതുഹാ ഫിൽ ഹദീസ് അന്നബവിയ്യ'*, *'അത്തഖ്വാ ഫീ ഹദ്യിൽ കിതാബി വ സുന്നത്തി വ സിയറുസ്സ്വാലിഹീൻ'*, *'അൽ കിസ്വസു ഫീ സീറത്തിന്നബവിയ്യ'*, എന്നിവ ബൃഹത്തായ രചനകളിൽ ചുരുക്കം ചിലതാണ്. 2017 ജൂലൈ 2ന് 1438 ശവ്വാൽ 8 ഞായറാഴ്ച ശൈഖ് മുഹമ്മദ് അദീബ് അൽ സ്വാലിഹ് റിയാദിൽ അന്തരിച്ചു.

**അവലംബം**


1. *മഖാലത്തു അഹദിൽ കബീർ*, മുഹമ്മദ് അദീബ് സ്വാലിഹ്
2. *ഡോ. മുഹമ്മദ് അദീബ് സ്വാലിഹ് ദ ഹദീസ് സ്കോളർ*

# ഷുഹൈബ് അൽ അർനാഊതി
## (1928 - 2016)

**തയ്യാറാക്കിയത്:**
**മുഹമ്മദ് ശാക്കിർ വെളിയമ്പ്ര**

ഷുഹൈബ് ബിൻ മുഹർറം അൽബാനി അൽ അർനാഊതി എന്ന് പൂർണ്ണനാമം. 1928 (ഹിജ്റ 1346)ൽ ഡമസ്കസിൽ ജനനം. അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ നേതാവായ അദ്ദേഹം ഹനഫീ ഫിഖ്ഹ് മദ്ഹബ് ആയിരുന്നു പിൻപറ്റി പോന്നിരുന്നത്.

ചെറിയ പ്രായത്തിൽ ഇസ്ലാമിന്റെ ബാലപാഠങ്ങൾ സ്വായത്തമാക്കാനും ഖുർആനിന്റെ ഒട്ടുമിക്ക ഭാഗങ്ങളും മനഃപാഠമാക്കാനും അദ്ദേഹത്തിന് സാധിച്ചു. ഈ പഠനം അദ്ദേഹത്തെ ഖുർആന്റെ രഹസ്യങ്ങളെപ്പറ്റി കൂടുതലറിയാൻ പ്രേരിപ്പിച്ചു. എന്നാൽ പരിമിതമായ ഭാഷാജ്ഞാനം അദ്ദേഹത്തെ മുന്നോട്ടുള്ള ഗമനത്തിൽ നിന്ന് തടഞ്ഞു. ഖുർആനിന്റെ അർത്ഥം ഗ്രഹിക്കാൻ വേണ്ടി അദ്ദേഹം ഭാഷാപഠനം ആരംഭിച്ചു. അങ്ങനെ ഏകദേശം 10 വർഷം ഡമസ്കസിന്റെ വ്യത്യസ്ത മദ്റസകളിൽ ഭാഷയുടെ ആഴങ്ങൾ തേടി അദ്ദേഹം നടന്നു. ഈ യാത്രയിൽ പല മഹാന്മാരും അദ്ദേഹത്തിന്റെ ഗുരുക്കളായി വന്നു. ശൈഖ് സ്വാലിഹ് ഫർഫൂരും ആരിഫ് ദൂജിയും അവരിൽ പെടുന്നു. *'ഖാഫിയ'*, *'മുഫസ്സൽ'*, *'ശുദൂറുദ്ദഹബ്'* തുടങ്ങിയ വലിയ ഗ്രന്ഥങ്ങൾ ഈ ഗുരുനാഥന്മാരുടെ കീഴിൽ അദ്ദേഹം പഠിക്കുകയുായി.

ഈ പഠനകാലത്താണ് അദ്ദേഹം ഹദീസ് സ്വഹീഹ് പഠന വിഷയത്തിലുള്ള കിതാബുകളുടെ ലഭ്യതക്കുറവ് മനസ്സിലാക്കുന്നത്. അദ്ദേഹം തന്റെ ഗുരുക്കന്മാരോട് ഇതിനൊരു പരിഹാരം ആരാഞ്ഞെങ്കിലും അവർ അതിൽ നിസ്സഹരായിരുന്നു. ഈ നിസ്സഹായത അദ്ദേഹത്തിൽ സങ്കടം ഉളവാക്കി. ഇതിനൊരു പരിഹാരം കത്തൊൻ അദ്ദേഹം കരുതി. അങ്ങനെ 1955 മുതൽ തുടങ്ങിയ ഭാഷാപഠനം നിർത്തി പൂർണ്ണമായി രച

നയിലേക്ക് തിരിയാൻ ആരംഭിച്ചു. അതിന്റെ തുടക്കം 1958ൽ ഡമസ്കസിലെ മക്തബതുൽ ഇൽമിൽ ആയിരുന്നു. ഈ മക്തബയിൽ 20 വർഷം കൊണ്ട് 70 ലധികം രചനകൾ ഈ വിഷയത്തിൽ ശേഖരിക്കപ്പെട്ടതായി കാണാൻ സാധിക്കും.

ശേഷം 1982ൽ തുടർ പഠനത്തിന് വേണ്ടിയാണ് അദ്ദേഹം ഒമാനിലേക്ക് പുറപ്പെടുന്നത്. അറിവിന്റെ പുതിയ മാനങ്ങൾ തേടിയുള്ള യാത്ര എന്ന് വിശേഷിപ്പിക്കാം. അവിടെ വച്ച് ഒരുപാട് അറിവ് നുകരുകയും കിതാബ് രചിക്കുകയുമുണ്ടായി. എന്നാൽ ഇതിനെല്ലാമിടയിലും അദ്ദേഹം പഠിച്ചുകൊണ്ടേയിരിക്കുകയായിരുന്നു. ഈ കാലയളവിൽ വാള്യങ്ങൾ കണക്കിനുള്ള പോലയുള്ള പ്രശസ്ത ഗ്രന്ഥങ്ങൾ രചിക്കാൻ അദ്ദേഹത്തിന് സാധിച്ചു. വഫാത്തിന്റെ സമയത്ത് പോലും രചന പൂർത്തിയാവാത്ത ഒരുപറ്റം കിതാബുകൾ അദ്ദേഹത്തിന്റേതായി ഉായിരുന്നു. അദ്ധേഹം തന്റെ 88ാം വയസ്സിൽ (2016 ഒക്ടോബർ 27/1436 മുഹർറം 26) ഒമാനിൽ വച്ചാണ് ഇഹലോകവാസം വെടിയുന്നത്.

**അവലംബം**

1. *അൽ മുഹദ്ദിസ് ശുഐബുൽ അർനാവൂത്ത്*, ഇബ്റാഹീം അൽ കൂഫഹി, ദാറുൽ ബഷീർ, വ.2002
2. *ശർഹു മുശ്കിലിൽ ആസാർ*, ഇമാം തഹാവി

# മുഹമ്മദ് അജാജ് അൽ ഖത്വീബ് അൽ ദിമഷ്ഖി
## (1932 - 2021)

**തയ്യാറാക്കിയത്:**
**അബ്ദുൽ ബാസിത്ത് നൂഞ്ഞേരി**

മുഹമ്മദ് അജാജ് ബിൻ മുഹമ്മദ് തമീം ബിൻ സ്വാലിഹ് ബിൻ അബ്ദുല്ല അൽ ഹസനി അൽ ഹാഷിമി എന്നാണ് പൂർണ്ണനാമം. 1932ൽ ഡമസ്കസിൽ ജനനം. അദ്ദേഹത്തുന്റെ പരമ്പര ഹസൻ (റ) മുഖേന നബി (സ)യിലേക്ക് എത്തിച്ചേരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ഉത്ഭവം ഹിജാസിലായിരുന്നു, പിന്നീട് ഡമസ്കസിലേക്ക് വന്ന് അവിടെ സ്ഥിര താമസമാക്കുകയായിരുന്നു.

മുഹമ്മദ് അജാജ് ഗവേഷകനും യൂനിവേഴ്സിറ്റി പ്രഫസറും ചിന്തകനും ഹദീസ് മേഖലയിൽ ഒട്ടനവധി പഠനങ്ങൾ നടത്തിയ പണ്ഡിതനുമായിരുന്നു. ഹദീസ്, സുന്നത്ത്, ഇസ്‌ലാമിക വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് നിരവധി രചനകൾ നടത്തിയിട്ടുണ്ട്. പുതിയ കാലത്തെ ഹദീസ് പണ്ഡിതരിൽ പ്രമുഖനായിരുന്നു അദ്ദേഹം. പ്രവാചകന്റെ സുന്നത്തിന് എതിരെ വരുന്ന കാര്യങ്ങളെ പ്രതിരോധിക്കുന്നതിന് വേി നടത്തിയ ധാരാളം ഗവേഷണങ്ങളും രചനകളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

അദ്ദേഹത്തിന് ഏഴാം വയസ്സുള്ളപ്പോൾ തന്നെ അദ്ദേഹത്തിന്റെ പിതാവ് മരണപ്പെട്ടിരുന്നു. അദ്ദേഹം പ്രാഥമിക പഠനങ്ങൾ ഡമസ്കസിൽ വെച്ച് തന്നെ നടത്തി. അതുപോലെത്തന്നെ അദ്ദേഹം ബനൂ ഉമയ്യ മസ്ജിദിൽ വെച്ച് നടത്തപ്പെടുന്ന വൈജ്ഞാനിക ഹൽഖകളിൽ പങ്കെടുത്തിരുന്നു. 1959 ൽ ഡമസ്കസ് യൂനിവേഴ്സിറ്റിയിൽ നിന്ന് ശരീഅ വിഭാഗത്തിൽ ഒന്നാം റാങ്കോടു കൂടി തന്നെ ബിരുദം നേടുകയും തുടർന്ന് 1962 ൽ *'അൽ സുന്ന ഖബ്‌ല അൽ തദ്‌വീൻ'* എന്ന ഗവേഷണ വിഷയത്തിൽ ബിരുദാനന്തര ബിരുദവും നേടി. അതിനു ശേഷം കൈറോ

യൂനിവേഴ്സിറ്റിയിൽ നിന്ന് 1966 ൽ *'നശ്അതു ഉലൂം അൽ ഹദീസ് വ മുസ്ത്വലഹുഹു'* എന്ന വിഷയത്തിൽ ഡോക്ടറേറ്റും നേടി. പിന്നീടുള്ള കാലങ്ങളിൽ അദ്ദേഹം നിരവധി യൂനിവേഴ്സിറ്റികളിലും കോളേജുകളിലും അധ്യാപനം നടത്തി.

*'അബൂ ഹുറൈറ റാവി അൽ ഇസ്‌ലാം'* , *'അൽ സുന്ന അൽ നബവിയ്യ ഖബ്‌ല അൽ തദ്‌വീൻ'* തുടങ്ങിയവ അദ്ദേഹം നടത്തിയ സുപ്രധാന ഹദീസ് രചനകളിൽ പെട്ടതാണ്. അദ്ദേഹം അൽ ഇമാം മുഹമ്മദ് അൽ മുൻതസിർ ബില്ലാഹി അൽ കിതാനിയുടെ മുഖ്യ ശിഷ്യഗണങ്ങളിൽ ഒരാളായിരുന്നു, അദ്ദേഹം കിതാനിയിൽ നിന്ന് ഡമസ്കസിൽ വെച്ച് ഇൽമ് പഠിക്കുകയും അദ്ദേഹവുമായി പ്രത്യേക ബന്ധം നിലനിർത്തുകയും ചെയ്തു.

മുഹമ്മദ് അജാജ് അദ്ദേഹത്തിന്റെ 90 ാം വയസ്സിൽ, 2021 ഒക്ടോബർ 11 ന് (ഹിജ്റ 1443 റബീഉൽ അവ്വൽ 5) തിങ്കളാഴ്ച്ച ദിവസം ഈ ലോകത്തോട് വിടപറഞ്ഞു.

**അവലംബം**

1. *താരീഖു തദ്‌വീനി സുന്നതുന്നബവി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ദാറു ഇബ്നു കസീർ, വ.2018
2. *രിജാലുൽ ഫിക്‌രി വ ദഅ്‌വ*, അബുൽ ഹസൻ അലി ഹസൻ നദ്‌വി, ദാറു ഇബ്നു കസീർ, വ.2007

# ശൈഖ് മുഹമ്മദ് നൂറുദ്ദീൻ ഇത്ർ
## (1937 - 2020)

**തയ്യാറാക്കിയത്:**
**മുഹമ്മദ് സിനാൻ കാവുംപടി**

ആധുനിക യുഗത്തിൽ ജീവിച്ച പ്രഗത്ഭ ഹദീസ് പണ്ഡിതനാണ് ശൈഖ് നൂറുദ്ദീൻ ഇത്ർ. ശൈഖ് അല്ലാമ അൽ മുഹദ്ദിത് നൂറുദ്ദീൻ ഇതർ എന്നാണ് പൂർണ്ണ നാമം. 1937 എപ്രിൽ 28 (ഹിജ്റ 1356 സഫർ 17) ന് സിറിയയിലെ അലപ്പോയിൽ ജനിച്ചു. അലപ്പോയിലെ സൈഫുദ്ദൗല മദ്റസയിൽ പ്രാഥമിക പഠനം തുടങ്ങി. തുടർന്ന് 1954ൽ അതേ നഗരത്തിലെ മദ്റസ അൽ ഖുസ്രവിയ്യയിൽ പ്രാഥമിക പഠനം പൂർത്തീകരിച്ചു. 1958-ൽ ശൈഖ് അവറുകൾ ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽ നിന്നും ബിരുദം കരസ്ഥമാക്കി. 1964-ൽ അസ്ഹറിൽ നിന്നു തന്നെ പിഎച്ച്ഡി പൂർത്തിയാക്കി ഡോക്ടറേറ്റ് കരസ്ഥമാക്കി.

അലപ്പോയിലെ ഖുസ്റവിയ്യ മദ്റസയിൽ സിറിയയിലെ പ്രമുഖ മുഹദ്ദിസും ചരിത്രകാരനുമായ ശൈഖ് മുഹമ്മദ് റാഗിബ് അൽ അബ്ബാക്കിന്റെ കീഴിൽ അദ്ദേഹം പഠിച്ചു. ശൈഖ് അൽ അബ്ബാക്ക് മരണപ്പെടുന്നതിന് മുമ്പ് അദ്ദേഹത്തിൽ നിന്ന് പണ്ഡിതോചിതമായ ഇജാസത് നേടിയിരുന്നു. ശൈഖ് മുഹമ്മദ് മുഹയുദ്ദീൻ അബ്ദുൽ ഹമീദ് എന്ന് പണ്ഡിതൻ അദ്ദേഹത്തിന്റെ സൂപ്പർവൈസറായിരുന്നു. ശൈഖ് മുഹമ്മദ് അൽ സമാഹി അദ്ദേഹത്തിന്റെ രണ്ടാമത്തെ സൂപ്പർവൈസറായിരുന്നു. ഇവരുടെ കീഴിലാണ് ഹദീസ് ശാസ്ത്രം പഠിച്ചത്. ശൈഖ് മുഹമ്മദ് അബൂ ഷഹബാഹ് എന്നവരുടെ കീഴിൽ ഖുർആൻ പഠിച്ചു. ഹലാബിലെ ശൈഖ് അബ്ദുല്ല സിറാജുദ്ദീൻ , കെയ്റോയിലെ ശൈഖ് മുഹമ്മദ് അസ്സമാഹി, ദമസ്കസിലെ ശൈഖ് അലവി ബ്നു അബ്ബാസുൽ മാലികി, ശൈഖ് ഇബ്റാഹിം അൽ ഖുതാനി, ഇന്ത്യയിലെ ശൈഖ് ഹബീബ് റഹ്മാൻ അൽ അസാമി മുതലായ പ്രമുഖ പണ്ഡിതന്മാരിൽ നിന്നും ഹദീസിന്റെ

ഇജാസത്തുകൾ സ്വീകരിച്ചു.

1958-ൽ അദ്ദേഹം യൂണിവേഴ്സിറ്റി ഓഫ് ശരീഅ ഫാക്കൽറ്റിയിൽ ചേർന്നു. 1965-66 കാലങ്ങളിൽ മദീന യൂനിവേഴ്സിറ്റിയിൽ അദ്ദേഹം പഠിപ്പിച്ചു. 1966-67 കാലങ്ങളിൽ ഡമസ്കസിലെ ശരീഅ ഫാക്കൽറ്റിയിലേക്ക് അദ്ദേഹം നിയമിതനായി. 1979-ൽ ഡമസ്കസ് സർവകലാശാലയിൽ ഖുർആൻ ആന്റ് സുന്നത്ത് സയൻസ് വിഭാഗത്തിൽ പ്രൊഫസർ പദവിയിലേക്ക് സ്ഥാനം കയറ്റം ലഭിച്ചു. അറബ് ഓർഗനൈസേഷൻ ഫോർ കൾച്ചർ, ലെറ്റേഴ്സ് ആന്റ് സയൻസ് തുടങ്ങിയവയിൽ ആധുനിക പഠനത്തിനുള്ള അവാർഡുകൾ ലഭിച്ചു. കോളേജ് ലക്ച്ചറായും ഡിബേറ്ററായും ഒരുപാട് സർവകലാശാലകൾ സന്ദർശിച്ചു. പഠനത്തോടനുബന്ധിച്ച് യുണൈറ്റഡ് അറബ് എമിറൈറ്റ്സ്, കുവൈറ്റ്, സൗദി അറേബ്യ, അൾജീരിയ എന്നിവിടങ്ങൾ പലതവണ സന്ദർശിച്ചു. പാഠ്യപദ്ധതികൾ വിലയിരുത്തുന്നതിലും പ്രഭാഷണത്തിലും വിദഗ്ദ്ധനായിരുന്നു. പതിനഞ്ചാം വയസ്സു മുതൽ തന്നെ ഹദീസിന്റെ ശാസ്ത്രത്തെ കുറിച്ച് പഠനം ആരംഭിച്ച അദ്ദേഹം ഹദീസിലെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങൾ മനഃപാഠമാക്കിയിരുന്നു. സർവകലാശാലകളിലെ അദ്ധ്യാപക ജീവിതത്തോടൊപ്പം ഡമസ്കസിലെയും അലപ്പോയിലെയും പള്ളികളിൽ പഠിപ്പിക്കുകയും വെള്ളിയാഴ്ചകളിൽ പ്രഭാഷണങ്ങൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു. ഡമസ്കസിലെ ശരീഅ ഫാക്കൽറ്റിയിൽ അദ്ദേഹം വ്യാഖ്യാനം, ഖുർആനിന്റെ ശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവ പഠിപ്പിച്ചു. അദ്ദേഹത്തിന് നാൽപ്പതിലധികം പ്രസിദ്ധീകരണങ്ങളും കൂടാതെ നിരവധി ലേഖനങ്ങളുമുണ്ട്.

അറബ് ലോകത്ത് നിന്നും മറ്റിടങ്ങളിൽ നിന്നുമുള്ള നിരവധിപേർ വിദ്യാർത്ഥികളായി സ്ത്രീകളും ശൈഖിനുണ്ടായിരുന്നു. 1990കളുടെ മധ്യം മുതൽ 2011ലെ സിറിയൻ ആഭ്യന്തരയുദ്ധത്തിന്റെ തുടക്കം വരെ പാശ്ചാത്യ അധിഷ്ഠിത പണ്ഡിതന്മാരും വിദ്യാർത്ഥികളും ശൈഖ് ഇത്റിന്റെ തിരഞ്ഞെടുത്ത ചില പാഠങ്ങളിൽ പങ്കെടുത്തു. ശൈഖ് അറിയപ്പെട്ടിരുന്നത് അദ്ദേഹത്തിന്റെ അറിവും വിനയും പ്രവാചക ചര്യ പിന്തുടരുന്ന യഥാർത്ഥ വിശ്വാസി എന്ന നിലയിലുമാണ്. പ്രവാചക ചര്യയിൽപ്പെട്ട ഒരുപാട് സദസ്സുകൾ അദ്ദേഹം സ്വന്തം ചിലവുകൾ വഹിച്ച് നടത്തുകയും മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്. പ്രകത്ഭ പണ്ഡിതൻ ഇബ്ന് ഹജർ അസ്ക്കലാനി (റ)ന്റെ *'ബുലൂഗുൽ മറാം'* എന്ന കൃതിയുടെ ശറഹായി ഇഅ്ലാമുൽ അനാം എന്ന കൃതി മഹാനവർകൾ രചിച്ചു.

2020 സെപ്റ്റംബർ 23ന് (ഹിജ്റ 1442 സഫർ 5)ന് തുടർന്ന് 83ാം

വയസ്സിൽ ശൈഖ് ഈ ലോകത്തോട് വിടപറഞ്ഞു.

**അവലംബം**

1. ഇഅ്ലാമുൽ അനാം, ഡോ. നൂറുദ്ദീൻ ഇത്ർ, ദാറു മൻഹജുൽ ഖവീം വ. 2019
2. ശൈഖ് നൂറുദ്ദീൻ ഇത്ർ, നിസാർ മുഹമ്മദ് ഖാസിം
3. മൻഹജുന്നഖ്ദ് ഫീ ഉലൂമിൽ ഹദീസ്, ഡോ. നൂറുദ്ദീൻ ഇത്ർ, ദാറുൽ ഫിക്ർ വ. 2015

# മൊറോക്കൊ


മുഹമ്മദ് ജഅ്ഫർ അൽ കത്താനി
(1857 - 1927)


അബ്ദുൽ ഹയ്യ് അൽ കത്താനി
(1884 - 1962)

# മുഹമ്മദ് ബിൻ ജഅ്ഫർ അൽ കത്താനി
## (1857 - 1927)

തയ്യാറാക്കിയത്:
**മുഹമ്മദ് ആദിൽ ചിറ്റാരിപ്പറമ്പ**

ഹിജറ 1274ൽ മൊറോക്കൊയിലെ ഫാസ് എന്ന സ്ഥലത്താണ് അദ്ദേഹത്തിന്റെ ജനനം. ഇസ്‌ലാമിക ചുറ്റുപാടുള്ള കുടുംബത്തിൽ ജനിച്ച അദ്ദേഹം പിതാവിന്റെ ശിക്ഷണത്തിലായിരുന്നു വളർന്നത്.

സ്വന്തം പിതാവും പ്രമുഖ ഹദീസ് പണ്ഡിതനുമായ ജഅ്ഫർ ബിനു ഇദ്‌രീസിൽ നിന്നായിരുന്നു പ്രാഥമിക പഠനം. ഹിജറ 1298ൽ പ്രസിദ്ധ പണ്ഡിതനായ അബൂ അബ്ദുള്ള മുഹമ്മദ് അൽ മദനിയിൽ നിന്ന് ഹദീസ് പഠനം ആരംഭിച്ച അദ്ദേഹം, 1306ൽ അബൂ അബ്ബാസ് അഹ്മദ് അൽ ബത്താനിയിൽ നിന്നും കൂടുതൽ വിജ്ഞാനം കരകതമാക്കി. ഹദീസ് പഠനത്തിനായി ധാരാളം യാത്ര ചെയ്ത ഇദ്ദേഹം, ധാരാളം പണ്ഡിതന്മാരിൽ നിന്നും ഹദീസ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹിജ്റ 1325ൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ രണ്ടാം ഹജ്ജ് കർമ്മം നിർവ്വഹിച്ചതിനു ശേഷം നാലു മദ്ഹബുകളെ കുറച്ചുള്ള പഠനമാരംഭിച്ച അദ്ദേഹം 1345ൽ അവിടുത്തെ ജന്മ ഭൂമിയായ ഫാസിലേക്ക് തിരിച്ചുവന്നു. ശേഷം ഗ്രന്ഥ രചന, ദർസ് എന്നിവയിൽ മുഴുകി.

*'അദ്ദആമത്തു ലി മഅ്രിഫത്തി അഹ്കാമി സുന്നത്തുൽ അമാമത്ത്', 'തഅ്ജീലുൽ ബശാറത്തി ലിൽ ആമിലി ബിൽ ഇസ്തിഖാറ', 'നള്മുൽ മുതനാസിർ മിനൽ ഹദീസിൽ മുതവാതിർ'* തുടങ്ങി 20ഓളം ഗ്രന്ഥങ്ങൾ അദ്ദേഹം നൽകിയ സംഭവനകളാണ്. അദ്ദേഹം ഹദീസിനു പുറമെ കർമ്മശാസ്ത്രം, മൻത്വിഖ്, എന്നീ വിഷയങ്ങളിലും അഗ്രകണ്യനായിരുന്നു. ഹിജ്റ 1345 റമളാൻ 15ന് മഹാനവർകൾ ഇഹലോകവാസം വെടിഞ്ഞു.

**അവലംബം**

1. *മുഹമ്മദ് അൽ കത്താനി*, ഫെർനാൻഡോ റോഡിഗ്രസ്, വ.1992
2. *സ്പീക്കിംഗ് ഫോർ ഇസ്ലാം: റിലീജിയസ് ഒതോറിറ്റീസ് ഇൻ മുസ്ലിം സൊസൈറ്റീസ്*, ഗുദ്രുൻ ക്രാമർ, ഓൺലൈൻ ബുക്സ്, വ.2006

# അബ്ദുൽ ഹയ്യ് അൽ കത്താനി
## (1884 - 1962)

തയ്യാറാക്കിയത്:
**സ്വാലിഹ് കീഴൂർ**

പൂർണ്ണനാമം അബദുൽ ഹയ്യ് അൽ കത്താനി. 1884 (ഹിജ്റ 1303)ൽ ഫാസിൽ ജനനം. അദ്ദേഹം ഒരു മൊറോക്കൻ മുഹദ്ദിസും ചരിത്രകാരനും മുസ്നിദും നിയമജ്ഞനും ആയിരുന്നു. മാത്രമല്ല പ്രശസ്ത ഫഖീഹും കവിയുമായിരുന്ന അബുൽ ഫയ്ദ് അൽ കത്താനിയുടെ സഹോദരനുമാണ്.

അദ്ദേഹത്തിന്റെ പിതാവ് അബ്ദുൽ കബീർ അൽ കത്താനിയും മാതാവ് ഫാദില ബിൻത് ഇദ്രീസ് അൽ കത്താനിയുമാണ്. അദ്ദേഹം ഫാസ് നഗരത്തിലാണ് ജനിച്ചു വളർന്നത്. അവിടെയുള്ള പണ്ഡിതന്മാരിൽ നിന്ന് തന്നെ തന്റെ ആദ്യ പാഠങ്ങൾ സ്വായത്തമാക്കി.

പിന്നീട് തീർത്ഥാടനത്തിന് പുറപ്പെട്ട അദ്ദേഹം ഈജിപ്ത്, ഹിജാസ്, യൂറോപ്പിലെ വിവിധ രാജ്യങ്ങൾ തുടങ്ങിയവ സന്ദർശിക്കുകയുണ്ടായി. രണ്ട് തവണ ഹജ്ജ് നിർവ്വഹിച്ചു. പല പണ്ഡിതരിൽ നിന്നായി അദ്ദേഹം അറിവ് നുകരുകയും ഈ മേഖലയിൽ മികച്ച സംഭാവനകൾ രേഖപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന് പണ്ഡിതന്മാരെ അന്വേഷിച്ച് പോവുന്നതിലും അവരിൽ നിന്ന് അറിവ് സ്വീകരിക്കുന്നതിലും പ്രത്യേക താൽപര്യവും ജിജ്ഞാസയും ഉണ്ടായിരുന്നു. പഠന ശേഷം മൊറോക്കയിലേക്ക് മടങ്ങിയെത്തിയ അദ്ദേഹം ഫെസിലെ അൽ സാവിയ അൽ കിത്താത്തിയയിലും ഖറാവിയ്യീൻ പള്ളിയിലും അധ്യാപനത്തിനായി തന്റെ ജീവിതം സമർപ്പിച്ചു. മാത്രമല്ല ഈ കാലയളവിൽ പേര് കേട്ട ഒരു ഖാളിയായി അദ്ദേഹം മാറിയിരുന്നു.

കർമ്മശാസ്ത്രം, അഖീദ, തഫ്സീർ, ഹദീസ്, താരീഖ്, തസ്വവ്വുഫ് തുടങ്ങിയ വിഷയങ്ങളിൽ അബ്ദുൽ ഹയ്യ് അൽ കത്താനി

തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ടവർ ഇസ്ലാമിക ലോകത്ത് വിവിധ വിഷയങ്ങളിൽ 200 ഓളം കിതാബുകൾ സമർപ്പിച്ചു. ഹദീസ്, തഫ്സീർ, അഖീദ എന്നീ വിഷയങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ പ്രധാന രചനകളും. *'ഇത്ഹാഫ് അൽ ഹഫീദ് ബിതർജിമ ജദ്ദുഹു അസ്വൻദീദ്'*, *'അൽ ഇമാം ബിബഅ്ദ് അഹാദീസുൽ ഹിമാം'*, *'അൽ ഇൻശാദാത്തു വൽഇഫാദാത്ത്'*, *'അവ്വലു മൻ അല്ലഫ ഫിൽ ഇസ്ലാം'*, *'അൽ ബയാനുൽ മഅ്രിബ് അൻ മഅാനി ബഅ്ദ് മാ വറദ ഫീ അഹ്ലിൽ യമനി വൽ മഗ്രിബി'* തുടങ്ങിയവ അദ്ദേഹത്തിന്റെ രചനകളിൽ പ്രധാനപ്പെട്ടവയാണ്.

ഹി.1320ൽ ശൈഖ് ഇദ്രീസ് മസ്ജിദിൽ എല്ലാ ദിവസവും ഹദീസ് വായിക്കാൻ പ്രസിദ്ധരായ പണ്ഡിതന്മാരുടെ കൂടെ അദ്ദേഹവുമുണ്ടായിരുന്നു. എഡി 1912ൽ മൊറോക്കോയിലെ ശൈഖ് അൽ ഇസ്ലാമിന്റെ സ്ഥാനത്തേക്ക് അദ്ദേഹത്തെ നാമനിർദേശം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ പിതാവിന്റെ വഫാത്തിന് ശേഷം അദ്ദേഹം വിജ്ഞാന മേഖലയിൽ കൂടുതൽ ശ്രദ്ധ ചെലുത്തി. പ്രത്യേകിച്ച് അദ്ദേഹം ഹദീസുമായി ബന്ധപ്പെട്ട മേഖലയിൽ വ്യാപൃതനാവുകയും മറ്റു നാടുകളിൽ പോയി പണ്ഡിതന്മാരെ കണ്ട് വിജ്ഞാന വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

തന്റെ എല്ലാ പ്രബോധന പ്രവർത്തനങ്ങളിലും തന്റെ സഹോദരൻ അബുൽ ഫൈദിന്റെ കൂടെയായിരുന്നു നടത്തി പോന്നിരുന്നത്. മൊറോക്കോയിലെ ഭരണ പരിഷ്കരണവും ഇതിൽ പെടുന്നു. സുൽത്താൻ അബ്ദുൽ ഹഫീസിന്റെ സ്ഥാനാരോഹണത്തിലും അബ്ദുൽ അസീസിനെ സ്ഥാനഭ്രഷ്ടനാക്കുന്നതിലും കത്താനി സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

എന്നാൽ സുൽത്താൻ അബ്ദുൽ ഹഫീസിന്റെ ഭരണത്തിൽ താനുദ്ദേശിച്ച നീതി അദ്ദേഹം കണ്ടെത്തിയില്ല. അതിനാൽ അദ്ദേഹം സുൽത്താനിന് കത്തെഴുതുകയും 'സുൽത്താൻ അബ്ദുൽ ഹഫീസിനോടുള്ള ഉപദേശങ്ങൾ' എന്ന പേരിൽ പുസ്തകം രചിക്കുകയും ചെയ്തു. കോപാകുലനായ സുൽത്താൻ തത്ക്ഷണം തന്നെ അദ്ദേഹത്തെ തടവിലാക്കി. കുപിതനായ സഹോദരനും മറ്റ് ചില പണ്ഡിതന്മാരും കൂടി നിയമ വിരുദ്ധ സർക്കാർ രൂപീകരിക്കാനും ഭരണകൂടം അട്ടിമറിക്കാനും പദ്ധതിയിട്ടു. വൽ ഖസീസാത്ത് ജയിലിൽ ഏറെ പീഢനങ്ങൾക്ക് വിധേയനാവുകയും തന്റെ സഹോദരന്റെ മരണം അവിടെ വെച്ച് തന്നെ കാണാൻ വിധിക്കപ്പെടുകയും ചെയ്തു. അദ്ദേഹം ജയിലിൽ നിന്നിറങ്ങി പോരാട്ടം തുടർന്നു ഒടുവിൽ രാജ്യത്ത് നിന്ന് പുറത്താക്കപ്പെട്ടു ഫ്രാൻ

സിലെ നീസിൽ താമസമാക്കി. അദ്ദേഹം 1962ൽ (ഹിജ്റ 1382 റജബ് 12) നീസിൽ വച്ച് തന്നെ വഫാത്തായി.

**അവലംബം**

1. *തർജുമ അല്ലാമാ അബ്ദുൽ ഹയ്യ് അൽ കത്താനി*, മുഹമ്മദ് സകരിയ്യ, വ.2017
2. *മൻതികുൽ അവാനി ബി ഫൈളി തറാജിമി ആലിൽ കത്താനി*, പേ.141
3. *അന്നഈമുൽ മുഖീം*, വാള്യം.03, പേ.297

# ഇറാഖ്


ശൈഖ് സ്വുബ്ഹീ സാമിറാഈ
(1936 - 2013)


അക്റം സിയാഉൽ ഉമരി
(1942)

# ശൈഖ് സ്വുബ്ഹീ സാമിറാഈ
## (1936 - 2013)

തയ്യാറാക്കിയത്:
**സഅദ് പള്ളിയത്ത്**

എ. ഡി 1936 ബഗ്ദാദിലെ അൽ റുസാഫയ്ക്ക് സമീപമുള്ള അജിൻ എന്ന സ്ഥലത്താണ് അൽ ശൈഖ് സ്വുബ്ഹീ സാമിറാഈ എന്നവരുടെ ജനനം. വിശുദ്ധ ഖുർആൻ മനപാഠമാക്കാൻ അദ്ദേഹത്തിന്റെ പിതാവ് ശൈഖ് മുല്ലാകാളിം അഹ്മദ് എന്ന പ്രമുഖ പണ്ഡിതന്റെ സമീപത്ത് അയ്ക്കുകയും അദ്ദേഹത്തിന്റെ അടുത്ത് വെച്ച് സുബ്ഹ് സാംറാഈ സ്വരസൂചക തത്വങ്ങൾ പഠിച്ചു. ശേഷം ബഹുമാനപ്പെട്ടവർ പ്രൈമറി സ്കൂളിൽ പ്രവേശിച്ചു. സെക്കന്ററി സ്കൂൾ പഠനം പൂർത്തിയാക്കി.

പിന്നീട് അദ്ദേഹം കോളേജിൽ പ്രവേശിച്ചു. അദ്ദേഹം പോലീസാവാൻ വേണ്ടി പഠിക്കുകയും കോളേജിൽ നിന്ന് അദ്ദേഹം 1951ൽ ബിരുദം നേടുകയും ചെയ്തു. തുടർന്ന് പോലീസിൽ കേണൽ പദവിയിലെത്തുന്നത് വരെ സ്ഥാനക്കയറ്റം നേടി. തുടർന്ന് ജാമിഅ അൽ ഖസാകി, മുറാദിയ എന്ന പള്ളികളിൽ ഇമാമായി അദ്ദേഹം സേവനമനുഷ്ഠിച്ചു. ശേഷം വർഷങ്ങളോളം കാർഖിലെ ഹാജ് മഹ്മൂദ് ബുൻയാ യൂണിവേഴ്സിറ്റി ജാമിഅ മുറാദിയ്യ, കാർഖിലെ തന്നെ ബുർഹാനുദ്ദീൻ മുല്ലാ ഹമ്മാദി യൂണിവേഴ്സിറ്റി തുടങ്ങിയ പ്രസിദ്ദ സ്ഥാപനങ്ങളിൽ ഹദീസ് പഠിപ്പിച്ചു.

ശൈഖ് മുഹമ്മദ് അൽ ഹാഫിള് ബിൻ അബ്ദുലത്വീഫ്, ശൈഖ് അദീബുൽ ഫഖീഹ് ശാക്കിർ അൽ ബദ്രി തുടങ്ങിയ പ്രസിദ്ധ പണ്ഡിതന്മാരാണ് അദ്ദേഹത്തിന്റെ ശൈഖുമാർ. നിരവധി ശിഷ്യഗണങ്ങളുമുള്ള മഹാ പണ്ഡിതനും കൂടിയാണ് ശൈഖ് സ്വുബ്ഹീ സാമിറാഈ.

അദ്ദേഹം ഹദീസുമായി ബന്ധപ്പെട്ട് ഒരുപാട് സംഭാവനകൾ

ഹദീസ് ലോകത്ത് അർപ്പിച്ചിട്ടുണ്ട്. *'അൽഖുലാസ ഫി ഉസൂലുൽ ഹദീസ് ലിത്വയ്ബി'*, *'ശറഹു ഇലലി തിർമുദി ലി ഇബ്നു റജബുൽ ഹമ്പലി'* തുടങ്ങിയവ അദ്ദേഹത്തിന്റെ രചനകളിൽ പെട്ടതാണ്.

സ്ട്രോക്ക് ബാധിച്ച് കിടപ്പിലായ മഹാനവർകൾ ഏകദേശം രണ്ട് മാസത്തോളം തീവ്ര പരിചരണത്തിലായിരുന്നു. പിന്നീട് 2013 ജൂൺ 25ന് ചൊവ്വാഴ്ച്ച രാത്രി ഏകദേശം പത്ത് മണിയോടെ അദ്ദേഹം വിടപറഞ്ഞു.

**അവലംബം**

1. *ഉംദത്തുത്വാലിബ് ഫീ അൻസാബി അബീ ത്വാലിബ്*, വ.2000
2. *സിറു സിൽസിൽത്തിൽ അലവിയ്യ*, അബൂ നസ്വറിൽ ബുഖാരി, വ.2003

# അക്റം സിയാഉൽ ഉമരി
## (1942)

തയ്യാറാക്കിയത്:
**സഅദ് പള്ളിയത്ത്**

അക്റം സിയാഉൽ ഉമരി (ജനനം 1942 ൽ മൊസൂളിൽ) ഒരു ഇറാഖി ചരിത്രകാരനും ഇസ്ലാമിക ചരിത്രത്തിൽ പി.എ.ച്ച്.ഡിയും ഇസ്ലാമിക ചരിത്രത്തിന്റെയും ഹദീസ് സയൻസുകളുടെയും പ്രൊഫസറുമാണ്. ഹിജ്റ 1361/1942 ൽ വടക്കൻ ഇറാഖിലെ മൊസൂളിലാണ് ഡോ. അക്റം സിയാഉൽ ഉമരി ജനിച്ചത്. അദ്ദേഹത്തിന്റെ കുടുംബം ബഗ്ദാദിലേക്ക് താമസം മാറി. അൽ-മമൂനിയ സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസം പഠിച്ചു. ഗ്രേറ്റ് ഗേറ്റിലുള്ള നഷണൽ ലൈബ്രറിയിൽ പോയി കമൽ കിലാനിയുടെ പുസ്തകങ്ങൾ വായിക്കുമായിരുന്നു. ആറാം പ്രൈമറി സ്റ്റേജിൽ പഠിക്കുമ്പോൾ സ്കൂളിലെ പാവപ്പെട്ട വിദ്യാർത്ഥികളെ സഹായിക്കുതിനായി അദ്ദേഹം ഒരു ലളിതമായ കൂട്ടായ്മ സ്ഥാപിച്ചു.

മഹാനായ രണ്ടാം ഖലീഫ ഉമർ ബ്ൻ ഖത്താബിന്റെ സന്താന പരമ്പരയാണ് മഹാനവറുകളുടെത്. മൊസൂളിലെ പുരാതന കുടുംബപരമ്പര കൂടിയാണ് അൽ ഉമരി. അദ്ദേഹത്തിന്റെ പിതാവ് ദിയ അഹ്മ്മദ് അൽ ഉമരി ഒട്ടോമൻ സൈന്യത്തിലും തുടർന്ന് ഇറാഖിലും പട്ടാള ഉദ്യോഗസ്ഥനായിരുന്നു. ബഗ്ദാദ് സർവ്വകലാശാലയിലെ കോളേജ് ഓഫ് എഡ്യുക്കേഷനിൽ നിന്ന് പ്രൈമറി യൂണിവേഴ്സിറ്റി പഠിച്ച അദ്ദേഹം 1963-ൽ ബിരുദം നേടി.1969-ൽ ബഗ്ദാദ് യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് ആർട്സിൽ നിന്ന് ഇസ്ലാമിക ചരിത്രത്തിൽ ബിരുദാനന്തര ബിരുദവും നേടി. പഠന ശേഷം ആദ്യകാലം വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചു. 1977 മുതൽ 1983 വരെ മദീനയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ ഗ്രാജ്വേറ്റ് സ്റ്റഡീഡ് വിഭാഗത്തിന്റെയും 1978 മുതൽ 1983 വരെ മദീനയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിലെ സയന്റിഫിക് കൗസിലിന്റെയും മേധാവിയായിരുന്നു. മദീനയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റി

യിൽ ഇസ്ലാമിക് ഹിസ്റ്ററി പ്രൊഫസറായും പ്രവർത്തിച്ചു.

സുന്നത്തിന്റെയും പ്രവാചകന്റെ ജീവചരിത്രത്തിന്റെയും സേവന കേന്ദ്രത്തിന്റെ കൗസിൽ അംഗമായിരുന്നു അദ്ദേഹം. വിശുദ്ധ ഖുർആൻ അച്ചടിക്കുതിനുള്ള കിംഗ് ഫഹദ് കോംപ്ലക്സിലെ സയന്റിഫിക് കൗ സിൽ അംഗമായും സേവനമനുഷ്ഠിച്ചു.

രചനാ രംഗത്തും മഹാനവറുകളുടെ സംഭാവനകളും സേവന ങ്ങളും നിരവധിയാണ്. *'അസ്സീറത്തു നബവിയ്യ സ്വഹീഹ'*, *'അൽ ഉൻഫു ഫിൽ ഹയാത്തിസ്സൗജിയ്യ'*, *'അരിസാലത്തു വറസൂൽ'*, *'അസറുൽ ഖിലാ ഫത്തിറാശിദ'* തുടങ്ങിയവ അവയിൽ പ്രധാനപ്പെട്ടവയാണ്. പ്രവാചക ന്റെ ആദരണീയമായ ജീവചരിത്ര രംഗത്തെ വിവരിച്ച അദ്ദേഹത്തിന്റെ ശ്രമങ്ങളെ മാനിച്ച് 1996 ലെ കിംഗ് ഫൈസൽ ഇന്റർനാഷണൽ പ്രൈ സ് അദ്ദേഹത്തിന് ലഭിച്ചു. 2000-ലെ സുൽത്താൻ ഹസ്സനൽ ബോൾകിയ ഇന്റർനാഷണൽ പ്രൈസും അക്റം സിയാഉൽ ഉമരിയുടെ നേട്ടങ്ങളിൽ പെട്ടതാണ്.

**അവലംബം**

1. *കിതാബുൽ മഅ്രിഫത്തി വ താരീഖ്*, യഅ്ഖൂബുൽ ഖസ്വി, വ.1974
2. *ഫീ സീറതിൽ ഹയാത്തി മഅ ഡോ.അക്റം സിയാഉൽ ഉമരീ*, ഖുർആൻ റേഡിയോ, വ.2008

# സഊദി അറേബ്യ



മുഹമ്മദ് ഈസ അൽ ഫാദാനി
(1916 - 1990)



ഹാതിം ബ്നു ആരിഫ് അൽ അവ്നി
(1965)

# ശൈഖ് മുഹമ്മദ് ഈസ അൽ ഫാദാനി
## (1916 - 1990)

തയ്യാറാക്കിയത്:
**മുഹമ്മദ് അജ്നാസ് ഉദുമ**

ഹിജ്റ 1335 മക്കയിൽ ജനിച്ച ഹദീസ് പണ്ഡിത പ്രതിഭയാണ് ശൈഖ് മുഹമ്മദ് ഈസ അൽ ഫാദാനി. അബുൽ ഫയ്ദ് എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന ഫാദാനി ഹദീസ് മേഖലയിൽ അഗ്രകണ്യനായിരുന്നു.

പ്രമുഖ പണ്ഡിത തേജസ്വിയായ ശൈഖ് മുഹമ്മദ് എന്നവരാണ് പിതാവ്. പ്രാഥമിക വിദ്യാഭ്യാസം പിതാവിന്റെ അടുക്കൽ നിന്നായിരുന്നു. പഠനത്തിൽ മികവ് കാണിച്ച മകനെ തുടർന്ന് മദ്രസ അൽ സൗലത്തിയ്യ അൽ ഹിന്ദിയ്യയിൽ ചേർത്തി. മദ്രസ പഠനത്തിനൊപ്പം തന്നെ അന്ന് അൽ മസ്ജിദുൽ ഹറമിൽ നടക്കുന്ന ക്ലാസുകളിൽ അദ്ദേഹം മുടങ്ങാതെ പങ്കെടുത്തു. ദാറുൽ ഉലൂം ദീനിയ്യ സ്ഥാപിതമായ ശേഷം അവിടെ നിന്ന് തന്റെ പഠനം പൂർത്തിയാക്കി.

പഠിക്കുന്ന കാലത്ത് തന്നെ വൈജ്ഞാനികമായ പ്രവർത്തനങ്ങളിൽ മുഴുകി കഴിഞ്ഞിരുന്ന ശൈഖവറുകൾക്ക് സർവ്വ വിഷയങ്ങളിലും അഗാധമായ അറിവുണ്ടായിരുന്നു. പഠന ശേഷം അധ്യാപനത്തിനായി മക്കയിലേക്കും മറ്റു പ്രദേശങ്ങളിലേക്കും യാത്രകൾ ചെയ്തു. ഹിജ്റ 1356ൽ തിരിച്ച് ദാറുൽ ഉലൂം ദീനിയ്യയിൽ വരികയും അവിടെ അധ്യാപനം നടത്തുകയും ചെയ്തു. വൈകാതെ തന്നെ ദാറുൽ ഉലൂമിന്റെ നേതൃസ്ഥാനത്തേക്ക് ശൈഖവറുകൾ നിയമിക്കപ്പെട്ടു.

അനവധി ശൈഖന്മാരിൽ നിന്നും ഹദീസ് റിപ്പോർട്ട് ചെയ്ത പണ്ഡിതനും കൂടിയാണ് ശൈഖ് അൽ ഫാദാനി. അതു കൊണ്ട് തന്നെ തന്റെ സമകാലികരായ മുൻനിര ഹദീസ് പണ്ഡിതന്മാരിൽ മഹാനവറുകളെ എണ്ണപ്പെട്ടു. മഹാനവർകൾ ഹറമിൽ ദർസ് നടത്തിയിരുന്നു.

അദ്ദേഹം തന്റെ ശൈഖിന്റെ രചനകൾ സമാഹരിച്ചതിന് ശേഷം അൽ മസ്‌ലക അൽ ജല്ലി ഫി അസാനിദ ഫാദില അൽ ശൈഖ് മുഹമ്മദ് അലി എന്ന് പേരിട്ടു. അതിൽ അദ്ദേഹം തന്റെ വിശദമായ ജീവചരിത്ര വും ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ ഗ്രന്ഥ ശേഖരത്തിൽ പ്രധാനപ്പെ ട്ടവയാണ് *'ശർഹു സുനനി അബീ ദാവൂദ്'*. പക്ഷെ ഈ ഗ്രന്ഥം പിൽ ക്കാലത്ത് നഷ്ടപ്പെടുകയുണ്ടായി.

**അവലംബം**

1. *തതിമ്മത്തുൽ അഅ്ലാം*, മുഹമ്മദ് ഖൈർ റമളാൻ യൂസുഫ്, ദാറു ഇബ്നു ഹസ്മ്, വ.1998
2. ഇത്മാമുൽ അഅ്ലാം, മുഹമ്മദ് രിയാള്, ദാറു സ്വാദിർ, വ.1999

# ഡോ. ഹാതിം ബിൻ ആരിഫ് അൽ അവ്നി
## (1965)

തയ്യാറാക്കിയത്:
**മുഹമ്മദ് നബീൽ മട്ടന്നൂർ**

സൗദി അറേബ്യൻ ഇസ്ലാമിക പണ്ഡിതനും ഹൻബലി പാരമ്പര്യവാദിയും ഹദീസ് ശാസ്ത്രത്തിൽ അതുല്യ പ്രതിഭയുമാണ് ഡോ. ഹാതിം ബിൻ ആരിഫ് അൽ അവ്നി. ഗ്രന്ഥരചന, ഹദീസ്, ഗവേഷണം, പഠനം തുടങ്ങിയ മേഖലകളിലൊക്കെ വ്യക്തിമുദ്ര പതിപ്പിച്ച ഇദ്ദേഹം എല്ലാ മേഖലകളിലും പ്രത്യേകിച്ച് ഹദീസിൽ മുൻഗാമികളുടെ സമീപനം പിന്തുടരാൻ പ്രേരിപ്പിക്കുന്നവരിൽ ഒരാളാണ്. ഇസ്ലാമിക ലോകത്ത് ഹദീസിനെ അതിന്റെ തനതായ രൂപത്തിൽ സംരക്ഷിക്കാനും അതിനെ കുറ്റമറ്റ രീതിയിൽ ജനങ്ങളിലേക്ക് എത്തിക്കാനും അദ്ദേഹം അശാന്ത പരിശ്രമം നടത്തിയിരുന്നു.

ക്രിസ്താബ്ദം 1966ൽ ഒരു ശരീഫിയൻ കുടുംബത്തിലായിരുന്നു മഹാനവർകളുടെ ജനനം. ഉമ്മുൽ ഖുറാ യൂനിവേഴ്സിറ്റിയിലെ ദഅ്വ കോളജിൽ നിന്നും ബിഎ, എംഎ, പി എച്ച് ഡി എന്നിവ പൂർത്തിയാക്കി. പിന്നീട് അവിടെ തന്നെ അസോസിയേറ്റ് പ്രൊഫസ്സറായി ജോലിയിൽ പ്രവേശിച്ചു. 2005ൽ ഏപ്രിൽ 12നും 2013 ജനുവരി 10നും ഇടയിൽ രണ്ട് തവണ സേവനമനുഷ്ഠിച്ച ഇദ്ദേഹം സൗദി അറേബ്യയുടെ കണ്സൾട്ടേറ്റീവ് അസംബ്ലിയിൽ അംഗമായി നിയമിക്കപ്പെട്ടു.

ഡോ. ഹാതിം ബിൻ ആരിഫ് അൽ അവ്നി ഹദീസുമായി ബന്ധപ്പെടുന്നത് പതിമൂന്ന് വയസ്സ് തികയുന്നതിനു മുമ്പാണ്. ആ കാലഘട്ടത്തിൽ അദ്ദേഹത്തെ നയിക്കാനും സഹായിക്കാനും ആരെയും ലഭിക്കാത്തതിനാൽ ഹദീസ് പഠനത്തിനു ആരംഭം കുറിച്ചത് വ്യക്തിഗത പ്രയത്നത്തിലൂടെയായിരുന്നു. മാത്രവുമല്ല അന്നു മുതൽക്കേ പ്രവാചക സുന്നത്തിനോടും അതിനെ പരിപാലിക്കുന്നവരോടും വളരെയധി

കം താൽപര്യം അദ്ദേഹം കാണിച്ചിരുന്നു. ഹദീസിനോടുള്ള താൽപര്യത്താൽ ഓരോ കിതാബുകളും അന്വേഷിക്കുന്ന സമയത്താണ് അന്ന് വളരെയധികം പ്രസിദ്ധിനേടിയ ശൈഖ് നാസിർ അൽ-ദീനിന്റെ കിതാബുകൾ ദൃഷ്ടിയിൽപ്പെടുന്നത്. ശൈഖിന്റെ സുന്നത്തിനോടുള്ള താൽപര്യം, അതിനോടുള്ള ഇഷ്ടം, വായന പ്രക്ഷേപണ ശ്രംഖലകൾ പഠിച്ച രീതികൾ, എന്നിവയിൽ ആകൃഷ്ടനായ മഹാനവർകൾ തന്റെ ഹൈസ്കൂൾ പഠനം പൂർത്തിയാക്കുന്നതു വരെ അദ്ദേഹത്തെ അനുഗമിച്ചു. നാസിർ അൽ-ദീനിന്റെ അറിവുകളിൽ താൽപര്യം കാണിച്ചതുപോലെ തന്നെ ശൈഖ് അൽ മുഖ്ബിൽ അൽ വാദിയുടെ ക്ലാസുകൾ കേൾക്കാനും അദ്ദേഹം ഉത്സാഹം കാണിച്ചിരുന്നു.

ഹിജ്റ 1404-1408ൽ അദ്ദേഹം ശൈഖ് അബ്ദുള്ളാഹി ബ്നു അബ്ദുറഹ്മാനു ബ്നു ഗദ്യാൻ എന്നവരെ അനുഗമിക്കുകയും പ്രധാനമായും ഹദീസ്, ഫിഖ്ഹ്, ത്വത്തങ്ങൾ, ഭാഷ എന്നിവയിൽ ആഴത്തിൽ ഗവേഷണം നടത്തുകയും ചെയ്തു. ഈ സമയത്തു തന്നെ മക്കയിലെ ഉമ്മുൽ ഖുറാ യൂനിവേഴ്സിറ്റിയിൽ സുന്നത്ത് ഡിപ്പാർട്മെന്റിൽ അഡ്മിഷൻ നേടുകയും ഹിജ്റ 1408ൽ യൂനിവേഴ്സിറ്റിയിൽ നിന്ന് ബിരുദം നേടുകയും തുടർന്ന് 1415ൽ ഹദീസ് ശാസ്ത്രത്തിൽ ബിരുദാനന്ത ബിരുദവും 1421ൽ ഡോക്ടറേറ്റും നേടി.

അറിവിന്റെ വെളിച്ചം തേടി രാജ്യങ്ങളും നാടുകളും അവിശ്രമം സഞ്ചരിച്ച മഹാനവർകൾക്ക് പ്രസിദ്ധരായ മുപ്പതോളം ഗുരുശ്രേഷ്ടന്മാരുടെ ശിഷ്യത്വം സീകരിക്കാൻ ഭാഗ്യമുണ്ടായി. അവരിൽ പ്രധാനിയാണ് അദ്ദേഹത്തിന്റെ ആദ്യ ഗുരുവായ അബ്ദുള്ളാഹിബ്നു ഗദയാൻ. ഇതിനു പുറമെ മഗരിബ് രാജ്യങ്ങളിൽ വച്ച് ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ ഹാദി അൽ മാനൂനി ഉൾപ്പെടെ നിരവധി ശൈഖുമാരെ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ യമനിലെ മുഹമ്മദ് ബിൻ അഹ്മദ് സുബാറ, ശൈഖ് അൽ ഒമ്രാനി തുടങ്ങിയവരുടെ ശിഷ്യത്വവും അദ്ദേഹം കരഗതമാക്കിയിട്ടുണ്ട്.

**അവലംബം**

1. *അസ്സീറത്തു സാത്തിയ്യ*, ഹാതിം ബ്ൻ ആരിഫ് അൽ അവ്നി
2. *അൽ അഫീഫ് ഫീ മഅ്രിഫതി നസബി നബവി*, സ്വലിഹ് ഹസൻ, ദാറുൽ ജൗഹർ, വ.2013

# തുർക്കി



മുഹമ്മദ് സാഹിദ് അൽ– കൗത്തരി
(1878 - 1952)

# ശൈഖ് മുഹമ്മദ് സാഹിദ് അൽ- കൗത്തരി
## (1878 - 1952)

തയ്യാറാക്കിയത്:
**ഹിബത്തുള്ള ചൊർക്കള**

ശൈഖ് മുഹമ്മദ് സാഹിദ് ബിൻ ഹസ്സൻ ബിൻ അലി ബിൻ ഖുദുബ് ബിൻ ബായി ബിൻ ഖാനിത് ബിൻ കാൻസു അൽ-ജിർകിസി അൽ-കൗത്തരി എന്നാണ് പൂർണ്ണ നാമം. 1878 ഒക്ടോബർ 14-ന് (ഹിജ്റ 1296 ശവ്വാൽ 27 അല്ലെങ്കിൽ 28) തുർക്കിയിലെ അസ്താനയിൽ നിന്ന് ഏകദേശം മൂന്ന് മൈൽ കിഴക്ക് ദുസ്ഗയ്ക്കടുത്തുള്ള ഹജ് ഹസ്സൻ ഖുറേസിയിലാണ് ജനനം. സർക്കാസിയൻ വംശമാണ് മഹാനുഭാവന്റെ കുടുംബ പരമ്പര.

അദ്ദേഹം അസ്താനയിലെ അൽ- ഫത്താഹ് മസ്ജിദിൽ പഠിക്കുകയും ടീച്ചിംഗ് കൗൺസിലിന്റെ അധ്യക്ഷനാവുകയും ചെയ്തിരുന്നുരുന്നു. ഒന്നാം ലോക മഹാ യുദ്ധസമയത്ത് മിക്ക ക്ലാസുകളിലും മതശാസ്ത്രത്തിന് പകരം ആധുനിക ശാസ്ത്രം കൊണ്ടുവരാനുള്ള അവരുടെ പദ്ധതിയെ എതിർത്തതിന് ഫെഡറലിസ്റ്റുകൾ അദ്ദേഹത്തെ പീഡിപ്പിക്കുകയുണ്ടായി. പിന്നീട് ഒട്ടോമൻ സാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം, കെമാലിസ്റ്റുകൾ മതപണ്ഡിത വർഗ്ഗത്തിനെതിരെ അക്രമാസക്തമായ അടിച്ചമർത്തൽ ആരംഭിച്ചു. തന്റെ ജീവൻ അപകടത്തിലാകുമെന്ന് ഭയന്ന് കൗത്തരി കെയ്റോയിലേക്കും പിന്നീട് സിറിയയിലേക്കും ഒടുവിൽ കെയ്റോയിലേക്കും പാലായനം ചെയ്തു.

അദ്ദേഹം അക്ഷീണനായ ഒരു പണ്ഡിതനായിരുന്നു. അറബി, ടർക്കിഷ്, പേർഷ്യൻ, സർക്കാസിയൻ എന്നീ ഭാഷകളിൽ പ്രാവീണ്യം അദ്ദേഹത്തിന് ഉണ്ടായിരുന്നു. പ്രത്യക്ഷത്തിൽ, അൽ കൗത്തരിക്ക് അധികാരത്തിന് വേണ്ടത്ര അവകാശവാദം ഇല്ലാത്ത ഇസ്ലാമിക ശാസ്ത്രത്തിന്റെ ഒരു മേഖലയും ഇല്ല. കെയ്റോയിലേക്ക് താമസം മാറിയതി

ന് ശേഷം അദ്ദേഹം ഫിഖ്ഹ്, ഹദീസ്, ഉസൂൽ എന്നിവയുടെ എണ്ണമറ്റ ക്ലാസിക്കൽ പുസ്തകങ്ങൾ എഡിറ്റ് ചെയ്യുകയും അവ പ്രചാരത്തിലേക്ക് തിരികെ കൊണ്ട്വരികയും ചെയ്തു. പ്രത്യേകിച്ചും, ഹനഫി ചിന്താധാരയിലെ പ്രമുഖ വ്യക്തിത്വങ്ങളുടെ ഹ്രസ്വ ജീവചരിത്രങ്ങൾ അദ്ദേഹം എഴുതി. അദ്ദേഹം ഹനഫിക്കാരനും, മാത്രമല്ല മാതുരീദിയ്യയുടെ മുജദ്ദിദും കൂടിയാണ്.

അദ്ദേഹം 50 ഓളം രചനകൾ നടത്തിയിട്ടുണ്ട്. അതിൽ ചിലതാണ് *'മഖാലാതുൽ കൗത്തരി'*, *'അൽ ഉദ്വാൻ സ്വഫ്ഹാത് അൽ സ്വഫ്ഹാതിൽ ഉദ്വാൻ'*, *'ഫിഖ്ഹു അഹ്ലുൽ ഇറാഖി വഹദീസുഹും'*.

1952 ഓഗസ്റ്റ് 11 ന് (ഹിജ്റ 1371 ദുൽഖഅദ 19) എഴുപത്തിയഞ്ചാം വയസ്സിൽ അദ്ദേഹം വഫാതായി. ഖറാഫ അൽ-ഷാഫിയിലെ അബു അൽ- അബ്ബാസ് അൽ തുസിയുടെ ഖബറിനടുത്ത് അടക്കം ചെയ്തു.

**അവലംബം**

1. *തഹ്ഖീഖു തബ്യീനി കിസ്ബൽ മുഫ്തരീ*, മുഹമ്മദ് സാഹിദ്, മക്തബ അസഹരിയ്യ, പേ.27
2. *അൽ ആലിം വൽ മുതഅല്ലിം*, അബ്ദുൽ ഫുളൈൽ അൽ ഖൗസി

# കൊസോവൊ



**അബ്ദുൽ ഖാദർ അൽ അർണാവൂത്ത്**
**(1928 - 2004)**

# അബ്ദുൽ ഖാദർ അൽ അർണാവൂത്ത്
## (1928 - 2004)

**തയ്യാറാക്കിയത്:**
**മുഹമ്മദ് ത്വാഹ കാലടി**

ഇരുപതാം നൂറ്റാണ്ടിലെ ഹദീസിലെയും കർമ്മശാസ്ത്രത്തിലെയും പാണ്ഡിത്യത്തിൽ ജനസ്വാധീനം പിടിച്ചുപറ്റിയ അപാര പാണ്ഡിത്യത്തിന്റെ ഉടമയാണ് അബ്ദുൽ ഖാദർ അൽ അർണാവൂത്ത്.

എ.ഡി 1928 (ഹിജ്റ 1347) ൽ കൊസോവയിലെ വരേല എന്ന ഗ്രാമത്തിൽ ദരിദ്ര കുടുംബത്തിൽ ജനിച്ചു. തന്റെ മൂന്നാമത്തെ വയസ്സിൽ, മുസ്ലിംകൾക്കെതിരെയുള്ള സെർബിയൻ ഓപറേഷന്റെ പേരിൽ ഇദ്ദേഹവും കുടുംബവും ഡമസ്കസിലേക്ക് പലായനം ചെയ്തു. അവിടെ വെച്ച് കൊണ്ടാണ് അദ്ദേഹം തന്റെ വൈജ്ഞാനിക മുന്നേറ്റങ്ങൾക്ക് തുടക്കം കുറിക്കുന്നത്. ഡമസ്കസിലെത്തിയ ഇദ്ദേഹം അവിടെ വെച്ച് തന്നെ മതപഠനവും, ഭാഷാ പഠനവും ആരംഭിച്ചു.

ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ ഫർഫൂർ എന്നവരിൽ നിന്ന് അറബിയും തുടർന്ന് അബ്ദുറസാഖ് അൽ ഹബ്ലി, സ്വബ്ഹിൽ ഇത്വാർ, മഹ്മൂദ് ഫാഇസുദ്ദീൻ അത്വാനി എന്നീ പ്രമുഖ പണ്ഡിതരിൽ നിന്നും ഖുർആൻ, ഹദീസ്, ഫിഖ്ഹ് തുടങ്ങിയ വിഷയങ്ങളിൽ അറിവ് നുകരുകയും ചെയ്തു. വഹ്ബി സുലൈമാൻ ആവിജിയിൽ നിന്നും സ്വർഫ് പഠനം നടത്തി. സഈദ് ഉമർ അത്തൽയുബ് എന്ന പണ്ഡിതനും ഇദ്ദേഹത്തിന്റെ ഗുരുനാഥരിൽ പ്രഥമ ഗണനീയനാണ്.

മഹാൻ ദീനീ പ്രചരണത്തിന് വളരെയധികം പ്രാധാന്യം നൽകിയതിനാൽ തന്നെ അധ്യാപനത്തെ വളരെ സ്നേഹിച്ചിരുന്നു. വിദേശ രാജ്യങ്ങളിൽ സഞ്ചരിക്കുകയും മതപരമായി അവിടുത്തെ ജനങ്ങളെ

ഉദ്ബോധിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നു. അൽബാനി ജനങ്ങളിൽ തന്റെ വാക്ചാരുത കൊണ്ട് ഇസ്ലാം മതത്തെ അവതരിപ്പിക്കുകയും അവിടെ വളരെ വലിയ രീതിയിൽ ജനങ്ങളെ സ്വാധീനിക്കുകയും ചെയ്തതിനാൽ ഇദ്ദേഹത്തെ അന്നത്തെ മുഫ്തിയായ അബ്ദുൽ അസീസ് ബ്ൻ ബാൻ നല്ല രീതിയിൽ പ്രോത്സാഹനം നൽകിയിരുന്നു.

യഥാർത്ഥത്തിൽ, അദ്ദേഹത്തിന്റെ പഠനങ്ങളും അധ്യാപനങ്ങളും ധാരാളം ജനസ്വാധീനം ചെലുത്തിയതിനാൽ ബാൻ ചെയ്യപ്പെടുകയും യാതൊരു തെറ്റും ചെയ്യാതെ തന്നെ ജയിലിലടക്കപ്പെടുകയും ചെയ്തു.

ഹദീസിന്റെ ഉസൂലുകളിൽ അഗാധമായി പഠനം നടത്തിയ ഇദ്ദേഹം ഓരോ ഹദീസിന്റെയും സ്വഹീഹ്, ദഈഫ് മറ്റു ആധികാരികതയെ വേർതിരിക്കാൻ നൈപുണ്യം നേടി. അദ്ദേഹം ഇബ്നു ആതിരിന്റെ ജാമിഉൽ ഉസൂലിലെ വർക്കുകളുൾപ്പടെ അൻപതിൽ പരം എൻസൈക്ലോപീഡിയൻ വർക്കുകൾ അവശേഷിപ്പിച്ചിരുന്നു. മാത്രമല്ല ഇബ്നുൽ ഖയ്യൂമിന്റെ *'സആദുൽ മആദ്'*, ഇബ്ൻ അൽ ജവാസിയുടെ *'സആദുൽ മസീർ ഫീ ഇൽമിത്തഫ്സീർ'* തുടങ്ങിയ പല ഗ്രന്ഥങ്ങളും തഹ്ഖീഖ് ചെയ്തിട്ടുണ്ട്.

അദ്ദേഹത്തോട് പല മുതിർന്ന പണ്ഡിതന്മാരും വിവിധ വൈജ്ഞാനിക വിഷയങ്ങളിൽ അഭിപ്രായങ്ങൾ തേടാറുണ്ടായിരുന്നു. പല പണ്ഡിതർക്കും ഹദീസിലെ അവസാന വാക്ക് അബ്ദുൽ ഖാദർ അൽ അർണാവൂത്തിന്റെതായിരുന്നു.

തന്റെ എഴുപത്തിയെട്ടാം വയസ്സിൽ 2004 നവംബർ 26 (ഹിജ്റ 1425, ശവ്വാൽ)ന് ഡമസ്കസിൽ തന്റെ വീട്ടിൽ വെള്ളിയാഴ്ച രാവിലായിരുന്നു മഹാനവർകളുടെ മരണം. ധാരാളം ലൈബ്രറി പുസ്തകങ്ങളും കൈയ്യെഴുത്തുകളും ഡമസ്കസിലെ ഇസ്ലാമിക് ഓപൺ കോളേജിൽ ബാക്കിവെച്ചായിരുന്നു അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞത്.

**അവലംബം**

1. *റിലീജിയൻ ആൻഡ് സ്റ്റേറ്റ് ഇൻ സിറിയ*, തോമസ് പിയരറ്റ്
2. *താരീഖു തദ്വീനി സുന്നതുന്നബവി*, സയ്യിദ് അബ്ദുൽ മാജിദ് ഗൗരി, ദാറു ഇബ്നു കസീർ, വ.2018